# രണ്ടാം മുദ്ര

സ്നേഹിതരെ, സന്ധ്യാവന്ദനം. നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം ഒരു പ്രാർത്ഥനയ്ക്കായി നിമിഷത്തേക്ക് എഴുന്നേറ്റ് നില്ക്കാം.

2 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, ഇവിടെ വന്ന് അങ്ങയെ ആരാധിക്കാനായി വീണ്ടും ഇന്ന് രാത്രിയിൽ ഈ പരിശുദ്ധ സഭയിൽ ഞങ്ങൾ ഒരുമിച്ച് കൂടിയിരിക്കുന്നു. ഞങ്ങൾ എവിടെ കൂടിവന്നാലും, ഞങ്ങളിൽ രണ്ടോ മൂന്നോ പേർ നിന്റെ നാമത്തിൽ കൂടിവരുന്നിടത്ത് നീ ഞങ്ങളുടെ മദ്ധ്യേ വരാമെന്ന് അവിടുന്ന് ഞങ്ങൾക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നു. നീ ഇവിടെ സന്നിഹിതനായിരിക്കുന്നുവെന്ന് ഞങ്ങൾക്ക് തീർച്ചയാണ്, കാരണം ഞങ്ങൾ അവന്റെ നാമത്തിൽ ഒരുമിച്ച് കൂടിവന്നിരിക്കുന്നു.

3 ഇപ്പോൾ പിതാവേ, ഇന്ന് രാത്രിയിൽ നീ കടന്ന് വന്ന് ഈ രണ്ടാം മുദ്ര ഞങ്ങൾക്ക് വേണ്ടി പൊട്ടിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കവി പറഞ്ഞിരിക്കുന്നതു പോലെ, അവൻ കാലത്തിന്റെ തിരശ്ശീലക്കപ്പുറത്ത് നോക്കി കാണുവാൻ ആഗ്രഹിക്കുന്നു. കർത്താവേ, അതുതന്നെ ഞങ്ങളുടെ ആഗ്രഹവും, കഴിഞ്ഞുപോയ കാര്യങ്ങൾ കണ്ടുകൊണ്ട് എന്താണ് മുമ്പിൽ കിടക്കുന്നത് എന്ന് കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അറുക്കപ്പെട്ട ആ കുഞ്ഞാട് ഇപ്പോൾ ഞങ്ങളുടെ മദ്ധ്യേ വന്നിട്ട് ആ മുദ്ര പൊട്ടിച്ചു ഞങ്ങൾ അറിയേണ്ടതായ കാര്യങ്ങളിലേയ്ക്ക് നോക്കാനായി ഞങ്ങൾക്ക് വെളിപ്പെടുത്തി തരേണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4 കർത്താവേ, ക്രിസ്തുവിനോടൊപ്പമുള്ള ആ മഹത്വമേറിയ കൂട്ടായ്മയിൽ പ്രവേശിക്കാത്തവരായി ആരെങ്കിലും ഇവിടെ ഉണ്ടെങ്കിൽ. ഇന്ന് രാത്രിയിൽ, അവർ അവരുടെ നിത്യമായ തീരുമാനം എടുക്കുകയും, ദൈവത്തിന്റെ ആത്മാവിൽ നിറയപ്പെടാനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5 പിതാവേ, രോഗികളായിട്ട് ആരെങ്കിലും ഇവിടെ ഉണ്ടെങ്കിൽ, നീ അവരെ സൗഖ്യമാക്കേണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. വളരെയധികം തൂവാലകൾ പ്രാർത്ഥനക്കായി ഇവിടെ വെക്കപ്പെട്ടിരിക്കുന്നു, വേദപുസ്തകത്തിൽ, വിശുദ്ധ പൗലോസിന്റെ ശരീരത്തിൽ നിന്ന് റൂമാലുകളും ഉത്തരീയങ്ങളും, എടുത്ത് രോഗികളുടെ മേൽ ഇട്ടു, എന്ന് പറഞ്ഞിരിക്കുന്ന കാര്യത്തെ ഓർമിച്ച് കൊണ്ട് ഞാൻ

എന്റെ കൈകളെ അതിന്മേൽ വയ്ക്കുന്നു. അശുദ്ധാത്മാക്കൾ അവരെ വിട്ട് പോയി, അവർക്ക് സൗഖ്യം ലഭിച്ചു.

6 കർത്താവിന്റെ വരവ് സമീപിച്ചിരിക്കുന്നത് ഞങ്ങൾ കാണുന്നു. സമയം അടുത്തു വന്നു കൊണ്ടിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. ആയിരത്തി തൊള്ളായിരം വർഷങ്ങൾക്ക് ശേഷം ഈ കാര്യങ്ങൾ സഭയിലേയ്ക്ക് തിരികെ വന്നിരിക്കുന്നു.

7 ഇപ്പോൾ പിതാവേ, ഞങ്ങൾ അപേക്ഷിക്കുന്ന ഈ കാര്യങ്ങളെ ഞങ്ങൾക്ക് അനുവദിച്ച് തരേണമേ. കർത്താവേ, നിന്റെ ദാസനെ ശക്തീകരിക്കേണമേ, എല്ലായിടത്തുമുള്ള അങ്ങയുടെ ദാസന്മാരെ സഹായിക്കേണമേ, വിശേഷിച്ചും ഇന്ന് രാത്രിയിൽ ഇവിടെ കൂടിവന്നിരിക്കുന്നവരെ, അതിനാൽ നിന്റെ വചനത്തെ സ്വീകരിക്കാൻ ഞങ്ങൾക്കിടയാക്കേണമേ. യേശുവിന്റെ നാമത്തിൽ ഞങ്ങൾ ചോദിക്കുന്നു. ആമേൻ.

8 ഇന്ന് രാത്രിയിൽ ദൈവത്തിന്റെ ഭവനത്തിൽ വീണ്ടും ആയിരിക്കുന്നത് തീർച്ചയായും ഒരു നല്ല കാര്യമാകുന്നു. നിങ്ങളിൽ വളരെ പേരും നില്ക്കുന്നതായി ഞാൻ അറിയുന്നു, അതിന് ഞാൻ ഖേദിക്കുന്നു. അതിന് വേണ്ടി ഇനിയും കൂടുതലായി എന്തെങ്കിലും ചെയ്യാൻ കഷ്ടിച്ചേ നമുക്ക് കഴിയുകയുള്ളൂ. ഞങ്ങൾ—ഞങ്ങൾ ഈ ആരാധനാലയം മൂന്നോ നാലോ, അല്ലെങ്കിൽ മൂന്നൂറോ നാനൂറോ പേരെ കൂടി ഉൾക്കൊള്ളുവാൻ തക്കവണ്ണം വലുതാക്കിയിരിക്കുന്നു. എന്നാൽ ഇതുപോലെയുള്ള വിശേഷയോഗങ്ങളിൽ, സ്വല്പം കൂടുതലായി ജനങ്ങൾ കൂടുന്നതിന് ഇടയാക്കുന്നു.

9 ഇപ്പോൾ, ഒ, ഇപ്പോൾ ഈ—ഈ മുദ്രകളെകുറിച്ച് പഠിക്കുന്നതിനും പ്രാർത്ഥനയിൽ ആയിരിക്കുന്നതിനും ഒരു അത്ഭുതകരമായ സമയം എനിക്ക് ലഭിച്ചിരിക്കുന്നു. നിങ്ങൾക്കും അപ്രകാരം തന്നെ എന്ന് ഞാൻ ആശിക്കുന്നു. [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed.] നിങ്ങൾക്കും അങ്ങനെ ആയിരിക്കും എനിക്ക് തീർച്ചയാകുന്നു. ഇത് നിങ്ങൾക്ക് എത്രമാത്രം പ്രാധാന്യമർഹിക്കുന്നോ അപ്രകാരം തന്നെ എനിക്കും, ഇത് തീർച്ചയായും ഒരു...നിങ്ങൾക്ക് ഒരു അത്ഭുതകരമായ സമയം ലഭിച്ചിരിക്കുന്നു. എനിക്കും ഒന്നു കിട്ടി...

10 യോഗത്തിനു ശേഷം, എന്റെ ഒരു പെൺ കുട്ടുകാരിയെ വിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് അവളുടെ ജന്മ ദിനമാകുന്നു. അവൾക്ക് ഇന്ന് 12 വയസ്സായിരിക്കുന്നു, എന്റെ മകൾ, സാറയാകുന്നു. അതിന് ശേഷം മറ്റേന്നാൾ, ഞാൻ വേറൊരു വിളികൂടി നടത്തും, കാരണം അത് ബെക്കിയുടെ പിറന്നാളാകുന്നു.

11 ഇപ്പോൾ, ഇന്ന് രാത്രിയിൽ, നാം രണ്ടാം മുദ്രയെക്കുറിച്ച് പഠിക്കുന്നു. കാരണം ആദ്യത്തെ നാല് മുദ്രകൾക്കും നാല് കുതിര സവാരിക്കാരുണ്ട്. ഇന്ന് വീണ്ടും ഒരു കാര്യം സംഭവിച്ചു എന്ന് ഞാൻ നിങ്ങളോട് പറയട്ടെ. പിന്നെ, ഞാൻ—ഞാൻ, എന്തോ ചിലതായിട്ട് ഞാൻ...വളരെ നാളുകൾക്ക് മുമ്പ് ഇതിനെക്കുറിച്ച് സംസാരിച്ചിരുന്നതായ കുറച്ച് പഴയ കുറിപ്പുകൾ എടുത്തുകൊണ്ടുവന്ന് നോക്കുകയായിരുന്നു. ഞാൻ ഓർത്തു, “അതെ, എനിക്ക് കഴിയാവുന്നത്രയും നന്നായി ഞാൻ ചെയ്തിരിക്കുന്നു.” കൂടാതെ പല എഴുത്തുകാരും അതുപോലെയുള്ള കാര്യങ്ങളുമായിട്ട് ഞാൻ ഓർത്തു, “അതെ, ഞാൻ ഇത് സ്വല്പം വായിച്ചിട്ട് *ഇതിലേക്കും അതിലേക്കും* കടക്കാം.” ആദ്യത്തെ കാര്യം എന്താണെന്ന് നിങ്ങൾക്കറിയാമോ, എന്തോ സംഭവിച്ചു, അത് മൊത്തമായും വ്യത്യസ്തമായിരുന്നു. അത് വ്യത്യസ്തമായി വന്നിരുന്നു. അവന്റെ സാന്നിദ്ധ്യം അവിടെയുണ്ടായിരുന്ന ആ സമയത്തു തന്നെ, ഞാൻ പെട്ടെന്ന് പെൻസിൽ എടുത്തു കഴിയാവുന്നത്രയും വേഗത്തിൽ എഴുതാൻ തുടങ്ങി.

12 ഓ, അത് ഏകദേശം അരമണിക്കൂർ മുമ്പ് എന്തോ സംഭവിച്ചതായിരുന്നു. അല്പനേരം മുമ്പ്, ഞാൻ ഇങ്ങോട്ട് വരുമ്പോൾ, സഹോദരൻ വുഡ്സിനോട് പറയുകയായിരുന്നു. എന്തോ ചിലതായിരുന്നു, എന്നു നിങ്ങൾക്കറിയാം. നിങ്ങൾക്കറിയാമോ; ഇതുപോലുള്ള അനേക കാര്യങ്ങൾ സംഭവിക്കാറുണ്ട്, നിങ്ങൾക്കതിനെക്കുറിച്ച് പറയാൻ കഴിയില്ല. എന്നാൽ പെട്ടെന്നു തന്നെ ചിലത് സംഭവിക്കുകയും, അതെന്നെ വളരെയധികം സഹായിച്ചിരിക്കയും ചെയ്തിരിക്കുന്നു.

13 എന്റെ ഒരു സ്നേഹിതൻ ഈ കെട്ടിടത്തിൽ എവിടെയോ ഇരിക്കുന്നുണ്ട്. നിങ്ങൾ എല്ലാവരും എന്റെ സ്നേഹിതരാണ്, തീർച്ചയായും. അത്—അത് സഹോദരൻ ലീ വെയിൽ ആകുന്നു. അദ്ദേഹം ഒരു വിലയേറിയ സഹോദരനും, തിരുവചനത്തിന്റെ ഒരു യഥാർത്ഥ പണ്ഡിതനുമാണ്. ഡോക്ടർ. ലീ വെയിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ഒരു ബാപ്റ്റിസ്റ്റുകാരനാണ്. അവൻ ഒരു...ഞാൻ ഇത് പുകഴ്ത്തി പറയുന്നതല്ല; ഞാൻ ഇത് വിശ്വസിക്കുന്നതിന്റെ കാരണത്താൽ പറയുന്നത്. ഞങ്ങളുടെ സ്ഥാനങ്ങളിൽ അദ്ദേഹം എനിക്ക് അറിയാവുന്നവരിൽ വച്ചേറ്റവും നിപുണനായ വിദ്യാർത്ഥികളിൽ ഒരുവനാകുന്നു എന്ന് ഞാൻ വിചാരിക്കുന്നു. അദ്ദേഹം ഒരു ചെറിയ കുറിപ്പ് എഴുതി ബില്ലിയുടെ കൈവശം എന്റെ പക്കൽ കൊടുത്തുവിട്ടിരുന്നു. ബില്ലിക്ക് അത്

എന്താണെന്ന് പറയാൻ കഴിഞ്ഞിരുന്നില്ല. അപ്പോൾ ഞാൻ ചിന്തിച്ചു...ഞാൻ അത് വായിച്ചിരുന്നില്ല, എന്നാൽ അദ്ദേഹം അതിൽ പറഞ്ഞിരുന്ന കാര്യം ഞാൻ ഇവിടെ പറയാൻ പോകുകയായിരുന്നു. സഹോദരൻ വെയിൽ ഇപ്പോൾ നിങ്ങൾ ഇവിടെ ഉണ്ടെങ്കിൽ, ഞാൻ അതിപ്പോൾ വായിച്ചുനോക്കി. ഞാൻ ഏകദേശം ആറ് മാസങ്ങൾക്ക് മുമ്പ് ഇത് വായിച്ചിരുന്നു.

14 "എനിക്ക് തീർച്ചയല്ല," അദ്ദേഹം പറഞ്ഞു, "ബ്രദർ ബിൽ, എനിക്ക് തീർച്ചയല്ല, എന്നാൽ പോളികാർപ്പ്, വിശുദ്ധ യോഹന്നാന്റെ ശിഷ്യനായിരുന്നു എന്ന് ഞാൻ കരുതുന്നു." അതും കൃത്യമായും ശരിയാണ്. അവനായിരുന്നു. "ഇറേനിയസ് പറഞ്ഞു 'ക്രിസ്തുവിന്റെ ശരീരത്തിലെ തിരഞ്ഞെടുക്കപ്പെട്ട അവസാനത്തെ അംഗം വന്നുകഴിയുമ്പോൾ, യേശുവിന്റെ തിരിച്ച് വരവ് ഉണ്ടാകും.'"

15 അത് ഇറേനിയസ്, ക്രിസ്തു മരിച്ച് നാന്നൂറ് വർഷങ്ങൾക്ക് ശേഷം പറഞ്ഞിരുന്നതാണ്. അദ്ദേഹം പറഞ്ഞു, "ഈ അവസാനകാലം വരുമ്പോൾ..." അത് നിഖ്യാ സമിതിക്ക് മുമ്പ് എന്ന ചരിത്ര പുസ്തകത്തിലാകുന്നു. തിരുവെഴുത്ത് വായിക്കുകയും...പഠിക്കുകയും അതായത്...വേദപുസ്തകചരിത്രം പഠിക്കുന്നവരായ നിങ്ങൾക്ക് അത് പ്രീ-നിഖ്യാ കൗൺസിൽ എന്ന ചരിത്ര പുസ്തകത്തിൽ കണ്ടുപിടിക്കാൻ കഴിയും. അതിന്റെ ഒന്നാമത്തെയോ അല്ലെങ്കിൽ രണ്ടാമത്തെയോ ഭാഗത്തിൽ അത് കണ്ടുപിടിക്കാനാകുമെന്ന് ഞാൻ കരുതുന്നു. ഇപ്പോൾ അനേക വർഷങ്ങൾക്ക് മുമ്പ്, അദ്ദേഹം അത് കണ്ടിട്ട്, പറഞ്ഞു "അവസാനത്തെ അവസാനത്തെ—അവസാനത്തെ തിരഞ്ഞെടുക്കപ്പെട്ട അംഗം കൂടി വരേണ്ടിയിരിക്കുന്നു."

16 തിരഞ്ഞെടുപ്പ് എന്ന കാര്യത്തെക്കുറിച്ച് ജനങ്ങൾ വിചാരിക്കുന്നത് അത് എന്തോ ഈ അടുത്തകാലത്ത് ആസൂത്രണം ചെയ്തിരിക്കുന്ന കാര്യമാകുന്നു എന്നാണ്. എന്റെ! അത് നമുക്കുള്ള ഏറ്റവും പഴയ ഉപദേശങ്ങളിൽ ഒന്നാകുന്നു; തിരഞ്ഞെടുപ്പും വിളിയും. അതുകൊണ്ട് ഇറാനീയോസ്, തിരുവെഴുത്തിന്റെ ഒരു യഥാർത്ഥ പണ്ഡിതനായിട്ട്, എല്ലായ്പ്പോഴും തിരഞ്ഞെടുപ്പിൽ വിശ്വസിച്ചിരുന്നു എന്ന് തീർച്ചയാണ്.

17 അങ്ങനെ നാം പഠിക്കുകയും, കാണുകയും ചെയ്തിരുന്നതു പോലെ ഇറേനിയസ് സഭയുടെ ഒരു ദൂതനായിരുന്നു. നാം വിശ്വസിക്കുന്നു. കാലഗതിക്കനുസരിച്ച്, ഇപ്പോൾ അതെല്ലാം രഹസ്യങ്ങളായിരുന്നു. ഇവയെല്ലാം ഇവിടെത്തന്നെ ഈ മുദ്രകളിൽ മറഞ്ഞുകിടന്നിരുന്നതായി, നിങ്ങൾ തന്നെ കാണുന്നു. ഇതെല്ലാം അന്ത്യകാലത്ത് വെളിപ്പെടേണ്ടിരിക്കുന്നു. എപ്രകാരം അത് പൌലൊസിൽ നിന്ന് തുടങ്ങിയിട്ട് ഇറേനിയസ്, മാർട്ടിൻ,

അങ്ങനെ ഓരോരുത്തരിൽ കൂടെ ഈ താഴേയ്ക്ക് അവസാനകാലത്ത് എത്തിചേർന്നിരിക്കുന്നു.

18 ഇപ്പോൾ, ഇന്നു രാത്രിയിൽ കർത്താവ് നമ്മുടെ പ്രയത്നങ്ങളെ അനുഗ്രഹിക്കുമെന്ന് നാം ആശിക്കുന്നു. ഇപ്പോൾ നാം ആയിരുന്നിട്ട്... ഒന്നാം മുദ്ര, തീർച്ചയായും ഞാൻ അതിൽ ആനന്ദിച്ചിരിക്കുന്നു. ഒന്നാം മുദ്ര, അതിന്റെ അനുഗ്രഹങ്ങൾ എനിക്കായി, എന്നോടൊപ്പം വന്നിരിക്കുന്നു!

19 ഇപ്പോൾ ഞാൻ—ഞാൻ നിങ്ങളെ ദീർഘനേരം ഇരുത്താൻ ആഗ്രഹിക്കുന്നില്ല. എന്നാൽ, ഈ യോഗം കഴിഞ്ഞാലുൻ തന്നെ, കുറച്ച് രാത്രികൾക്കായി, എനിക്ക് വീണ്ടും പോകേണ്ടതുണ്ട്. അതുകൊണ്ട് കുറച്ച് സമയം നമുക്ക് ഒരുവിധം സഹിക്കേണ്ടതായി വരും. പിന്നെ ഞാൻ വിലമതിക്കുന്നത്...

20 സഹോദരൻ ജൂനിയർ ജാക്സൺ അവിടെ നില്ക്കുന്നത് ഞാൻ കാണുന്നു. ഞാൻ...ഇവിടെ എവിടെയോ സഹോദരൻ റൂഡേലിനെ കുറച്ച് നേരം മുമ്പ് കണ്ടതായി ഞാൻ കരുതുന്നു. ആ സഹോദരന്മാർ നമ്മുടെ സഹോദരി സഭകളായിട്ട്, മറ്റുള്ളവരും അവരുടെ ജനങ്ങളെയും ഇവിടേയ്ക്ക് വിട്ടിരിക്കുന്നു. നാം തീർച്ചയായും അത് വിലമതിക്കുന്നു. യൂത്തിക്കായിൽ നിന്ന് സഹോദരൻ ഡ്രപ്പറിനെയും സഭയെയും കാണുന്നു, അദ്ദേഹം ഭിത്തിയോട് ചാരി നില്ക്കുന്നതായി ഞാൻ കരുതുന്നു. തീർച്ചയായും നിങ്ങളുടെ എല്ലാവരുടെയും ഇതിലേക്കുള്ള നല്ല സഹകരണത്തെ ഞങ്ങൾ വിലമതിക്കുന്നു.

21 ഇപ്പോൾ, ഇന്നലെ വൈകിട്ട്, നാം എല്ലായ്പ്പോഴും ഇഷ്ടപ്പെടാറുള്ളതു പോലെ, മുദ്രകളെക്കുറിച്ച് പ്രസംഗിക്കുമ്പോൾ, അത് സഭാകാലങ്ങളെകുറിച്ച് പഠിപ്പിക്കുമ്പോൾ ചെയ്തത് പോലെ തന്നെയായിരുന്നു. കഴിഞ്ഞ പ്രാവശ്യം സഭാകാലങ്ങളുടെ ഉപദേശത്തെ പൂർത്തിയാക്കി കഴിഞ്ഞപ്പോൾ നാം ഇവിടെ പ്രസംഗപീഠത്തിലുണ്ടായിരുന്ന ഒരു ബോർഡിൽ അത് വരച്ച് കാണിച്ചു അപ്പോൾ എന്താണ് സംഭവിച്ചതെന്ന് എത്രപേർ ഓർക്കുന്നുണ്ട്? അവൻ ഒരു വെളിച്ചമായി ഇറങ്ങിവന്ന്, നേരെ ആ ഭിത്തിയിലേക്ക് പോയി, നമ്മുടെ എല്ലാവരുടെയും മുമ്പിൽവച്ച്, അവൻ സ്വയം അത് വരച്ച് കാണിച്ചു. ദൈവത്തിന്റെ ദൂതൻ നൂറിന്റെ പലമടങ്ങ് ജനങ്ങളുടെ മുമ്പിൽവച്ച് ഇവിടെ നിന്നുകൊണ്ട് തന്നെ അത് ചെയ്തു.

22 അവൻ—അവൻ ഇപ്പോഴും അമാനുഷികമായ ചില കാര്യങ്ങൾ ചെയ്യുന്നു, അതിനാൽ നാം മഹത്തായ കാര്യങ്ങൾ പ്രതീക്ഷിക്കുകയാണ്. നമുക്കറിയില്ല...എന്നാൽ ആ മഹത്തായ

പ്രതീക്ഷയോടെ കാത്തിരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അടുത്ത് എന്തു സംഭവിക്കുമെന്നുള്ളതിനെ കുറിച്ച് യാതൊന്നും അറിയാതെ കാത്തിരിക്കുക മാത്രം ചെയ്യുന്നു. ഇപ്പോൾ ദൈവം നമുക്ക് എത്രവലിയവനും എത്ര അത്ഭുതവാനുമാകുന്നു! നാം അവനെ അത്രമാത്രം വിലമതിക്കുന്നു!

23 ഇപ്പോൾ, ഒന്നും രണ്ടും വാക്യങ്ങൾ, ഇതിനൊരു ചെറിയ പശ്ചാത്തലം നൽകാനായി, ഞാൻ വായിക്കുന്നു. അതിനുശേഷം മൂന്നും നാലും വാക്യങ്ങൾ രണ്ടാം മുദ്രയ്ക്കായി എടുക്കുന്നതാണ്. അതിനുശേഷം 5-ഉം, 6-ഉം വാക്യങ്ങൾ മൂന്നാം മുദ്രയാകുന്നു. ഏഴും എട്ടും വാക്യങ്ങൾ...ഓരോ കുതിര സവാരിക്കാരനും ഈ രണ്ട് വാക്യങ്ങൾ വച്ചാകുന്നു. ഇപ്പോൾ നിങ്ങൾ ഈ വ്യക്തികളെ ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു...ഒരുപക്ഷേ, ഈ തവിട്ടു നിറത്തിൽ...ഇതാ ഇവിടെ വരുന്നു, അത് താഴേയ്ക്ക് പോകുന്തോറും മാറിക്കൊണ്ടിരിക്കുന്നു.

24 അതിനുശേഷം ആ മഹത്തായ മുദ്ര, അവസാനത്തെ മുദ്ര തുറക്കപ്പെടേണ്ടതാകുന്നു, കർത്താവ് അനുവദിച്ചാൽ, അടുത്ത ഞായറാഴ്ച! അത്, സംഭവിച്ചപ്പോൾ അവിടെ ഒരു കാര്യം മാത്രമേ സംഭവിച്ചുള്ളൂ, "സ്വർഗ്ഗത്തിൽ അര നാഴിക നേരം മൗനതയുണ്ടായി." ദൈവം നമ്മെ സഹായിക്കട്ടെ.

25 ഇപ്പോൾ ഞാൻ മൂന്നാം വാക്യം വായിക്കും.

> *അവൻ രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു രണ്ടാം ജീവി പറയുന്നത് ഞാൻ കേട്ടു.*
>
> *അപ്പോൾ ചുവന്നതായ മറ്റൊരു കുതിര*...(4-ാം വാക്യം) *പുറപ്പെട്ടു; അതിന്റെ പുറത്തു ഇരിക്കുന്നവന്നു മനുഷ്യർ അന്യോന്യം കൊല്ലുവാൻ...തക്കവണ്ണവും ഭൂമിയിൽ നിന്നു സമാധാനം എടുത്തു കളയേണ്ടതിന്നു...അധികാരം ലഭിച്ചു; ഒരു വലിയ വാളും അവന്നു കിട്ടി.*

26 ഇപ്പോൾ, "വന്നു കാണുക," എന്ന് ജീവി യോഹന്നാനോട് പറയുമ്പോൾ, ഇതൊരു നിഗൂഢമായ കാര്യമായിരുന്നു. അത് എന്തായിരുന്നു എന്ന് അവൻ കണ്ടില്ല. അവൻ അതിന്റെ ഒരു പ്രതിരൂപം മാത്രം കണ്ടു. ആ പ്രതിരൂപം, അതിന്റെ കാരണം എന്തെന്നാൽ...അവൻ പറഞ്ഞു, "വന്നു, കാണുക," അവൻ കണ്ടത് ഒരു പ്രതിരൂപമായിരുന്നു, അത് സഭയ്ക്ക്, അവൻ ഒരു പ്രതിരൂപമായി കൊടുത്തതിന്റെ കാരണമെന്തെന്നാൽ, അവർ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നതിനു വേണ്ടിയായിരുന്നു; അതുകഴിഞ്ഞ്

അവസാന കാലം വരികയും, ആ മുദ്രകൾ തുറക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.

27 ഇപ്പോൾ ഇത് എല്ലാവർക്കും മനസ്സിലായല്ലോ; മുദ്രകൾ തുറക്കപ്പെട്ടിരിക്കണം. ഈ കാലത്തിൽ നാം ജീവിക്കുന്നതിൽ നിങ്ങൾ സന്തോഷമുള്ളവരല്ലേ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed.] അതു, നോക്കൂ, അതുമാത്രമല്ല, സ്നേഹിതരെ, എന്നാൽ എല്ലായ്പ്പോഴും ഇത് ഓർക്കുക, കഴിഞ്ഞ ഞായറാഴ്ച രാവിലെ, ഈ കാര്യം മുഴുവൻ കാര്യങ്ങളും ഒരു എളിമയിലാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്! കാണുന്നോ? എളിമ, താഴ്മയിൽ, ഇത് സംഭവിച്ചിട്ട്, ജനങ്ങൾ ഇത് സംഭവിച്ചു എന്നുപോലും അറിയാതെ അതിനു മുകളിലൂടെ മറികടന്ന് പോകുന്നു.

28 ഓർക്കുക, നാം എതു സമയത്തും കർത്താവിന്റെ, വരവിനെ നോക്കിക്കൊണ്ടിരിക്കുന്നു. ചിലപ്പോൾ നാം...ഒരുപക്ഷേ, മേഘങ്ങളിലേക്കുള്ള എടുക്കപ്പെടലും അപ്രകാരം തന്നെ സംഭവിക്കും, എന്ന് ഒരു പ്രസ്ഥാവന ഞാൻ നടത്തിയിരുന്നു. അത് പൊയ്ക്കഴിഞ്ഞിരിക്കുകയും, സംഭവിച്ചു കഴിഞ്ഞിരിക്കുകയും, ആരും അതിനെക്കുറിച്ച് യാതൊന്നും തന്നെ അറിയുകയുമില്ല. അത് ഇതു പോലെയാണ് വരുന്നത്. കാണുന്നോ? സാധാരണ... ബൈബിളിലേക്ക് തിരികെപോയി എപ്രകാരമാണ് അതുപോലെ സംഭവിച്ചിരിക്കുന്നതെന്ന് നോക്കുക.

29 കർത്താവായ യേശുക്രിസ്തുവിന്റെ മഹത്തായ ആ വരവു പോലും, ആരും അതിനെക്കുറിച്ച് അറിഞ്ഞിരുന്നില്ല. "അതൊരു ഭ്രാന്തനെന്നോ, അതുപോലെ ആരോ ആകുന്നു," എന്നാണ് അവർ വിചാരിച്ചിരുന്നത്. സഭകൾ പറഞ്ഞു, "ഒരു മതഭ്രാന്തൻ. ഞങ്ങൾ... അവൻ വാസ്തവമായും ഒരു ഭ്രാന്തനാണ്." പറഞ്ഞു, "അവൻ ഒരു ഭ്രാന്തു പിടിച്ച മനുഷ്യനാണ്." "നിനക്ക് ഭ്രാന്താണെന്ന് ഞങ്ങൾക്കറിയാം." *ഭ്രാന്ത്* എന്നുവച്ചാൽ "തലയ്ക്ക് സ്ഥിരതയില്ല," എന്ന് അർത്ഥമാക്കുന്നു. "നിനക്കൊരു ഭൂതമുണ്ടെന്ന് ഞങ്ങൾ അറിയുന്നു. അതാണ് നിന്നെ ഭ്രാന്തനാക്കി ഓടിക്കുന്നത്. എന്നിട്ടും നീ ഞങ്ങളെ പഠിപ്പിക്കാൻ ശ്രമിക്കുന്നോ? നീ നിയമാനുസൃതമല്ലാത്ത സന്തതിയായി ജനിച്ചവനാകുന്നു. ഞങ്ങൾ...നീ വ്യഭിചാരത്തിൽ ഉണ്ടായവനാണ്. ദേവാലയത്തിൽ ഞങ്ങളെപ്പോലെയുള്ള മനുഷ്യരെ, പുരോഹിതന്മാരെയും, അങ്ങനെയുള്ളവരെയും മറ്റും പഠിപ്പിക്കാൻ ശ്രമിക്കുന്നോ?" കൊള്ളാം, എന്റെ, അത് അവർക്ക് ഒരു ആക്ഷേപമായിരുന്നു.

30 യെശയ്യാവ് തൊട്ട് മലാഖിവരെയുള്ള കാലത്തോളം അവനെക്കുറിച്ച് പറഞ്ഞിരുന്നതുമായി, യോഹന്നാൻ വന്നു. അത് ആയിരിത്തിയിരുന്നൂറ്...അല്ല എഴുനൂറ്റിപന്ത്രണ്ട് വർഷം മുമ്പ്, അവൻ വരുന്നതായി പ്രവാചകന്മാർ കണ്ടിരുന്നു. എല്ലാവരും അവന്റെ വരവിനായി കാത്തിരിക്കുകയും ഏതു സമയത്തും അവന്റെ വരവിനെ പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ അവൻ വന്ന വിധവും, അവൻ പ്രസംഗിക്കുകയു, അവന്റെ ശുശ്രൂഷയെ തികച്ചിട്ട്, മഹിമയിലേയ്ക്ക് പോകുകയും ചെയ്തു.

31 അപ്പോസ്തലന്മാർക്ക് പോലും അതറിയില്ലായിരുന്നു, അതിനാൽ അവർ അതിനെക്കുറിച്ച് അവനോട് ചോദിച്ചു. "മനുഷ്യപുത്രൻ യെരുശലേമിലേയ്ക്ക് പോയി, ഈ കാര്യങ്ങളെല്ലാം അനുഭവിക്കണമെങ്കിൽ, പിന്നെ ഏലിയാവ് അതിനുമുമ്പേ വരേണ്ടതാണെന്ന് തിരുവെഴുത്ത് പറയുന്നത് എന്തുകൊണ്ടാണ്?"

32 യേശു പറഞ്ഞു, "അവൻ വന്നു കഴിഞ്ഞു, നിങ്ങൾ അവനെ അറിഞ്ഞു കൊണ്ടില്ല. അവൻ വരികയും, തിരുവെഴുത്തിൽ അവൻ പറഞ്ഞിരുന്ന പ്രകാരം ചെയ്യുകയും ചെയ്തു. അവർക്ക് തോന്നിയതെല്ലാം അവർ അവനോടു ചെയ്തു." മനസ്സിലായോ? അവർക്ക് അത് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. അവൻ പറഞ്ഞു, "അത് യോഹന്നാൻ ആയിരുന്നു."

അപ്പോൾ, "ഒ!" അവർ—അവർക്ക് അത് എന്താണെന്ന് മനസ്സിലായി. അവർ...

33 അതുപോലെ തന്നെ, അവൻ—അവനും ആ കാര്യങ്ങളെല്ലാം ചെയ്തതിനുശേഷം, അവൻ അവരെ വിളിക്കുകയും, അവർക്ക് അടയാളങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്തിരുന്നു. "നിങ്ങളിൽ ആർ എന്നെ പാപത്തെ കുറിച്ച്, അവിശ്വാസത്തെക്കുറിച്ച് ബോധം വരുത്തുന്നു," എന്ന് ചോദിച്ചു. "ഞാൻ ഈ ലോകത്തിൽ വരുമ്പോൾ ചെയ്യുമെന്ന് തിരുവെഴുത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ചെയ്തില്ലെങ്കിൽ, പിന്നെ ഞാൻ എവിടെയാണ് പാപം ചെയ്തിരിക്കുന്നതെന്ന് കാണിക്കുക. മനസ്സിലായോ? അതിന്ശേഷം, നിങ്ങൾ ആരായിരിക്കേണ്ടതാണ് എന്നു ഞാൻ നിങ്ങൾക്ക് കാണിച്ച് തരാം, നിങ്ങൾ വിശ്വസിക്കുമോ ഇല്ലയോ എന്ന് നമുക്ക് നോക്കാം." മനസ്സിലായോ? അവൻ നേരെ നടന്ന് വന്ന് അവരോട്, "ഞാൻ വന്നപ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടവരായിരുന്നു," എന്ന് അവന് പറയാമായിരുന്നു. അവർ അത് ചെയ്തില്ല, നോക്കു, അതുകൊണ്ട് ആ കാര്യത്തിൽ അവന്റെ മേൽ തന്നെ അത് ഇടുവാൻ അവർ നല്ലവണ്ണം അറിഞ്ഞിരുന്നു. എന്നാൽ അവൻ ചോദിച്ചു. "നിങ്ങളിൽ ആർക്ക്

എന്നെ അവിശ്വാസിയായി കുറ്റപ്പെടുത്താൻ കഴിയും? കാണുന്നോ? ഞാൻ ചെയ്യുമെന്ന് പറഞ്ഞിരുന്ന കാര്യങ്ങൾ ഞാൻ ചെയ്തില്ലേ?"

34 അവന്റെ ഒപ്പം നടന്നിരുന്ന അപ്പോസ്തലന്മാർ പോലും ഇടറിപ്പോയി. തിരുവെഴുത്ത് എപ്രകാരം പറയുന്നു എന്ന് നമുക്കറിയാം. അങ്ങനെ അവസാനം, അവർ പറഞ്ഞു, "ഇപ്പോൾ ഞങ്ങൾ വിശ്വസിക്കുന്നു. നീ സകലവും അറിയുന്നു എന്നും, ആരും നിന്നോട് ചോദിപ്പാൻ ആവശ്യമില്ലാ എന്നും ഞങ്ങൾ ഇപ്പോൾ അറിയുന്നു."

35 ഇപ്പോൾ, അവന്റെ മുഖഭാവം എന്തായിരുന്നിരിക്കും എന്ന് കാണാൻ ഞാൻ ആഗ്രഹിക്കുന്നു. അവൻ അവരെ നോക്കിയിട്ട് അവരോട് ചോദിച്ചിട്ടുണ്ടാകണം? "കൊള്ളാം, നിങ്ങൾ ഇപ്പോൾ വിശ്വസിക്കുന്നോ? അവസാനം നിങ്ങൾക്ക് അത് വ്യക്തമായിരിക്കുന്നു." അതെ, ആ സമയം വരെയും അപ്രകാരം ഗ്രഹിക്കണം എന്നു തീരുമാനിച്ചിരുന്നില്ലെന്നു, നിങ്ങൾ കാണുക. ദൈവം എല്ലാകാര്യങ്ങളും അതിന്റേതായ സമയത്ത് ശരിയായി ചെയ്യുന്നു, അതിനായി ഞാൻ—ഞാൻ അവനെ സ്നേഹിക്കുന്നു.

36 ഇപ്പോൾ, നാം നമ്മുടെ കാലഘട്ടത്തെ കുറിച്ച് ചിന്തിക്കുന്നു. കാരണം, ഞാൻ അതിനെ കുറിച്ച് പറഞ്ഞു കൊണ്ടിരുന്നാൽ, നമുക്ക് ഈ മുദ്രകളിൽ ഒരിക്കലും, കടക്കാൻ കഴിയില്ല.

37 ഓർക്കുക, രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കാനായി എനിക്ക് വളരെയേറെ അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഞാൻ പ്രാർത്ഥിക്കുന്നത്...എനിക്ക് ലഭിക്കുന്ന ഓരോ അപേക്ഷക്കായും, തുവാലകൾക്കും വേണ്ടി ഞാൻ എല്ലായ്പ്പോഴും പ്രാർത്ഥിക്കുന്നു. ഈ മുദ്രകളിൽ കടന്നിട്ട്, അതിന്റെ അവസാന മുദ്രവരെ, നമുക്ക് ഞായറാഴ്ചകൊണ്ട് തീർക്കാൻ കഴിഞ്ഞാൽ...കർത്താവ് അനുവദിച്ചാൽ നമുക്കൊരു നല്ല പഴയ പരിഷ്ക്കാരത്തോടു കൂടിയ രോഗസൗഖ്യത്തിന്റെ പ്രാർത്ഥനാ യോഗം, അവിടെ രോഗികൾക്ക് വേണ്ടി മുഴുവൻ രാവിലെ സമയവും എടുത്തുകൊണ്ട് നമുക്കു ചെയ്യാൻ കഴിയും. അതൊരു ആശ്ചര്യമായ രോഗസൗഖ്യത്തിന്റെ യോഗമായിരിക്കുമെന്ന് എനിക്ക് നല്ല തീർച്ചയാണ്. കാണുന്നോ? എനിക്കതു പോലുള്ള ഒരു തോന്നൽ ഇപ്പോൾ ഉണ്ടായിരിക്കുന്നു. അതുകൊണ്ട്, അത് വിചിത്രമായിരിക്കുകയില്ല, എന്നാൽ ചിലർക്ക് അതൊരു സ്വല്പം വിചിത്രമായിരിക്കുമെന്ന് ഞാൻ അർത്ഥമാക്കുന്നു, ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്നു, കാണുക.

38 ഇപ്പോൾ, ഈ കാലത്ത് ദൈവം തന്റെ രഹസ്യങ്ങളെ നമുക്ക് വെളിപ്പെടുത്തുവാൻ, ദൈവത്തിന്റെ കൃപ എത്ര വലുതായിരിക്കുന്നു! അന്ത്യകാലത്ത് നാം ജീവിക്കുന്നതെന്ന് നാമെല്ലാം വിശ്വസിക്കുന്നു.

നമ്മൾ അത് വിശ്വസിക്കുന്നു. ഓർക്കുക, ആ രഹസ്യങ്ങൾ ഈ അന്ത്യകാലത്ത് വെളിപ്പെടേണ്ടിയിരിക്കുന്നു. അവൻ എങ്ങനെയാണ് തന്റെ വചനത്തെ, തന്റെ രഹസ്യങ്ങളെ വെളിപ്പെടുത്തുന്നതെന്നു ബൈബിൾ പറയുന്നു? അവൻ അത് എവിടെയാണ് പറഞ്ഞിരിക്കുന്നതെന്ന് നിങ്ങൾ വായിക്കാൻ ആഗ്രഹിക്കുന്നോ? അവൻ എങ്ങനെയാണ് തന്റെ രഹസ്യങ്ങളെ വെളിപ്പെടുത്തുന്നതെന്ന് നമുക്ക് ബൈബിൾ തുറന്ന് നോക്കാം.

39 ഇപ്പോൾ ഞാൻ ആമോസിൽ നിന്നും വയിക്കാൻ ആഗ്രഹിക്കുന്നു. ആമോസിന്റെ പുസ്തകത്തിലേക്ക് തിരിച്ച് അതിന്റെ 3-ാം അദ്ധ്യായം 7-ാം വാക്യം വായിക്കാം. ശരി. ഞാൻ 6-ാം വാക്യം കൂടി വായിക്കുന്നു.

> *നഗരത്തിൽ കാഹളം ഊതുമ്പോൾ ജനം പേടിക്കാതിരിക്കുമോ? യഹോവ വരുത്തീട്ടല്ലാതെ നഗരത്തിൽ അനർത്ഥം ഭവിക്കുമോ?*
>
> *യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല.*

40 ഇപ്പോൾ, അന്ത്യകാലത്ത്, നാം ആകുന്നു...ഒരു—ഒരു പ്രവാചകൻ എഴുന്നേല്ക്കുമെന്ന് നമ്മോട് മുൻകൂട്ടി പറഞ്ഞിരുന്നു.

41 എല്ലാ തരത്തിൽപ്പെട്ടതും നമുക്കുണ്ടായിരിക്കുന്നു എന്ന് നമുക്കറിയാം. ഇന്നു രാത്രിയിൽ ചുറ്റുപാടുമായി ഞാൻ നോക്കുമ്പോൾ, ഞാൻ സംസാരിക്കുന്ന ഈ സ്ഥലത്ത് വിദ്യാർത്ഥികൾ ഇരിപ്പുണ്ടെന്ന് ഞാൻ തിരിച്ചറിയുകയും, നിങ്ങൾ എന്നെ മനസ്സിലാക്കാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതുമല്ല ഈ ടേപ്പുകൾ ലോകത്തിൽ എല്ലായിടത്തും, ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേരുമെന്ന് നിങ്ങൾ മനസ്സിലാക്കണം എന്നു ഞാൻ ആശിക്കുന്നു. അതുകൊണ്ട് ഒരു കാരണവശാലും, ഞാൻ ഇത് ഒരു തരത്തിൽപ്പെട്ട ഏലിയാവിന്റെ പുതപ്പോ, അങ്കിയോ എന്നതുപോലെയുള്ള ഒരു മതഭ്രമം നിങ്ങളിൽ കുത്തിവയ്ക്കാൻ ശ്രമിക്കുകയല്ല എന്ന് നിങ്ങൾ അറിഞ്ഞിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ വക കാര്യങ്ങൾ, നമുക്ക് ധാരാളമുണ്ട്. എന്നാൽ ആ കാര്യങ്ങളെല്ലാം, വരുവാനിരിക്കുന്ന ആ യഥാർത്ഥ കാര്യത്തിന്റെ ഒരു മുന്നോടിയായി പോയി ജനങ്ങളെ യാഥാർത്ഥ്യത്തിൽ നിന്നും വഴി തെറ്റിക്കുന്നതാകുന്നു.

42 ക്രിസ്തു വരുന്നതിന് മുമ്പ് കള്ള—കള്ള ഉപദേഷ്ടാക്കൾ, കള്ള മിശിഹാമാർ, എഴുന്നേല്ക്കുമെന്നുള്ള കാര്യം നിങ്ങൾക്കറിയാമോ? എഴുന്നേറ്റില്ലേ, അത് ചെയ്തില്ലേ...ആ കാലത്തെ ഉപദേഷ്ടാവായിരുന്ന,

ആ പ്രഗത്ഭ ഉപദേഷ്ടാവായിരുന്ന, ഗമാലിയേൽ തന്നെ അപ്പോസ്തലന്മാരെ അടിക്കുന്ന ചോദ്യവും അതുപോലെയുള്ള കാര്യങ്ങളും ഉണ്ടായപ്പോൾ, അവൻ പറഞ്ഞു, "അവരെ ഒറ്റയ്ക്ക് വിട്ടേയ്ക്കുക, അത് ദൈവികം എന്ന് വരികിൽ, നിങ്ങൾ ദൈവത്തോട് പോരാടുന്നു എന്ന് വരുമല്ലോ. എന്നാൽ അത് ദൈവീകം അല്ലെങ്കിൽ..." ചോദിച്ചു, "കുറെ നാളുകൾക്ക് മുമ്പ് ഒരു മനുഷ്യൻ എഴുന്നേറ്റ് ഏകദേശം നാനൂറു പേരെ അവനോട് ചേർത്തു വനാന്തരത്തിലേയ്ക്കും മറ്റും പോയി, അവരെല്ലാം ചിതറിപ്പോയില്ലേ? നമുക്ക് ഈ വക കാര്യങ്ങൾ ഉണ്ടായിരുന്നു." എന്തായിരുന്നു അത്? എല്ലാം യഥാർത്ഥ കാര്യം വരുന്നതിന് മുമ്പ് മുന്നോടിയായിട്ടുള്ള സംഭവങ്ങളാകുന്നു.

43 നോക്കൂ, സാത്താൻ ആ കാര്യങ്ങളെ ഉയർത്തിക്കൊണ്ട് വരുന്നു. നാം ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നതായ സാത്താൻ എന്ന ഈ വ്യക്തിയുടെ ചാതുര്യത്തെ ശ്രദ്ധിക്കുക; തിരുവെഴുത്ത് വഴിയായി നാം അവനെ ഇപ്പോൾ വെളിപ്പെടുത്തുകയും, നഗ്നനാക്കി കാണിക്കുകയും ചെയ്തിട്ട്, അവൻ ആരാകുന്നു എന്ന് നിങ്ങൾ കാണുന്നതിനിടയാകുന്നു. അതാണ്...അതാണ് ചെയ്തിരിക്കേണ്ടതായ കാര്യം.

44 കൂടാതെ, നിങ്ങൾ ഓർക്കുക, അവൻ പോയിട്ട്, ഒരു കമ്മ്യൂണിസ്റ്റ് ആയിരിക്കാൻ ശ്രമിച്ചിട്ടില്ല, സാത്താൻ ചെയ്തിട്ടില്ല. അവൻ എതിർ ക്രിസ്തുവാകുന്നു. "അത്രയും അടുത്തായിട്ട്," യേശു പറഞ്ഞു, "വൃതന്മാരെയും തെറ്റിച്ച് കളയും..." അവരാണ്, ലോകസ്ഥാപനം മുതൽ മുമ്പെ പുസ്തകത്തിൽ പേരെഴുതിയിട്ടുള്ളവരായി ഈ മുദ്രകളുടെ കീഴിൽ മറയ്ക്കപ്പെട്ടിരിക്കുന്നത്.

45 അവൻ ഒരു കൗശലക്കാരനായ വ്യക്തിയാകുന്നു. ഈ കാര്യങ്ങൾ വരുന്നത് കാണുമ്പോൾ, കടന്നുവരുന്നത് കാണുമ്പോൾ, അത് ഇവിടെ സംഭവിക്കുന്നതിന് മുമ്പായി, അതിനെ തകിടം മറിച്ച് കളയാൻ അവനാൽ കഴിയുന്ന സകല കാര്യങ്ങളും വലിച്ചിടുന്നു. അന്ത്യ കാലത്ത് കള്ളക്രിസ്തുക്കൾ എഴുന്നേല്ക്കുമെന്നുള്ള കാര്യം നിങ്ങൾക്കറിയാമോ? ഇത് കഴിഞ്ഞാൽ ഉടൻ തന്നെ അത് കടന്നുവരും, യഥാർത്ഥത്തിൽ ഏലിയാവിന്റെ ആത്മാവിൽ അഭിഷിക്തനായി വരുന്ന ഈ സഹോദരന്റെ മഹത്തായ സന്ദേശം പ്രസംഗിച്ച് കഴിഞ്ഞാലുടൻ തന്നെ ആയിരിക്കും.

46 അവർ അവനെ തെറ്റിദ്ധരിക്കുകയും ചെയ്യും. അവരിൽ ചിലർ അവനാണ് മശീഹായെന്ന് തെറ്റിദ്ധരിക്കും. എന്നാൽ അവൻ കർശനമായി "അല്ല" എന്ന് പറയും, കാരണം, അത് യോഹന്നാന്റെ വരവ് പോലെ ആകേണ്ടതുണ്ട്.

47 യോഹന്നാൻ സ്നാപകന്റെ സമയത്ത്, അവൻ പ്രസംഗിക്കാൻ അവിടെ വന്നപ്പോൾ, അവർ അവനോട്, "നീ മശീഹാ അല്ലേ? നീ അവനല്ലേ?" എന്ന് ചോദിച്ചു.

48 അവൻ പറഞ്ഞു, "ഞാനല്ല. അവന്റെ ചെരിപ്പിന്റെ വാറ് അഴിക്കാൻ ഞാൻ യോഗ്യനല്ല. ഞാൻ നിങ്ങളെ വെള്ളത്താൽ സ്നാനം കഴിപ്പിക്കുന്നു, അവനോ നിങ്ങളെ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കും." അവൻ ഈ ഭൂമിയിലായിരുന്നു എന്ന് യോഹന്നാന് അത്രയും തീർച്ചയുണ്ടായിരുന്നിട്ട്, അവൻ പറഞ്ഞു. "അവൻ ഇപ്പോൾ നിങ്ങളുടെ ഇടയിൽ തന്നെ, നില്പുണ്ട്."

49 എന്നാൽ ആ അടയാളം അവന്റെ മേൽ ഇറങ്ങി വരുന്നത് കാണുന്നതു വരെ അവൻ അവനെ അറിഞ്ഞിരുന്നില്ല. അതിന് ശേഷം ആ വെളിച്ചം താഴേക്കിറങ്ങി വന്ന്, ഒരു പ്രവിന്റെ രൂപത്തിൽ അവന്റെ മേൽ പ്രകാശം പരത്തിയത് കണ്ടപ്പോൾ, അവൻ പറഞ്ഞു, "അതാ അവൻ അവിടെ ആകുന്നു. അത് അവനാകുന്നു". എന്നാൽ യോഹന്നാൻ മാത്രമായിരുന്നു അത് കണ്ടത്. യോഹന്നാൻ മാത്രമായിരുന്നു ശബ്ദം കേട്ടത്. മറ്റുള്ള എല്ലാവരും അവിടെ ഉണ്ടായിരുന്നു, അത് ആരും അത് കേട്ടിരുന്നില്ല.

50 എന്നാൽ യഥാർത്ഥ, യഥാർത്ഥമായ ദാസൻ കാഴ്ചയിൽ വരുമ്പോൾ; അതിനോട് കൂടെ എല്ലാവിധ അനുകരണങ്ങളും കൂടി ഉണ്ടായിരുന്നിട്ട്, അത് ജനങ്ങളുടെ മനസ്സിനെ തകിടം മറിക്കേണ്ടതുണ്ട്. സാത്താനാണ് അത് ചെയ്യുന്നത്. തെറ്റും ശരിയും വിവേചിച്ചറിയാൻ കഴിയാത്തവർ, ഇടറി വീഴുന്നു. എന്നാൽ തെരഞ്ഞെടുക്കപ്പെട്ടവർ അത് ചെയ്യില്ല; അവന് വൃതന്മാരെ തെറ്റിപ്പാൻ കഴിയുകയില്ല എന്ന് ബൈബിൾ പറയുന്നു. ഇപ്പോൾ ക്രിസ്തുവിന്റെ വരവിന് തൊട്ട് മുമ്പായി, ബൈബിൾ പറയുന്നു, "കള്ള ക്രിസ്തുക്കൾ എഴുന്നേറ്റിട്ട്, അവർ ക്രിസ്തുവാണെന്ന് അവകാശപ്പെട്ടു കൊണ്ട് പറയും, 'ഇതാ അവൻ മരുഭൂമിയിലാകുന്നു.' അത് വിശ്വസിക്കരുത്. 'ഇതാ അവൻ അറകളിലാകുന്നു.' അത് വിശ്വസിക്കരുത്."

51 "കാരണം, സൂര്യൻ കിഴക്ക് നിന്ന് പടിഞ്ഞാറോളം പ്രകാശം പരത്തും പോലെ തന്നെയാകും, മനുഷ്യ പുത്രന്റെ വരവും." കാണുന്നോ? അതേ അവൻ—അവൻ—അവൻ പ്രത്യക്ഷപ്പെടുകയും, അതൊരു ലോക വ്യാപകമായ കാര്യവും ആയിരിക്കും. എന്നാൽ ഇപ്പോൾ അത്, ഇപ്പോൾ, തീർച്ചായും, എന്തെങ്കിലും ഒരു കാര്യം സംഭവിച്ച് കഴിഞ്ഞു എന്ന് അവർ കണ്ടുപിടിക്കുമ്പോഴായിരിക്കും, അപ്പോൾ

അവർ...ഇപ്പോൾ, ഓർക്കുക, അത് സഭ വീട്ടിലേക്ക് പോകുന്നതിന്, മേഘങ്ങളിലേക്കുള്ള എടുക്കപ്പെടൽ ഉണ്ടായ ഉടനെ സംഭവിക്കും.

52 കള്ള അനുകരണങ്ങൾ, എല്ലായ്പ്പോഴും അവിടെ ഉണ്ടായിട്ട്, അതുപോലെ എന്തെങ്കിലുമായിട്ട് ബന്ധപ്പെട്ടിരിക്കുന്നു എന്ന് അർത്ഥമാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇല്ല, ശ്രീമാൻ.

53 ഈ വ്യക്തി വരുമ്പോൾ, അതായത് ഈ വരുമെന്നു മുൻകൂട്ടി പറയപ്പെട്ടിരിക്കുന്ന വ്യക്തി വരുമ്പോൾ, ഞാൻ വിശ്വസിക്കുന്നത്, അവൻ ഒരു പ്രവാചകനായിരിക്കും എന്ന് തിരുവെഴുത്തുകളിൽ നിന്ന് മാത്രം ഞാൻ കാണിക്കുകയാണ്. അവൻ തീർച്ചയായും പ്രവാചകനായിരിക്കും. ദൈവത്തിന്റെ വെളിപ്പാടുകൾ, കാരണം ദൈവം...ദൈവത്തിന്റെ വചനം പ്രവാചകന്മാരുടെ അടുക്കൽ വരുന്നു. അത് കൃത്യമായും ശരിയാണ്. അതായത്... നോക്കു, ദൈവം മാറ്റമില്ലാത്തവനാണ്. ഇതിലും നല്ലതായ ഒരു പദ്ധതി അവനുണ്ടായിരുന്നെങ്കിൽ അവൻ—അവൻ അത് പ്രയോഗിക്കുമായിരുന്നു. എന്നാൽ അവൻ—അവൻ...ആരംഭത്തിൽ തന്നെ ഏറ്റവും നല്ല പദ്ധതി തിരഞ്ഞെടുത്തിരിക്കുന്നു.

54 അത് ഇപ്രകാരമായിട്ട്, വേണമെങ്കിൽ, സുവിശേഷം പ്രസംഗിക്കുന്നതിൻ അവന് സൂര്യനെ തിരഞ്ഞെടുക്കാമായിരുന്നു. അവന് ചന്ദ്രനെ തിരഞ്ഞെടുക്കാമായിരുന്നു. അവന് കാറ്റിനെ തിരഞ്ഞെടുക്കാമായിരുന്നു. എന്നാൽ അവൻ മനുഷ്യനെ തിരഞ്ഞെടുത്തു. അവൻ ഒരിക്കലും കൂട്ടരെ തിരഞ്ഞെടുത്തില്ല. വ്യക്തികളെ! കാണുന്നോ?

55 കൂടാതെ ഒരിക്കലും രണ്ട് മുഖ്യ പ്രവാചകന്മാർ, ഒരേ സമയത്ത് ഈ ഭൂമിയിൽ ഉണ്ടായിരുന്നിട്ടില്ല. നോക്കു, ഓരോ മനുഷ്യരും വ്യത്യസ്തരാണ്, അവനൊരു വ്യത്യസ്തമായ നിർമ്മാണമാണുള്ളത്. ദൈവത്തിന് ഒരു വ്യക്തിയെ, തന്റെ കരത്തിൽ കിട്ടിയാൽ, അത് മാത്രമാണ് അവന് എല്ലാമായിട്ടും ആവശ്യമായിരിക്കുന്നത്, അവൻ ആഗ്രഹിക്കുന്ന എന്തും അവന് ചെയ്യാൻ കഴിയും. അവന് ഒരു വ്യക്തിയെ കിട്ടിയാൽ മാത്രം മതി. നോഹയുടെ കാലത്ത്; ഏലിയാവിന്റെ കാലത്ത്; മോശെയുടെ കാലത്ത്.

56 പലരും മോശയുടെ കാലത്ത് എഴുന്നേറ്റു. അവർ എന്തു ചെയ്തെന്നും, എപ്രകാരം പറഞ്ഞെന്നും നിങ്ങൾക്കറിയാമോ, “കൊള്ളാം, നീ ഒരാൾ മാത്രമല്ല വിശുദ്ധനായിട്ട് ഞങ്ങളുടെ ഇടയിലുള്ളത്”. അത് കോരഹും ദാഥാനുമായിരുന്നു.

57 അപ്പോൾ ദൈവം പറഞ്ഞു, "നിന്നെ സ്വയം അവരിൽ നിന്ന് വേർപിരിക്കുക, ഞാൻ ഭൂമി പിളർത്തി അവരെയെല്ലാം വിഴുങ്ങിക്കളയും." നിങ്ങൾക്ക് മനസ്സിലായോ? പിന്നെ അങ്ങനെ...

58 അതിന് ശേഷം, ജനങ്ങൾ പരാതി പറയാൻ തുടങ്ങി. അവൻ പറഞ്ഞു, "ഞാൻ ഈ മുഴുവനെയും നശിപ്പിച്ച് കളയും."

59 അപ്പോൾ, മോശെ അവിടെ ക്രിസ്തുവിന്റെ സ്ഥാനത്തെ എടുത്ത്, അവനെത്തന്നെ ആ വിടവിലിട്ടു, എന്നിട്ട് ഇങ്ങനെ പറഞ്ഞു "കർത്താവേ, അത് ചെയ്യരുതേ." കാണുന്നോ? കാരണം, അവൻ... മോശെയെ ഇതു പ്രവർത്തിക്കായി നിയോഗിച്ചിരുന്നതിനു ശേഷം, അവന് മോശെയെ മറികടക്കാൻ കഴിഞ്ഞിരുന്നില്ല, കാരണം ആ സമയത്ത് അവൻ, ക്രിസ്തുവിനെപ്പോലെ പ്രവർത്തിച്ചിരുന്നു. കൃത്യമായും.

60 ഇപ്പോൾ, ദൈവം തന്നെതന്നെ നമുക്ക് വെളിപ്പെടുത്തുന്നതിൽ നാം ഇന്ന് വളരെ സന്തോഷമുള്ളവരാകുന്നു. ആ മഹത്തായ ദിവസത്തിന്റെ പ്രഭാതം പൊട്ടി വിടരാൻ തുടങ്ങിയിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. വെളിച്ചങ്ങൾ മിന്നി മിന്നി പ്രകാശിക്കാൻ തുടങ്ങിയിരിക്കുന്നു. പറുദീസയിലെ പക്ഷികൾ വിശുദ്ധന്മാരുടെ ഹൃദയത്തിൽ പാടാൻ തുടങ്ങിയിരിക്കുന്നു. ഇനിയും അധികം ദൂരമില്ലെന്ന് അവർ ഇപ്പോൾ അറിയുന്നു. എന്തോ ഒരു കാര്യം സംഭവിക്കാൻ പോകുന്നു, അത് സംഭവിക്കേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ "അവൻ എന്തായാലും അങ്ങനെ ചെയ്യില്ല..."

61 ഇപ്പോൾ, തിരുവെഴുത്തുകൾ പ്രേരണയാലുള്ളതാണ്. തിരുവചനം തികച്ചും സത്യമായിരിക്കണം. അതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അവിടെയാണ് കത്തോലിക്കാ സഭയിലെ നമ്മുടെ സ്നേഹിതരോട് നാം വിയോജിക്കുന്നത്. ഇത് സാധാരണ മനുഷ്യരാൽ എഴുതപ്പെട്ടതല്ല എന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് പരിശുദ്ധാത്മാവിനാൽ നിയോഗിക്കപ്പെട്ട് എഴുതിയിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനോട് ചേർക്കപ്പെട്ടിട്ടുള്ള ഓരോ ചെറിയ കാര്യങ്ങളും, ഇതിനോട് ചേർക്കാൻ ശ്രമിക്കുന്നതായ ഓരോന്നും; അതിനെ പരിഹരിച്ച വേളയിൽ, അവയെല്ലാം തന്നെ പുത്താക്കപ്പെട്ടതായി, നിങ്ങൾ ശ്രദ്ധിച്ചിരുന്നു.

62 ഈ യഥാർത്ഥവും, സത്യവുമായ തിരുവെഴുത്തുകൾ, അവ തമ്മിൽ യാതൊരു വൈരുദ്ധ്യവും ഒരിടത്തുമില്ലാതെ, ഒന്നിനോടൊന്ന് പൊരുത്തപ്പെട്ട് പോകുന്നു. ഒന്നോ അല്ലെങ്കിൽ രണ്ടോ വരികൾ അതിനുള്ളിൽ തന്നെ തമ്മിൽ വൈരുദ്ധ്യമില്ലാതെ എഴുപ്പെട്ടിരിക്കുന്ന ഒരു സാഹിത്യകൃതി നിങ്ങൾ എന്നെ കാണിക്കുക. ബൈബിളിൽ

സ്വയം ഒരിടത്തും തമ്മിൽ യാതൊരു വ്യരുദ്ധ്യവുമില്ല. അതിനെ കുറിച്ച് പഴയ വിമർശകർ പറഞ്ഞിട്ടുള്ളത് ഞാൻ വായിച്ചിട്ടുണ്ട്, എന്നാൽ അത് എവിടെയാണെന്ന് കാണിക്കാനായി ഒരു നീണ്ട സമയമായി ഞാൻ കാത്തിരിക്കുന്നു. അത് അവിടെയില്ല. അത് എന്തുകൊണ്ടെന്നാൽ മനുഷ്യ മനസ്സ് കുഴപ്പത്തിലായതിനാലാണ്. ദൈവം കുഴപ്പക്കാരനല്ല. അവൻ എന്താണ് ചെയ്യുന്നതെന്ന് അവൻ അറിയുന്നു. അവൻ അറിയുന്നു.

63 ശ്രദ്ധിക്കു, ദൈവം ലോകത്തെ ഒരു സഭകൊണ്ടാണ് ന്യായം വിധിക്കാൻ പോകുന്നെങ്കിൽ, അപ്രകാരമാണെന്നു കത്തോലിക്കാ സഭ പറയുന്നു, ശരി എങ്കിൽ, അത് ഏത് സഭയാകുന്നു? ഇന്ന് നമുക്കുള്ള സഭകളെ നോക്കുക. നമുക്ക് തൊള്ളായിരത്തിലധികം വ്യത്യസ്ത വിഭാഗീയ സഭകൾ ഉണ്ടായിരിക്കുന്നു. ഇപ്പോൾ എങ്ങനെ... അവരിൽ ഒരാൾ *ഇങ്ങനെയും*, മറ്റൊരാൾ *അങ്ങനെയും* പഠിപ്പിക്കുന്നു. അത് എന്തൊരു കുഴപ്പമായിട്ട്, ആർക്കുവേണമെങ്കിലും അവർ ആഗ്രഹിക്കുന്ന എന്തും പഠിപ്പിച്ച് കൊണ്ട് എങ്ങനെയും മുമ്പോട്ട് പോകാൻ കഴിയുന്നു. എന്നാൽ ദൈവത്തിന് ഏതെങ്കിലും ഒരു നിലവാരമുണ്ടാകേണ്ടിയിരിക്കുന്നു. അത് അവന്റെ വചനമാകുന്നു.

64 സംസാരിക്കുമ്പോൾ...ഇപ്പോൾ ഇത് കത്തോലിക്കക്കാരെ കുറ്റപ്പെടുത്തുകയല്ല, കാരണം പ്രൊട്ടെസ്റ്റാന്റുകളും അത്രയും മോശമായ നിലയിലാകുന്നു. ഒരു പുരോഹിതനോട് സംസാരിക്കുമ്പോൾ, അദ്ദേഹം പറഞ്ഞു, "ശ്രീമാൻ ബ്രൺഹാം, ദൈവം തന്റെ സഭയിലാകുന്നു."

65 ഞാൻ പറഞ്ഞു. "ശ്രീമാൻ, ദൈവം തന്റെ വചനത്തിലാകുന്നു. അവൻ തന്നെ വചനമാകുന്നു." അതെ, ശ്രീമാൻ.

അദ്ദേഹം പറഞ്ഞു, "ശരി, എങ്കിൽ, സഭ വീഴ്ച പറ്റാത്തതാകുന്നു."

66 ഞാൻ പറഞ്ഞു, "അവൻ അത് പറഞ്ഞിട്ടില്ല, എന്നാൽ വചനം വീഴ്ച പറ്റാത്തതാകുന്നു, എന്ന് അവൻ പറഞ്ഞിരിക്കുന്നു."

67 അദ്ദേഹം പറഞ്ഞു, "അതെ, ഞങ്ങൾ സ്നാനത്തെക്കുറിച്ച് ആ വിധത്തിലും മറ്റമാണ് പഠിപ്പിച്ചിരുന്നത്."

ഞാൻ ചോദിച്ചു, "എപ്പോൾ?"

പറഞ്ഞു, "ആദ്യകാലങ്ങളിൽ."

ഞാൻ ചോദിച്ചു, "അതാണ് കത്തോലിക്കാ സഭ എന്നു നിങ്ങൾ അംഗീകരിക്കുമോ?"

അദ്ദേഹം പറഞ്ഞു, "അതെ."

68 ഞാൻ പറഞ്ഞു, "എങ്കിൽ, ഞാൻ കത്തോലിക്കനാകുന്നു, പഴയ പരിഷ്കാരത്തോട് കൂടിയ കത്തോലിക്കൻ. പഴയ പരിഷ്കാരത്തോടു കൂടിയെ രീതിയെ ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ ജനങ്ങളെ ഇന്ന് അതെല്ലാം കൂട്ടികഴച്ചിട്ട്, തിരുവെഴുത്തിൽ നിന്നും നിങ്ങൾ എന്തെങ്കിലും കഷ്ടിച്ചേ പഠിപ്പിക്കുന്നുള്ളൂ. സ്ത്രീകളോടുള്ള മദ്ധ്യസ്ഥതയും, നോക്കൂ, മരിച്ചു പോയവരോടുള്ള മദ്ധ്യസ്ഥതയും, മറ്റുള്ള ഈ എല്ലാം കാര്യങ്ങളുമായി, ഓ, മാംസഭക്ഷണം വർജ്ജിക്കൽ, ഓ, അങ്ങനെ എന്തെല്ലാമാണെന്ന് എനിക്ക് തന്നെ അറിയില്ല. തിരുവചനത്തിൽ ഈ കാര്യങ്ങൾ എനിക്ക് കാണിച്ച് തരിക," എന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

69 അദ്ദേഹം പറഞ്ഞു, "അത് അവിടെ ഉണ്ടായിരിക്കണമെന്നില്ല. സഭ അപ്രകാരം പറഞ്ഞിരിക്കുന്നിടത്തോളം അത് അങ്ങനെ തന്നെ ആകുന്നു. അത് എന്തു പറയുന്നു എന്നത് യാതൊരു വ്യത്യാസവും ഉണ്ടാകുന്നില്ല, അത് സഭാണ്."

70 ഞാൻ പറഞ്ഞു, "ബൈബിൾ അങ്ങനെ പറയുന്നു, 'ആരെങ്കിലും ഇതിനോട് ഒരു വാക്ക് കൂട്ടിയാലോ, ഒരു വാക്ക് എടുത്തു കളഞ്ഞാലോ, ജീവന്റെ പുസ്തകത്തിൽ നിന്നും അവനുള്ള അംശവും എടുത്തുകളയപ്പെട്ടും,' അതുകൊണ്ട് ഇത് വചനമാകുന്നു! ഞാൻ വചനത്തെ വിശ്വസിക്കുന്നു."

71 ഇപ്പോൾ, അങ്ങനെ, ആമോസും മറ്റുള്ള തിരുവെഴുത്തുകളും അതുമായി പറയുന്നെങ്കിൽ...

72 ഓർക്കുക, ഈ കാര്യത്തിൽ, നാം ഇതിന്റെ സവിശേഷതകളെ മാത്രമാണ് എടുക്കുന്നത്. എന്റെ...ഞാൻ ആ മുറിയിലേയ്ക്ക് കടന്നപ്പോൾ, ആ അഭിഷേകം കടന്നുവന്നു, അവൻ എന്താണ്...എനിക്ക് കഴിഞ്ഞിരുന്നെങ്കിൽ, എന്തെല്ലാമാണ് നടന്നുകൊണ്ടിരിക്കുന്നത്, ഈ ഒരു മുദ്രയിൽ തന്നെ മൂന്ന് മാസത്തോളം എടുത്തു കൊണ്ട് ഞാൻ ഇവിടെ ആയിരിക്കും. അതുകൊണ്ട് പ്രധാന ഭാഗങ്ങൾ മാത്രം എടുത്ത്, അതിലേയ്ക്ക് കടക്കാം, അത് കാഴ്ചയിൽ ജനങ്ങളെ വിഷമിപ്പിക്കാത്ത കാര്യങ്ങളായി എടുക്കുന്നു. എന്നിരിക്കലും, അത്രയും അത് അവരെ വേദനിപ്പിക്കാതെ, വിശ്വാസത്തിന് ഇടയാക്കി അതിന് ഉതകുന്ന കാര്യമാക്കി തീർക്കും. ഞാൻ എന്നാണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ അറിയുന്നു.

73 ഇപ്പോൾ, ഇത് ശ്രദ്ധിക്കുക, ആമോസ് പറയുന്നു, "ദൈവം ഒരു കാര്യവും ചെയ്കയില്ല," "പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല." അതിന് ശേഷം അവൻ എന്താണ് ചെയ്യുന്നതെന്ന് നാം കാണുന്നു. അതുകൊണ്ട് അവൻ ഇപ്പോൾ വെളിപ്പെടുത്തുന്ന

കാര്യങ്ങൾ നിറവേറ്റുന്നതിനായി അവൻ എന്തെങ്കിലും ചെയ്യുവാൻ ഒരുങ്ങുന്നതായിരിക്കണം. ദൈവം ന്യായവിധിയുടെ ദൃശ്യത്തിലേക്കുള്ള നീക്കങ്ങൾ ചെയ്യാൻ തുടങ്ങിയിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അവൻ എന്തോ ചെയ്യുന്നതിന് വേണ്ടി ഒരുങ്ങുകയാണ്. കൂടാതെ ഒരു കാര്യം വീണ്ടും, അത് സാക്ഷീകരിക്കുന്നത് എന്തെന്നാൽ, നാം തീർച്ചയായും അന്ത്യകാലത്താകുന്നു, ഇന്ന് ഇപ്പോൾ നാം അന്ത്യകാല സഭയായ ലാവോദിക്യാ സഭയുടെ കാലത്തിലാകുന്നു, കാരണം ഈ കാര്യങ്ങൾ അന്ത്യകാലത്ത് മാത്രം വെളിപ്പെടുത്തുന്നതിനുള്ളതാകുന്നു.

74 ഇപ്പോൾ, അതിനെകുറിച്ച് ഒന്ന് ചിന്തിച്ചുനോക്കു. പരിശുദ്ധാത്മാവ് നമ്മെ അറിയുവാനിടയാക്കി എന്നു നാം വിശ്വസിക്കുന്ന കാര്യങ്ങളിലേയ്ക്ക് നമുക്കിപ്പോൾ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയും.

75 ഇപ്പോൾ ഓർക്കുക, "യാതൊന്നും വെളിപ്പെടുത്തില്ല; തന്റെ പ്രവാചകന്മാരായ, ദാസന്മാർക്ക് ആദ്യം വെളിപ്പെടുത്താതെ യാതൊന്നും ദൈവം ചെയ്യുകയില്ല." അവൻ എന്തെങ്കിലും ചെയ്യുന്നതിന് മുമ്പ് അവൻ അത് വെളിപ്പെടുത്തുന്നു. അവൻ അത് വെളിപ്പെടുത്തുമ്പോൾ, എന്തോ ചിലത് സംഭവിക്കുവാൻ പോകുന്നു എന്നുള്ളകാര്യം ഓർത്തുകൊള്ളുക. നോക്കു, അവൻ അത് വെളിപ്പെടുത്തിയിരിക്കുന്നു.

76 നാം സംസാരിക്കുന്ന ഈ കാര്യങ്ങൾ അന്ത്യകാലത്ത്, അവസാനത്തെ കാഹളം ഊതുന്നതിന് തൊട്ടു മുമ്പ്, അവസാന സഭാകാലത്തിലെ സന്ദേശത്തിന്റെ അവസാന സമയം വെളിപ്പെടേണ്ടതാകുന്നു. അത് ശരിയാണ്. നിങ്ങൾ ഇപ്പോൾ അത് വായിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ...നിങ്ങൾക്ക് അതിലേയ്ക്ക് തിരിക്കാം...കഴിഞ്ഞ രാത്രിയിൽ മൂന്നുവട്ടം, ഞാൻ അത് സൂചിപ്പിച്ചിരുന്നു, വെളിപ്പാട് 10:1-7 വരെയാകുന്നു. "ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്ത് ദൈവത്തിന്റെ മർമ്മം വെളിപ്പെടുത്തി നിവൃത്തിയാക്കപ്പെട്ടും." പിന്നെ അവിടെ ഒരു കാര്യം മാത്രമേ അവശേഷിക്കു. ഈ ഏഴ് മുദ്രകളുള്ള പുസ്തകം തുറക്കപ്പെട്ടാൽ, അപ്പോൾ ദൈവത്തിന്റെ മുഴുവൻ മർമ്മവും...

77 വർഷങ്ങളായി നാം അത് അന്വേഷിച്ച് കണ്ടുപിടിക്കാൻ ശ്രമിച്ചിരുന്നു. തിരുവെഴുത്തുപ്രകാരം, അപ്പോൾ നാം...ഈ ദിവസം വരെ അത് മനസ്സിലാക്കുന്നതിന് യാതൊരു വഴിയുമില്ലായിരുന്നു, കാരണം അത് മറച്ചു വച്ചിരിക്കുന്നു. നാം പ്രതിരൂപത്തെ കണ്ടിരുന്നു, അത് എന്തിനാലാണ് പ്രതിരൂപപ്പെടുത്തിയിരുന്നത്; എന്നാൽ അന്ത്യകാലംവരെ അത് ശരിയായി വെളിപ്പെട്ടിരുന്നില്ല.

കാണുന്നോ? എങ്കിൽ, ഇപ്പോൾ, ഈ അന്ത്യ കാലത്ത് നാം ഇവിടെ എത്തിയിരിക്കണം.

78 ഇപ്പോൾ, ഓർക്കുക. മറക്കരുത്...ഇപ്പോൾ ഇത് മറക്കരുത്, അതായത്, "അവൻ വെളിപ്പെടുത്താതെ യാതൊന്നും തന്നെ ചെയ്യുകയില്ല." അവൻ അത് ചെയ്യുന്നത് അത്രയും എളിമയിലായിട്ട്, "ജ്ഞാനികളും വിവേകികളും അത് വിട്ടുപോകുന്നു," എന്നുള്ളതും മറക്കരുത്. നിങ്ങൾ അത് കുറിച്ചെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അത് മത്തായി 11:25-26-ലാകുന്നു. ഓർക്കുക, "അവൻ വെളിപ്പെത്താതെ യാതൊരു കാര്യവും ചെയ്യുന്നില്ല." അവൻ വെളിപ്പെടുത്തുന്നത് ആ രീതിയിലായിട്ട്, മിടുക്കരും, വിദ്യാസമ്പന്നരും അത് വിട്ടുപോകുന്നു. ഓർക്കുക, വചനത്തിന് പകരം ജ്ഞാനമാണ് ലോകം ആഗ്രഹിച്ചിരുന്നത്, ആദ്യത്തെ പാപം ചെയ്തപ്പോൾ, അതിനാലാണ് ആദ്യ പാപമുണ്ടായത്. അത് ഇപ്പോൾ മറന്നുകളയരുത്. ഓ, അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, ഓ, നാം എത്ര നന്ദിയുള്ളവനായിരിക്കണം!

79 ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളിലേയ്ക്ക് നോക്കൂ! അവൻ നമ്മോട് പറഞ്ഞിട്ടുള്ള കാര്യങ്ങളിലേയ്ക്ക് നോക്കൂ! ഈ പ്രാർത്ഥനാ കൂടാരത്തിൽ, ഈ കാര്യങ്ങളുമായി വളർന്ന് വന്ന ജനങ്ങളായ നിങ്ങളെ ശ്രദ്ധിക്കൂ! ഞാൻ ഇപ്പോൾ ടേപ്പ് ചെയ്യുന്നവരോട് ചോദിക്കാൻ പോകുകയാണ്...ശരി, നിങ്ങൾ തുടർന്ന് അതിനെയും ടേപ്പ് ചെയ്തു കൊള്ളുക. എന്നാൽ നോക്കൂ, ഞാൻ ഇത് ഈ കൂടാരത്തിൽ നേരത്തെ മുതൽ ഉണ്ടായിരുന്ന ജനങ്ങളോട് പറയുകയാണ്. ഞാൻ നിങ്ങളോട് സംഭവിക്കുന്നതിന് മുമ്പായി പറഞ്ഞിട്ടുള്ള നൂറ് കണക്കിന് കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിൽ വിരൽചൂണ്ടിക്കൊണ്ട് ഈ കാര്യം സംഭവിച്ചിട്ടില്ല എന്ന് കാണിക്കുവാൻ, ഞാൻ നിങ്ങളോട് കർത്താവായ യേശുവിന്റെ നാമത്തിൽ ആവശ്യപ്പെടുന്നു. ഈ പ്രസംഗപീഠത്തിൽ വച്ചോ, പുറത്തോ, അത് എവിടെ ആയിരുന്നാലും അവൻ സംസാരിച്ചിട്ട് അത് സംമ്പൂർണ്ണമായും, കൃത്യമായും ആ രീതിയിൽ തന്നെ സംഭവിച്ചിട്ടില്ലാത്ത ഒരു കാര്യം എനിക്ക് കാണിച്ച് തരിക. എങ്ങനെയാണ്? ഒരു മനുഷ്യ മനസ്സിന് അപ്രകാരം ആയിരിക്കാൻ കഴിയുമോ? തീർച്ചയായും കഴിയില്ല.

80 ഈ വരുന്ന ജൂണിൽ 33 വർഷം തികയുന്നു, ഒരു വെളിച്ചത്തിന്റെ രൂപത്തിൽ, അവൻ ആ നദിമേൽ പ്രത്യക്ഷപ്പെട്ടു! ഞാൻ ഒരു ബാലനായിരിക്കുമ്പോൾ മുതൽ, ആ ശബ്ദത്തെയും വെളിച്ചത്തെയും കുറിച്ച്, പഴമക്കാരായ നിങ്ങളോടു പറഞ്ഞിട്ടുള്ളതു ഓർക്കുന്നുണ്ടാകും.

ജനങ്ങൾ അതിനെ, എനിക്ക് സ്വല്പം തലക്ക് സ്ഥിരതയില്ലാത്ത കാര്യം പോലെ എടുത്തിരുന്നു. ഒരുപക്ഷേ ആരെങ്കിലും എന്നോട് അങ്ങനെ ഒരു കാര്യം പറഞ്ഞിരുന്നെങ്കിൽ, ഞാനും അതുപോലെ തന്നെ ആ കാര്യത്തെകുറിച്ച് ചിന്തിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അതിനെകുറിച്ച് ആശ്ചര്യപ്പെടേണ്ടതിന്റെ ആവശ്യമില്ല സഭയ്ക്ക് 1933 മുതൽ അതിനെക്കുറിച്ച് ഒരു ആശങ്കയുമില്ല. അവിടെ ഞാൻ നൂറുകണക്കിന് ജനങ്ങളെ സ്നാനപ്പെടുത്തുകയായിരുന്നു, സഭ 1933-ലെ ആ ദിവസം മുതൽ പിന്നെ ആശ്ചര്യപ്പെട്ടിട്ടേയില്ല.

81 മാറാ എന്ന് പയ്യൻ എന്നോട് ചോദിച്ചത് ഞാൻ ഓർക്കുന്നു, “ബില്ലി നീ ഇവരെ താറാവുകളാക്കാൻ കൊണ്ട്പോകുകയാണോ?” അവിടെ ഉണ്ടായിരുന്ന ജിം മാറ്റായായിരുന്നു, ഇപ്പോൾ അയാൾ മരിച്ചുപോയി, എന്ന് ഞാൻ കരുതുന്നു. അയാൾ കൊല്ലപ്പെട്ടു, എന്നു ഞാൻ കരുതുന്നു, ഏതോ ഒരു സ്ത്രീ അയാളെ വെടിവച്ച് കൊന്നു. അയാൾ എന്നോട് “നീ ഈ ജനങ്ങളെ താറാവുകളാക്കാൻ കൊണ്ട് പോകുകയാണോ?” എന്ന് ചോദിച്ചു.

82 ഞാൻ പറഞ്ഞു, “അല്ല ശ്രീമാൻ, ഞാൻ അവരെ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുത്താൻ പോകുകയാണ്.”

83 ആ കൂട്ടത്തോടൊപ്പം ഒരു സ്ത്രീയും പോകുന്നുണ്ടായിരുന്നു. അവൾ മറ്റൊരു സ്ത്രീയോട്, അവൾ പറഞ്ഞു...അതിനെകുറിച്ച് ഒരു അഭിപ്രായം പറഞ്ഞു. അവൾ പറഞ്ഞു, “കൊള്ളാം എനിക്ക് താറാവാകുന്നതിൽ കുഴപ്പമൊന്നുമില്ല. അതു കൊള്ളാം, ഞാൻ കാര്യമാക്കുന്നില്ല.”

84 ഞാൻ പറഞ്ഞു, “നീ തിരികെ പോയി മാനസാന്തരപ്പെടുക. യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടാൻ നിനക്ക് യോഗ്യതയില്ല.” കാണുന്നോ?

85 ഇത് കളിയായിട്ട് എടുക്കുന്ന കാര്യമല്ല. ഇതൊരു ദൈവ നിയോഗത്താൽ വെളിപ്പെടുത്തപ്പെട്ട, ക്രിസ്തുവിന്റെ സുവിശേഷമായ, വചനമാകുന്നു. അതിനെ, നിങ്ങൾക്കിപ്പോൾ “അസംബന്ധം, എന്നും മൂഢത്തരം,” എന്നും പറഞ്ഞിട്ട്, നിങ്ങൾ അതിനെ മറ്റെവിടെ വേണമെങ്കിലും സ്ഥാപിക്കാൻ കഴിയും. എന്നാൽ, ഓർക്കുക, ഇത് സംഭവിക്കുമെന്ന് വചനത്തിൽ വാഗ്ദത്തം ചെയ്തിരിക്കുകയും, അത് ശരിക്കും എന്തായിരിക്കണമായിരുന്നോ അങ്ങനെ തന്നെ ആകുകയും ചെയ്യുന്നു. ഇത് ഇവിടെയാകുന്നു.

86 അതിനുശേഷം, അവിടെ അന്ന് ആ ദിവസം, അവരെല്ലാം ആ നദിക്കരയിൽ നിൽക്കുമ്പോൾ! കർത്താവിന്റെ ദൂതൻ, അതിനെ കുറിച്ച് ഞാൻ നിങ്ങളോട് പറഞ്ഞിരുന്നു, അതൊരു ദൂരെയുള്ള

നക്ഷത്രംപോലെ കാണപ്പെട്ടുകയും, പിന്നീട് അത് അടുത്തടുത്ത് വന്നപ്പോൾ, ഒരു മരതക വെളിച്ചമായി കാണപ്പെട്ടുകയും ചെയ്തിരുന്നു. അങ്ങനെ ഞാൻ സ്നാനപ്പെടുത്തിക്കൊണ്ടിരുന്ന നദിയിലേയ്ക്ക് അത് നേരെ ഇറങ്ങിവന്നു.

87 അപ്പോൾ, ഇവിടത്തെ പട്ടണത്തിലെ വാണിജ്യക്കാരായ ജനങ്ങൾ ചോദിച്ചു, "ഇത് എന്താണ് അർത്ഥമാക്കുന്നത്?"

88 ഞാൻ പറഞ്ഞു, "അത് എനിക്ക് വേണ്ടിയായിരുന്നില്ല. അത് നിങ്ങൾക്ക് വേണ്ടിയായിരുന്നു. ഞാൻ വിശ്വസിക്കുന്നു. കാണുന്നോ? ഞാൻ നിങ്ങളോട് സത്യമാണ് പറയുന്നതെന്ന് നിങ്ങളെ അറിയിക്കുന്നതിന് വേണ്ടി ദൈവം അത് നിങ്ങൾക്ക് വേണ്ടി ചെയ്തതാണ്." കേവലം ഒരു കുട്ടിയായി 21 വയസ്സ് മാത്രം പ്രായമുണ്ടായിട്ട് വെറും ഒരു ബാലനായിരിക്കെ, അവർക്ക് അത് വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല, കാരണം ഒരു പയ്യനെ സംബന്ധിച്ചിടത്തോളം ഇത് വളരെ അധികമായിരുന്നു. അപ്പോൾ ഞാൻ ചിന്തിച്ചിരുന്നത്...

89 നമ്മുടെ ട്രസ്റ്റിമാരിൽ ഒരാളായ, സഹോദരൻ റോബേർസൺ, അദ്ദേഹത്തെ ഞാൻ കുറച്ച്നേരം മുമ്പ് ഇവിടെ കണ്ടിരുന്നു. നിങ്ങൾ കാണുന്നതായ ആ ചിത്രം, ഹ്യൂസ്റ്റനിൽ വച്ച് എടുക്കുമ്പോൾ അദ്ദേഹം അവിടെ ഉണ്ടായിരുന്നതിനെകുറിച്ച് കഴിഞ്ഞ ദിവസം എന്നോട് പറഞ്ഞിരുന്നു. ഞാൻ ആയിരുന്നിട്ട്...ആ വാദപ്രതിവാദത്തെക്കുറിച്ച്, ഞാൻ എന്തോ കഴിഞ്ഞ രാത്രിയിൽ, പറയാൻ തുടങ്ങുകയായിരുന്നു. സഹോദരൻ റോയിയും...കൂടാതെ വേറൊരാളും മാത്രമായിരുന്നു ആ കൂട്ടത്തിൽ ടേപ്പ് റെക്കോർഡുകളുമായി അവിടെ ഉണ്ടായിരുന്നത്. അതൊരു പഴയ രീതിയിലുള്ള വയറുകൊണ്ടുള്ള റെക്കോർഡുകൾ ആയിരുന്നു. സഹോദരൻ റോബേർട്ട്സനെ അദ്ദേഹത്തിന്റെ ഭാര്യയോടൊപ്പം ഞാൻ ഇപ്പോൾ കാണുന്നു. അതുമല്ല, ശ്രീമതി. റോബേർട്ട്സണിന് സുഖമില്ലാതെയുമിരുന്നു.

90 സഹോദരൻ റോയി ഒരു പരിചയസമ്പന്നനായ പടയാളിയായിരുന്നു. അദ്ദേഹത്തിന്റെ കാലുകൾ വെട്ടയുണ്ടയാൽ തകർക്കപ്പെട്ട് മരിച്ചുപോകുമെന്ന് കരുതി വിട്ടിരുന്നു. അദ്ദേഹം പട്ടാളത്തിൽ ഒരു ഓഫീസറായിരുന്നു. ജർമ്മനിയുടെ ഒരു എണ്പത്തിയെട്ട് അദ്ദേഹം സഞ്ചരിച്ചിരുന്ന ടാങ്കിനെ തകർത്തിട്ട്, മരിച്ചുപോകുന്ന വിധത്തിൽ, ഉണ്ടമായി തകർത്തിരുന്നു. അദ്ദേഹം മരിച്ചുപോകുമെന്ന് കരുതി, ദീർഘനേരം പുറത്തു കിടത്തിയിരുന്നു. അദ്ദേഹത്തിന്റെ രണ്ടു കാലുകളും അവയിലെ ഞരമ്പുകളും വെടിയുണ്ടകളാൽ തകർന്ന് പോയിട്ട് ഒരിക്കലും നടക്കാൻ

കഴിയില്ലെന്ന് അവർ പറഞ്ഞിരുന്നു. എന്റെ, എന്നാൽ നടപ്പിൽ അദ്ദേഹത്തിന് എന്നെ പിന്നിലാക്കാൻ തന്നെ കഴിയും.

91 എന്നാൽ അതെന്തായിരുന്നു? അദ്ദേഹം എന്തോ വിശേഷമായ കാര്യം കാണുകയും, അദ്ദേഹം ഷ്രീവ്പോർട്ടിലേക്ക് പോകുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യയെകുറിച്ച് എന്നോട് പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പക്കൽ കമ്പി സന്ദേശം ഉണ്ട്; അത് വയർ ടേപ്പിൽ ഉറപ്പിക്കാൻ പോകുകയാണ്. ഇവിടുത്തെ ശുശ്രൂഷ കഴിഞ്ഞാലുടനെ, അദ്ദേഹം അത് നിങ്ങൾക്കുവേണ്ടി ഓടിച്ച് കേൾപ്പിക്കാൻ പോകുകയാണെന്ന്, ഞാൻ ആശിക്കുന്നു. അവിടെ കൊണ്ടു വന്നിരുന്ന ആ പഴയ വയർ ടേപ്പിൽ ഷ്രീവ്പോർട്ടിലെ എന്റെ ശുശ്രൂഷകൾ അദ്ദേഹം പകർത്തി എടുത്തിട്ടുണ്ട്. അന്ന് അദ്ദേഹത്തിന്റെ ഭാര്യയും, അവിടെ കടന്നു വന്നിരുന്നു എന്ന് കാര്യം, കഴിഞ്ഞദിവസം വരെ അവർ ശ്രദ്ധിച്ചിരുന്നില്ല, എന്നവർ എന്നോടു പറഞ്ഞു.

92 ഓ, അവൾ അത്രയും ദുഃഖിതയായിട്ട്, അവളായിരുന്നു. അവൾ രോഗിയായിട്ട്, പ്രാർത്ഥനയുടെ നിരയിൽ കടന്നുവരാൻ ആഗ്രഹിച്ചിരുന്നു. അവർ എന്നെ ഒരിക്കലും അറിയുകയോ, ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും അവരെ കാണുകയോ ചെയ്തിരുന്നില്ല. അങ്ങനെ അവൾ ഒരു ജനാലയ്ക്കരുകിൽ, പുറത്തേക്ക് നോക്കിക്കൊണ്ട്, വളരെ മുഷിഞ്ഞും തകർന്നതുമായ രീതിയിൽ, പ്രാർത്ഥനാ നിരയിൽ കടന്നു കൂടാൻ, ഒരു പ്രാർത്ഥന കാർഡ് ലഭിക്കുമോ എന്ന് ആഗ്രഹിച്ചുകൊണ്ട് ഇരുന്നിരുന്നു.

93 അതിപ്രകാരമായിട്ട് അന്ന് രാത്രിയിലോ, അതിനടുത്ത രാത്രിയിലോ അവർക്ക് പ്രാർത്ഥനയുടെ നിരയിൽ കടക്കുന്നതിനുള്ള അവസരം ലഭിച്ചു.ആ രാത്രി തന്നെ, എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അവൾ നിരയിലൂടെ കടന്നു വന്നു. അവൾ പ്രസംഗപീഠത്തിൽ എത്തിയപ്പോൾ, പരിശുദ്ധാത്മാവ് അവളോടു പറഞ്ഞു, “നിങ്ങൾ ഇവിടെ നിന്നുമല്ല. നിങ്ങൾ ന്യൂ അൽബേനി എന്നു വിളിക്കപ്പെടുന്ന ഒരു നഗരത്തിൽ നിന്നുമാണ് വന്നിരിക്കുന്നത്.” എന്നിട്ട് പറഞ്ഞു, “നിങ്ങൾ ജനാലയ്ക്ക് അരുകിൽ ഇരുന്നുകൊണ്ട്, പുറത്തേക്ക് നോക്കി, ഒരു പ്രാർത്ഥന കാർഡ് കിട്ടുന്നതിനെകുറിച്ചും എല്ലാമായി വിഷമിച്ചുകൊണ്ട് ഇരിക്കുകയായിരുന്നു.” വർഷങ്ങൾക്ക് മുമ്പ് നടന്ന, ആ കാര്യം, ഇതാ ടേപ്പിലായിരിക്കുന്നു.

94 യോഗം ആരംഭിച്ചപ്പോൾ തന്നെ പരിശുദ്ധാത്മാവ് അവിടെ ആയിരുന്നു കൊണ്ട്...അത് ആദ്യ യോഗമായിരുന്നു. ഞങ്ങൾക്ക് ഏകദേശം മൂവായിരം പേർ മാത്രമെ ഉണ്ടായിരുന്നുള്ളു, പിന്നെ അത് എണ്ണായിരവും, അതു കഴിഞ്ഞപ്പോൾ

ഏകദേശം മൂപ്പിതനായിരവുമായി. അങ്ങനെ അതിൽ...ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ...എന്റെ ആദ്യ യോഗത്തിൽ തന്നെ, ഞാൻ പറഞ്ഞു, “ഞാൻ എന്തുകൊണ്ടാണ് ഇത് പറയുന്നതെന്ന് എനിക്കറിയില്ല.” ഇത്, ഇപ്പോൾ ടേപ്പിലായിരിക്കുന്നു. “എന്നാൽ, ഇതാണ്, നാം ആകുന്നു...ഇത് എന്റെ സവിശേഷമായ സമയങ്ങളിൽ ഒന്നാകാൻ പോകുകയാണ്. ഈ യോഗത്തിൽ എന്തോ ചിലത് സംഭവിക്കാൻ ഇടയായിട്ട്, അത് ഇതുവരെ ആരെങ്കിലും കണ്ടിട്ടുള്ളതിലും വച്ചേറ്റവും മഹത്തായ ഒന്നായിരിക്കും.”

95 അതിനുശേഷം ഏകദേശം എട്ടോ ഒമ്പതോ പത്തോ രാത്രികൾ കഴിഞ്ഞപ്പോൾ, കർത്താവിന്റെ ദൂതൻ ഏകദേശം മുപ്പതിനായിരം ജനങ്ങളുടെ മുമ്പിൽ ഇറങ്ങിവന്ന് പ്രത്യക്ഷപ്പെടുകയും, അതിന്റെ ചിത്രം എടുക്കുകയും ചെയ്തു. അത് ഇപ്പോൾ തന്നെ നിങ്ങളുടെ മുമ്പിലായിരിക്കുകയും, അത് ലോകത്തിൽ ആദ്യമായി ഫോട്ടോയിൽ പകർത്തപ്പെട്ട ഏക അമാനുഷിക ചിത്രമായി വാഷിങ്ടൻ ഡി.സി.യിൽ അതിന്റെ പകർപ്പവകാശം രേഖപ്പെടുത്തിയും ഇരിക്കുന്നു.

96 വിവേചനത്തിന് കീഴലായി, ചിലനേരങ്ങളിൽ, ഞാൻ പറയും “ഒരു വ്യക്തി മരണത്തിന്റെ നിഴലിലാകുന്നു. അവിടെ തലക്ക് മുകളിലായി ഒരു കറുത്ത നിഴൽ കാണപ്പെടുന്നു. ആ വ്യക്തി മരിക്കാൻ പോകുന്നു,” എന്ന് പറഞ്ഞ് കേട്ടിട്ടുള്ളത് നിങ്ങൾക്കറിയാമല്ലോ.

97 അതുകഴിഞ്ഞ് ഇവിടെ ഈസ്റ്റ് പൈൻസിലോ അതോ സതേൺ പൈൻസിലോ, അവിടെ വെച്ചായിരുന്നു എന്റെ കഴിഞ്ഞ അവസാന യോഗം നടന്നതെന്ന് ഞാൻ കരുതുന്നു. ഞാൻ അവിടെ ഒരു മഹിളയോടു സംസാരിക്കുമ്പോൾ, “വളരെ വേഗം, ആ ചിത്രം എടുക്കുക,” എന്ന് എന്തോ ചിലത്, അവിടെ ഇരുന്ന മറ്റൊരു മഹിളയോടു പറഞ്ഞു. അവിടെ അതാ ആയിരിക്കുന്നു. അത് ഔദ്യോഗിക ബോർഡിൽ വളരെ ഏറെ നാളുകളായി തൂക്കിയിരിക്കുന്നു. അതിലാണ് ആ കറുത്ത നിഴൽ ആ സ്ത്രീയുടെ മേൽ തൂങ്ങി നിന്നിരുന്നതായിട്ടുള്ളത്.

98 പരിശുദ്ധാത്മാവ് അത് പ്രഖ്യാപിച്ചയുടനെ തന്നെ, അവൾ വേറൊരു ചിത്രം കൂടി എടുത്തു. അത് പോയ്ക്കഴിഞ്ഞിരുന്നു. “നിങ്ങൾ സുഖപ്പെടാൻ പോകുന്നു. കർത്താവ് നിങ്ങളെ സൗഖ്യമാക്കിയിരിക്കുന്നു. അർബുദ രോഗം നിങ്ങളെ വിട്ടുപോയിരിക്കുന്നു.” അവിടെ ആയിരുന്നു അത്. അവൾ സൗഖ്യം പ്രാപിച്ചു. കാണുന്നോ? അവിടെയാണ് നിങ്ങൾ. കാണുന്നോ?

99 ഇത് ദിവസത്തിന്റെ ഏതു സമയമാണെന്ന് ദൈവം അറിയുന്നു എന്നു കാണിക്കാൻ പോകുന്നതാണ്. നമുക്കറിയില്ല. നമുക്ക് അവനെ അനുസരിക്കുക മാത്രം ചെയ്യേണ്ടിയിരിക്കുന്നു.

100 നമുക്കിപ്പോൾ തുടർന്നും സംസാരിച്ച്കൊണ്ടേയിരിക്കാം, എന്നാൽ നമുക്കിപ്പോൾ ഇതിലേയ്ക്ക് കടന്ന്, ഒരു നിമിഷം, ഈ പുറത്തെ മുദ്രയെ, അതിന്റെ ഉള്ളിലുള്ളതുമായിട്ട് കൂട്ടി കലർത്തി നോക്കാനായി തൊടാം. ഇപ്പോൾ ഇപ്പോൾ കുറച്ച് നേരത്തേക്ക്...കഴിഞ്ഞുപോയ, ആദ്യ മുദ്രയെ പുനഃരവലോകനം ചെയ്യാം.

101 ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ, സാത്താന് ഒരു—ഒരു മതവിശ്വാസിയായ അതിമാനുഷ്യനുണ്ടായിരുന്നു എന്നു നാം ശ്രദ്ധിച്ചിരുന്നു. നിങ്ങൾ ആ വെള്ളക്കുതിര സവാരിക്കാരനെ ശ്രദ്ധിച്ചിരുന്നോ? അതിനെ, അവർ, അങ്ങനെയാണ് വിചാരിച്ചിരുന്നത്...ആദ്യകാല സഭ പുറപ്പെട്ട് പോകുന്നു; എന്നാൽ, ഓ, എന്റെ, അത് വർഷങ്ങളായി പഠിപ്പിക്കപ്പെട്ടിരുന്നു, എന്നാൽ അത് അപ്രകാരം ആയിരിക്കാൻ കഴിയില്ല. നിങ്ങൾ ബാക്കിയുള്ളവരെയും കൂടെ ശ്രദ്ധിച്ചിട്ട്, നമുക്കതെല്ലാം കൂടി തമ്മിൽ തമ്മിൽ ബന്ധിക്കപ്പെടുത്തി കഴിയുമ്പോൾ, അതെവിടെയാണെന്ന്, നോക്കുക. ഇപ്പോൾ ബാക്കിയുള്ളവ എന്തായിരിക്കുമെന്ന്, ഇതുവരെയും എനിക്കറിയില്ല. എന്നാൽ അത് പൂർണ്ണമായി പൊരുത്തപ്പെട്ട് അവിടെ എത്തിയിരിക്കണം, കാരണം ഇത് സത്യമാകുന്നു. ഇത് സത്യം തന്നെ ആകുന്നു. അത് റോമിലെ സഭയുടെ പൗരോഹിത്യ ആധിപത്യമായിരുന്നു. കൃത്യമായും.

102 യഹൂദന്മാരാണ് എതിർക്രിസ്തു എന്ന് വിചാരിച്ചിരുന്ന ജനങ്ങളോ, അവർ സത്യത്തിൽ നിന്നും ദശലക്ഷക്കണക്കിന് മൈൽ ദൂരത്ത് ആയിരിക്കുന്നു. നിങ്ങൾ ഒരിക്കലും യഹൂദന്മാർ എതിർക്രിസ്തുക്കളാണെന്ന് ചിന്തിക്കരുത്. നമ്മുടെ മാനസാന്തരത്തിനായി ഒരു സമയം നല്കി, നമുക്ക് അകത്തു പ്രവേശിക്കാനായി ഒരുവഴി ഉണ്ടാക്കുന്നതിനായി, അവരുടെ കണ്ണുകൾ, ഉദ്ദേശപൂർവ്വം കുരുടാക്കിയിരിക്കുന്നു.

103 എന്നാൽ എതിർക്രിസ്തു ഒരു ജൂതനല്ല. തീർച്ചയായും, അതു സത്യത്തിന്റെ ഒരു കപടവേഷധാരി; *എതിർ,* "വിരോധി." എന്നാകുന്നു. ഇപ്പോൾ, ഈ മഹാനായ അമാനുഷികൻ, ഓ, അവൻ എപ്രകാരമാണ് ഒരു മഹാനായ വ്യക്തിയാകുകയും, അതിന്റെ അവസാനം സിംഹാസനസ്ഥനാകുകയും ചെയ്യുന്നത്. അവൻ സിംഹാസനസ്ഥനായ ശേഷം കിരീടധാരിയാകുന്നു. പിന്നെ, അതിന്

ശേഷം, അവനെ ദൈവത്തിന് പകരമായി ആരാധിക്കപ്പെട്ടുകയും ചെയ്യുന്നു.

104 ഇപ്പോൾ, ഇതിലേയ്ക്ക് കടക്കുന്നതിനു മുൻപായി, ശ്രദ്ധിക്കുക. ഞാൻ നിങ്ങളോട് ചില കാര്യങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നു. ആരായിരുന്നു അത്? 2 തെസെലീനെക്കർ 2:3-ൽ, ഒരു മനുഷ്യൻ വരുമെന്നു, പൗലൊസ് പറയുന്നു, അത് എന്താകുന്നു? എങ്ങനെ അവന് നൂറ്റാണ്ടുകളിലൂടെ നോക്കി അത് കാണാൻ കഴിഞ്ഞു? അവൻ ദൈവത്തിന്റെ പ്രവാചകനായിരുന്നു. തീർച്ചയായും. എന്തായിരുന്നു...

105 അവൻ പറഞ്ഞു "ആത്മാവ് തെളിവായി പറയുന്നു, അന്ത്യകാലത്ത് മനുഷ്യർ വിശ്വാസം വിട്ട്, പ്രലോഭിപ്പിക്കുന്നതിലേയ്ക്ക് ചെവികൊടുക്കും..." *പ്രലോഭിക്കുക* എന്നാൽ എന്നാകുന്നു എന്ന് നിങ്ങൾക്കറിയാമോ? ഒരു സഭയിലെ പ്രലോഭിപ്പിക്കുന്ന ആത്മാവ്, എന്നാൽ പുരോഹിതനാകുന്നു. "പ്രലോഭിപ്പിക്കുന്ന, പുരോഹിതന്റെ ആത്മാവ്, പിശാചിന്റെ പ്രവർത്തികളും; സഭയിലെ കപട വിശ്വാസ പ്രവർത്തികളുമാകുന്നു."

106 "ധാർഷ്ട്യക്കാർ, നിഗളികൾ," ജ്ഞാനം, നോക്കു, മിടുക്കർ, ബുദ്ധിമാന്മാർ; "ഭക്തിയുടെ വേഷം ധരിച്ചവരാകുന്നു." (പോയിട്ട്, പറയും, "നാം ക്രിസ്ത്യാനികളാണ്; നാം പള്ളിയിൽ പോയിരിക്കണം.") "ഭക്തിയുടെ വേഷം ധരിക്കയും, വെളിപ്പാടുകളെ നിരസിക്കുകയും, ആത്മാവിന്റെ ശക്തിയെയും പ്രവർത്തികളെയും ത്യജിച്ചു കളയുന്നവരുമാകുന്നു; അവരെ വിട്ട് ഒഴിഞ്ഞു കൊൾവിൻ." കാണുന്നോ? ഇപ്പോൾ ശ്രദ്ധിക്കുക, അവൻ പറഞ്ഞു, "ഇത്തരക്കാർ വീടുകളിൽ നുഴ്കടക്കുകയും, സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാൻ കഴിയാത്ത പെണ്ണുങ്ങളെ..." അത് പരുശുദ്ധാത്മാഭിഷേകം പ്രാപിച്ച സ്ത്രീകൾ എന്ന് അർത്ഥമാക്കുന്നില്ല. "നാനാ മോഹങ്ങൾക്കും അധീനരായ പെണ്ണുങ്ങളെ സ്വാധീനമാക്കുന്നു."

107 നാനാ മോഹങ്ങൾക്ക് അധീനർ! അവർക്ക് കടക്കാൻ കഴിയുന്ന എല്ലാവിധ ചെറിയ കാര്യങ്ങളിൽ കടക്കാൻ ഇഷ്ടപ്പെടുന്നവരും, അതുപോലെ എല്ലാവിധ സാമൂഹ്യ പ്രസ്ഥാനങ്ങളെ ഇഷ്ടപ്പെടുന്നവരും; എന്നിട്ട് അവർക്ക് തോന്നുന്ന രീതിയിൽ ജീവിച്ചിട്ട് അപ്പോഴും, "ഞങ്ങൾ പള്ളിയിൽ പോകുന്നു. ഞങ്ങൾ മറ്റുള്ള ആരെയും പോലെതന്നെ നല്ലവരാണ്," എന്നു പറയുന്നു. നൃത്തവും, പാർട്ടികളും, മുടി കത്രിക്കലും, ചായം തേയ്ക്കലും, അവരിഷ്ടപ്പെടുന്ന ഏതുതരത്തിൽപ്പെട്ട വസ്ത്രധാരണവും ചെയ്തിട്ട്; അപ്പോഴും "ഞങ്ങൾ—ഞങ്ങൾ പെന്തക്കോസ്തുകാരാണ്. ഞങ്ങൾ മറ്റേരെപ്പോലെയും

നല്ലവരാകുന്നു.” ഓ! നിങ്ങളുടെ പ്രവർത്തികൾ തന്നെ, നിങ്ങളെ തിരിച്ചറിയിക്കുന്നു. വാസ്തവം. ശ്രദ്ധിക്കു.

108 എന്നാൽ അവൻ പറഞ്ഞു, “അവർ ദുഃർബുദ്ധികളും, സത്യത്തോടു മറുത്തു നില്ക്കുന്നവരുമത്രെ.” എന്താണ് സത്യം? വചനം, അതു ക്രിസ്തുവാകുന്നു. “സത്യത്തെ സംബന്ധിച്ച്.”

109 “ഒ, നിങ്ങൾ...ഒരു സ്ത്രീകളെ ഓടിച്ചുകളായുന്നവനാകുന്നു. നിങ്ങൾ ഒരു സ്ത്രീ വിരോധിയാകുന്നു. നിങ്ങൾ *ഇത്, അത്* ചെയ്യുന്നു.”

110 ഇല്ല, ശ്രീമാൻ. അത് ശരിയല്ല. അത് ഒരു—ഒരു വ്യാജമാണ്. ഞാൻ സ്ത്രീകളെ വെറുക്കുന്നില്ല. ഇല്ല ശ്രീമാൻ. അവർ സഹോദരിമാരാണെങ്കിൽ, അവർ എന്റെ സഹോദരിമാരാകുന്നു. എന്നാൽ ഞാൻ ചെയ്യുന്നത്...

111 സ്നേഹം തെറ്റ തിരുത്തുന്നു. അത് തെറ്റ് തിരുത്തുന്നില്ലെങ്കിൽ, അത് സ്നേഹമല്ല. അതാണെങ്കിൽ, അത് സ്നേഹമാണെങ്കിൽ, അത് അഗപ്പാവോ അല്ലാതെ, അത്—അത് ഫീലിയോ സ്നേഹമാണ്, ഞാൻ നിങ്ങൾക്കു പറഞ്ഞു തരാം. കാഴ്ചക്ക് ഭംഗിയുള്ള ഏതെങ്കിലും സ്ത്രീയോട് അവർക്ക് ഒരല്പ ഫീലിയോ സ്നേഹം ഉണ്ടായേക്കാം. എന്നാൽ അഗപ്പാവോ സ്നേഹം എന്നാൽ അതൊരു വ്യത്യസ്തമായ കാര്യമാകുന്നു, ആ സ്നേഹമാണ്, കാര്യങ്ങളെ നേരെയാക്കി, ദൈവവുമായി എവിടെ വെച്ചെങ്കിലും കണ്ടുമുട്ടി, നമ്മെ നിത്യമായി ജീവിക്കാൻ കഴിയുമാറാക്കുന്നത്. കാണുന്നോ? ഒരുപക്ഷേ, അത് കേഴ്വിക്ക് എങ്ങനെയാണോ കേൾക്കുന്നത്, ഞാൻ ആ രീതിയിൽ അർത്ഥമാക്കുന്നില്ല, എന്നാൽ ഞാൻ...ഞാൻ—ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കുന്നു എന്ന് ഞാൻ ആശിക്കുന്നു. ശരി.

112 എന്നാൽ, ഇപ്പോൾ, ഓർക്കുക, “യന്നേസും യമ്പ്രേസും മോശയോട് എതിർത്ത് നിന്നതുപോലെ, ഇവരും സത്യത്തോടു മറുത്തു നിൽക്കും. എന്നാൽ അവരുടെ ബുദ്ധികേട് ഉടൻ തന്നെ വെളിപ്പെടുന്നതാണ്,” എന്നവൻ പറഞ്ഞു.

113 എന്തുകൊണ്ടാണ്? മൗലീകമായും മോശെക്ക് ചെയ്യുന്നതിനുള്ള ഒരു കല്പന കൊടുത്തിരുന്നു, അങ്ങനെ, അവനാൽ കഴിയാവുന്നത്രയും വിശ്വസ്തനായി അവൻ അത് നിർവ്വഹിക്കാൻ പോയി. ഈ വടി, ഇതെടുത്തു കൊണ്ട് പോയി, നിലത്തിടുക, അപ്പോൾ അതൊരു സർപ്പമായി തീരും എന്ന് ദൈവം അവനോട് പറഞ്ഞു. അങ്ങനെ, എന്തു സംഭവിക്കുമെന്ന് അവനെ കാണിക്കാനായി, അവൻ അത് ചെയ്തു. ഫറവോന്റെ മുമ്പിൽ, ദൈവം അവനോട്

ആജ്ഞാപിച്ചതുപോലെ തന്നെ ചെയ്തുകൊണ്ട് അവൻ നില്ക്കുകയും, തന്റെ വടി നിലത്തിട്ടുകയും, അതൊരു സർപ്പമായി തീരുകയും ചെയ്തു.

114 "ഇതൊരു തരംതാരണ മായാജാല വിദ്യ!" എന്നു ഫറവോൻ പറഞ്ഞിരിക്കും, എന്നതിൽ യാതൊരു സംശയവുമില്ല. അതിനാൽ അവൻ ചെന്ന് യന്നോസിനേയും യമ്പ്രേസിനേയും കൂട്ടിക്കൊണ്ട് വന്നു. "ഞങ്ങൾക്കും ഇതു ചെയ്യാൻ കഴിയും," എന്നു പറഞ്ഞു. അവൻ വടി നിലത്തിട്ടപ്പോൾ, അവയും സർപ്പമായി തീർന്നു.

ഇപ്പോൾ മോശെക്ക് എന്തു ചെയ്യാൻ കഴിയും?

115 എന്തായിരുന്നു അത്? ദൈവത്തിന്റെ ഓരോ യഥാർത്ഥ കാര്യത്തിനും, പിശാചിന്റെ പക്കൽ ഒരു കപടമായ അനുകരണമുണ്ടെന്ന്, നമ്മെ അത് കാണിക്കുന്നു. ജനങ്ങളെ യഥാർത്ഥ പാതയിൽ നിന്നും വഴിതെറ്റിച്ചു കളയേണ്ടതിന്, അവർ അത് വ്യാജമായി അനുകരിക്കുന്നു.

116 മോശെ എന്ത് ചെയ്തിരിക്കും? പറഞ്ഞേക്കാം, "കൊള്ളാം ഞാൻ ഒരു തെറ്റ് ചെയ്തെന്നു ഊഹിക്കുന്നു. ഞാൻ തിരികെ പോകുന്നതല്ലേ നല്ലത്?" അവൻ അവിടെ തന്നെ അനങ്ങാതെ നിന്നു, കാരണം, അവന് നല്കപ്പെട്ട കല്പന അക്ഷരംപ്രതി അവൻ പാലിച്ചിരുന്നു.

117 പിന്നെ സംഭവിച്ച ആദ്യത്തെ കാര്യം എന്താണെന്നു നിങ്ങൾക്ക് അറിയാമോ, മോശയുടെ സർപ്പം, മറ്റേതിനെ തിന്നുകളഞ്ഞു. കാണുന്നോ? മറ്റേ സർപ്പത്തിന് എന്തു സംഭവിച്ചു എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അവൻ അതുമായി എവിടെ പോയി? മോശെ നിലത്തുനിന്നും വടി തിരികെയെടുത്ത് അതുമായി പുറപ്പെട്ടു പോയി. അവൻ അതിനാൽ അത്ഭുതങ്ങൾ പ്രവർത്തിച്ചു. മറ്റേ പാമ്പ് ആ വടിയുടെ ഉള്ളിലായിരുന്നു. കാണുന്നോ? അത് ആശ്ചര്യമായിരിക്കുന്നു അതങ്ങനെയല്ലേ? അതെ, ശ്രീമാൻ.

118 ഇപ്പോൾ എതിർക്രിസ്തു, ക്രമേണെ വെളിച്ചത്ത് വന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ ഇത് ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, നിങ്ങൾ ഇതു കേൾക്കുമ്പോൾ...

119 ശ്രദ്ധിക്കു, കത്തോലിക്കരായ എന്റെ സ്നേഹിതന്മാർ, ഒരു നിമിഷം ശാന്തമായിരുന്ന്, ഇപ്പോൾ; അതിനുശേഷം നാം പ്രൊട്ടെസ്റ്റാന്റുകൾ എവിടെയാണെന്ന് കാണാൻ പോകുകയാണ്; നാം എല്ലാവരും എവിടെയാണ്, നോക്കു.

120 ശ്രദ്ധിക്കു, ആദ്യത്തെ സഭ, കത്തോലിക്ക സഭ അവരായിരുന്നു, ആദ്യ സഭ, ആരംഭത്തിലെ സഭയെന്നു പറയുമ്പോൾ, അവർ കൃത്യമായും ശരിയാണ്. അവർ ആയിരുന്നു. അവർ പെന്തെക്കോസ്ത്

നാളിൽ ആരംഭിച്ചു. അവിടെയാണ് കത്തോലിക്ക സഭ ആരംഭിച്ചത്. ഇപ്പോൾ ചരിത്രത്തിൽ ഞാൻ ഇത് വായിച്ച് ഇത് ശരിയാണെന്നു കാണുന്നതുവരെ ഞാൻ ഇത് കഷ്ടിച്ചേ വിശ്വസിച്ചിരുന്നുള്ളൂ. അവർ പെന്തെക്കോസ്ത് നാളിൽ ആരംഭിച്ചു. എന്നാൽ പിടിവിട്ടു പോകാൻ തുടങ്ങിയിട്ട്, അവർ എവിടെ ആയിരിക്കുന്നു എന്നു നിങ്ങൾ കാണുന്നു.

121 ഇപ്പോൾ പെന്തോക്കോസ്ത് പൊയ്ക്കൊണ്ടിരിക്കുന്ന ഈ പിടിവിട്ട വിധത്തിൽ തന്നെ പൊയ്ക്കൊണ്ടിരുന്നാൽ, അവർ രണ്ടായിരം വർഷം പോകേണ്ടി വരികയില്ല. ഇപ്പോൾ തുടങ്ങി നൂറു വർഷത്തിനകം തന്നെ, അവർ കാത്തോലിക്ക സഭ ആയിരിക്കുന്നതിൽ നിന്നും ദൂരമായിപ്പോകും, അത് ശരിയാണ്.

122 എന്നാൽ ഈ വെള്ളക്കുതിര സവാരിക്കാരൻ എങ്ങനെയുള്ളവനെന്ന് ശ്രദ്ധിക്കുക. നാം ഈ മുദ്രയിലേക്ക് കടക്കുന്നവരെ, നാം അതിനൊരു ചെറിയ പശ്ചാത്തലം കൊടുക്കുകയാണ്. ഇപ്പോൾ വെള്ളക്കുതിര സവാരിക്കാരൻ, അവൻ പുറപ്പെട്ടുപോകുമ്പോൾ, ശ്രദ്ധിക്കുക, അവൻ—അവൻ മൂന്ന് ഘട്ടങ്ങളിലായി പ്രവർത്തിക്കുന്നു. കഴിഞ്ഞ രാത്രിയിൽ, ഞാൻ നിങ്ങൾക്ക്, തെളിയിച്ചുതന്നതു പോലെ, പിശാചും ദൈവത്തെപ്പോലെ, ഒരു ത്രിത്വത്തിലാകുന്നു. എന്നാൽ ഈ മൂന്ന് ഘട്ടങ്ങളിലും, ഓരോതവണയും അതേ പിശാചാകുന്നു. അവന്റെ ഘട്ടങ്ങളെ ശ്രദ്ധിക്കുക. ആദ്യഘട്ടത്തിൽ, അവൻ വരുന്നത്...

123 പരിശുദ്ധാത്മാവ് ചൊരിയപ്പെട്ടപ്പോൾ, ജനങ്ങൾക്ക് സകലതും പൊതുവായിട്ടായിരുന്നു ഉണ്ടായിരുന്നത്. ദൈവത്തിന്റെ ആത്മാവ് അവരുടെ മേലും ഉണ്ടായിരുന്നു. അപ്പോസ്തലന്മാർ വീട്ടു വീടാന്തരം പോകുകയും, ജനങ്ങളുമായി അപ്പം നുറുക്കുകയും ചെയ്തിരുന്നു. വലിയ അടയാളങ്ങളും അത്ഭുതങ്ങളും അവരുടെ കയ്യാൽ സംഭവിച്ചു പോന്നു.

124 പിന്നെ—അതിനുശേഷം, ആദ്യത്തെ കാര്യം എന്തായിരുന്നു എന്ന് നിങ്ങൾക്കറിയാമോ, സാത്താൻ ഒരു ചെറിയ പുറപിറുപ്പ് കടന്നുവരാൻ ഇടയാക്കി.

125 അതിനുശേഷം, അല്പം കൂടെ മുന്നോട്ട് പോകുമ്പോൾ, പരിശുദ്ധാത്മാവ് സ്വീകരിച്ചവരായ ആ ദേശത്തുള്ള അടിമകളും മറ്റ് ദരിദ്രരായ ജനങ്ങളും, പല സ്ഥലങ്ങളിലേക്കും പുറപ്പെട്ടുപോയി, സാക്ഷീകരിക്കാൻ തുടങ്ങി. അവർ അവരുടെ യജമാനന്മാരോടും സാക്ഷീകരിച്ചു.

126 അതിനും, കുറച്ച് സമയം കഴിഞ്ഞ്, അവിടെ, ഓ, പട്ടാളത്തിലെ സേനാധിപന്മാരും അതുപോലെയുള്ള വ്യത്യസ്തരായ ജനങ്ങളും

കടന്നു വരാൻ തുടങ്ങി. ഈ മനുഷ്യർ ചെയ്തിരുന്ന അത്ഭുതങ്ങളും അടയാളങ്ങളും വീര്യപ്രവർത്തികളും ഈ പ്രശസ്തരായ വ്യക്തികൾ കണ്ടു, അങ്ങനെ അവരും ക്രിസ്തുമതം സ്വീകരിച്ചു.

127 ശരി, അങ്ങനെ, നിങ്ങൾ നോക്കിയാൽ, അവൻ ക്രിസ്തുമതത്തെ പുണർന്നപ്പോൾ, ഈ ജനങ്ങൾ ഒരുമിച്ച് കൂടി വന്ന്, കൈകൊട്ടുകയും, ഒച്ചവയ്ക്കയും, അന്യഭാഷ പറയുകയും ചെയ്തിരുന്ന, പഴയതും ചെറുതുമായ ഇരുട്ടറപോലെയുള്ള അറകളിൽ അവരോടൊപ്പം പോയി, സന്ദേശം സ്വീകരിച്ചിരുന്നു. അവർ അത് അവരുടെ വ്യാപാരത്തിലെ മത്സര പങ്കാളികളായിരുന്നവരേട് അല്ലെങ്കിൽ അതുപോലെയുള്ള ആളുകളോട് ഒരിക്കലും പറഞ്ഞിരുന്നില്ല, എന്തുകൊണ്ട്, "അങ്ങനെ ഒരു കാര്യം, അവൻ ഒരിക്കലും വിശ്വസിക്കുകയില്ല," തീർച്ചയായും ഇല്ല. അതിനാൽ, അവന് അതിനെ മറ്റൊരു വിധമാക്കേണ്ടിവന്നു. അങ്ങനെ അവർ ഒരുമിച്ച് കൂടി, ആലോചിക്കാൻ തുടങ്ങി, "ഒരു ചെറിയ വ്യത്യസ്തമായ വിധത്തിൽ നമുക്ക് രൂപീകരിക്കാം."

128 ഒന്നാമത്തെ സഭാ കാലം, കഴിഞ്ഞ ഉടൻ തന്നെ, യേശു, അവൻ അവരോട് പറഞ്ഞിരുന്നു. വെളിപ്പാടിന്റെ 2-ാം അദ്ധ്യായത്തിൽ, "അത് നിക്കോലാവ്യരുടെ നടപ്പാകുന്നു അതിനാൽ, നിന്നെക്കുറിച്ച് എനിക്ക് ഒരു കുറ്റം പറവാനുണ്ട്."

129 *നിക്കോ,* എന്നുവച്ചാൽ, സാമാന്യജനങ്ങളെ "കീഴടക്കുക" എന്നാകുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, എല്ലാവരും ഒന്നായി തീരുന്നതിന് പകരം, ഒരു വിശുദ്ധ മനുഷ്യനെ ഉണ്ടാക്കുന്നതിന് അവർ ആഗ്രഹിച്ചിരുന്നു. അവർ വിട്ടുപോരുന്നിരുന്നതായ വിഗ്രഹാരാധനയുടെ അതേ മാതൃകയായി...എന്തെങ്കിലും രീതിയിലുള്ള ഒരു കാര്യം അവർ ആഗ്രഹിക്കുകയും, അവസാനമായപ്പോൾ അവർ അത് ഉണ്ടാക്കുകയും ചെയ്തു.

130 ഇപ്പോൾ ശ്രദ്ധിക്കുക. ആദ്യമായി, "നിക്കോലാവ്യർ." ബൈബിളിൽ *നിക്കോലാവ്യരെ* "എതിർക്രിസ്തു," എന്ന് വിളിക്കുന്നു, എന്തുകൊണ്ടെന്നാൽ, അത് ക്രിസ്തുവിന്റെ മൂല ഉപദേശങ്ങൾക്കും, അപ്പോസ്തലന്മാർക്കും എതിരായിരുന്നു.

131 ഈ മനുഷ്യന്റെ പേരു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം ഒരു മഹാനായ മനുഷ്യനാണ്. എന്നാൽ കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഇവിടെ അദ്ദേഹത്തിന്റെ ഒരു യോഗത്തിൽ ഞാൻ സംബന്ധിച്ചിരുന്നു. ഞാൻ അവിടെ ഉണ്ടായിരുന്നു എന്ന് അദ്ദേഹം അറിഞ്ഞിരുന്നു, കാരണം ഞാൻ അദ്ദേഹത്തിന്റെ കൈപിടിച്ച് കുലുക്കിയിരുന്നു. അദ്ദേഹം പറഞ്ഞു, "ഓ, നിങ്ങൾക്കറിയാമോ, നമുക്കിന്ന് പെന്തക്കോസ്തുകാർ എന്ന്

വിളിക്കപ്പെട്ടുന്നവരുണ്ട്." പിന്നെ പറഞ്ഞു, "അവർ അപ്പോസ്തല പ്രവർത്തികളുടെ പുസ്തകത്തെയാണ് ആധാരമാക്കിയിരിക്കുന്നത്." എന്നിട്ട് പറഞ്ഞു, "നിങ്ങൾ നോക്കൂ, അപ്പോസ്തല പ്രവർത്തികൾ, സഭ കെട്ടിപ്പടുക്കുന്നതിനുള്ള ഒരു താല്ക്കാലിക പണിത്തട്ട് മാത്രമായിരുന്നു."

132 ബൈബിൾ പഠിച്ചിട്ടുള്ള, വന്ദ്യവയോധികനായ ഒരു മനുഷ്യൻ, അതായത് ഈ മനുഷ്യൻ പിൻപറ്റിക്കൊണ്ടിരുന്ന വിധത്തിൽ തന്നെ ബൈബിൾ പഠിച്ചിട്ടുള്ള ഒരു വ്യക്തി, ഇതുപോലൊരു പ്രസ്താവന നടത്തുന്നത്, നിങ്ങൾക്ക് ഒന്ന് ഊഹിക്കാൻ കഴിയുമോ? അത് കേഴ്വിക്ക് കൊള്ളരുതാത്ത...അത് കേഴ്വിക്ക് പരിശുദ്ധാത്മാവായിരുന്നു എന്നു തോന്നിയിരുന്നില്ല. കൊള്ളാം, അത് ഒരിടത്തും, ആയിരിക്കാൻ പാടില്ല.

133 കാരണം, സാമാന്യ പരിജ്ഞാനമുള്ള ഏതൊരു വ്യക്തിക്കും, അപ്പോസ്തല പ്രവർത്തികൾ, അപ്പോസ്തലന്മാരുടെ പ്രവർത്തികൾ ആയിരുന്നില്ല എന്നറിയാം. അത് അപ്പോസ്തലന്മാരിൽ ആയിരുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തികളായിരുന്നു. നാം അതിനെ സഭാകാലഘട്ടത്തിൽ എപ്രകാരം മാതൃകയാക്കിയിരുന്നു എന്നുള്ളത് നിങ്ങൾക്കറിയില്ലേ? ആ ജീവികൾ അവിടെ ഇരുന്നുകൊണ്ട്, നിയമപ്പെട്ടകത്തെ കാത്തിരുന്നു. മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ ഇവരുടെ എഴുത്തിന്റെ ഫലങ്ങളാണ് അവിടെ സംഭവിച്ചിരിക്കുന്നത്.

134 വൃക്ഷം അതിന്റെ ആദ്യ കൊമ്പ്, പുറപ്പെട്ടുവിച്ചപ്പോൾ, അതാണ് സംഭവിച്ചത്. ആ വൃക്ഷം, ഇനിയും മറ്റൊരു കൊമ്പ് കൂടി പുറപ്പെട്ടുവിച്ചാൽ, അവർ അപ്പോസ്തല പ്രവൃത്തികളുടെ മറ്റൊരു പുസ്തകം കൂടി അതിന് പിന്നിലായി എഴുതും. കാരണം, നോക്കൂ, അതേ കാര്യത്തിലേയ്ക്ക് അതേ ജീവൻ തന്നെ കടക്കേണ്ടതുണ്ട്.

135 അതുകൊണ്ട് ഇന്നു നമുക്കുള്ള, മെഥോഡിസ്റ്റ്, ബാപ്റ്റിസ്റ്റ്, പ്രിസ്ബിറ്റേറിയൻ, ലൂഥറിൻ, ചർച്ച് ഓഫ് ക്രൈസ്റ്റ്, പെന്തക്കോസ്ത് എന്നും മറ്റുമുള്ള, നമ്മുടെ നാമധേയ സഭകളിലേയ്ക്ക് നോക്കായിൽ, എവിടെയാണ് നമുക്കത് കണ്ടുപിടിക്കാൻ കഴിയുന്നത്? നിങ്ങൾ അത് കണ്ടുപിടിക്കില്ല.

136 അവിടെ ഉണ്ടായിരിക്കുന്നതിൽ, അതിനോട് ഏറ്റവും അടുത്തുള്ള കാര്യം പെന്തക്കോസ്താണെന്നു ഞാൻ സമ്മതിക്കാം, കാരണം അവർ ഇവിടെ ലാവോദിക്യാ സഭാകാലഘട്ടത്തിലാകുന്നു. അവരുടെ പക്കൽ സത്യമുണ്ടായിരിക്കയും, നിരസിച്ചുകളയുകയും ചെയ്തിരിക്കുന്നു. അവർ ശീതോഷ്ണാവസ്ഥയിൽ എത്തിയിട്ട്, ദൈവം അവരെ അവന്റെ

വായിൽനിന്നും ഉമിണ്ണകളഞ്ഞിരിക്കുന്നു. അത് ശരിക്കും തിരുവെഴുത്ത് പ്രകാരമാകുന്നു.

137 നിങ്ങൾക്ക് ആ തിരുവെഴുത്തുകളെ കളവാക്കാൻ കഴിയുകയില്ല. കാണുന്നോ? അവ എല്ലായ്പ്പോഴും സത്യം തന്നെ ആയിരിക്കും. ശ്രമിക്കരുത്...നിങ്ങളുടെ ചിന്തകൾക്ക് അനുസരിച്ച് തിരുവെഴുത്തുകളെ പൊരുത്തപ്പെടുത്താൻ ശ്രമിക്കാതെ...എന്നാൽ, നിങ്ങളെത്തന്നെ തിരുവെഴുത്തുമായി പൊരുത്തപ്പെടുത്തുക. അപ്പോഴാണ് നിങ്ങൾ ദൈവത്തെ അനുസരിച്ച് നടക്കുന്നത്. എന്തൊക്കെ എടുത്തു മാറ്റേണ്ടിവന്നാലും, അല്ലെങ്കിൽ ഒരു വശത്തേക്ക് ഇടേണ്ടിവന്നാലും അതൊരു കാര്യമല്ല. കാണുന്നോ?

138 ആദ്യത്തെവട്ടം അത് വീണപ്പോൾ എന്താണ് ചെയ്തതെന്ന് നോക്കുക. ശരി, ദൈവം ആദ്യത്തെ വട്ടം അങ്ങനെ പ്രവർത്തിച്ചെങ്കിൽ, രണ്ടാമത്തെ വട്ടവും അവന് അതുപോലെതന്നെ പ്രവർത്തിക്കണം. ഓരോ തവണയും അവന് അതുപോലെതന്നെ പ്രവർത്തിക്കണം, അതല്ലെങ്കിൽ അവൻ ആദ്യത്തെ വട്ടം പ്രവർച്ചത് തെറ്റാണ്.

നോക്കൂ, നാം മർത്യരായിട്ട്, നാം തെറ്റുകൾ ചെയ്യുന്നു. ദൈവത്തിന് ചെയ്യാനികില്ല.

139 ദൈവത്തിന്റെ ആദ്യത്തെ തീരുമാനം തന്നെ പരിപൂർണ്ണമായിരിക്കും. അവൻ തന്റെ പ്രവർത്തികൾക്കായി തിരഞ്ഞെടുക്കുന്ന വഴികളിൽ നിന്നും, മെച്ചമായ മറ്റ്, യാതൊരു കഴിയുകയുമില്ല. അവന് അതിന്റെ മേൽ കൂടുതൽ മെച്ചമാക്കാൻ കഴിയില്ല, കാരണം അതിന്റെ തുടക്കം മുതലേ അതു സമ്പൂർണ്ണതയിലാകുന്നു. അത് അപ്രകാരം അല്ലെങ്കിൽ പിന്നെ അവൻ അനന്തനല്ല. അവൻ അനന്തനാണെങ്കിൽ, പിന്നെ സർവ്വജ്ഞാനിയാകുന്നു. അവൻ സർവ്വജ്ഞാനിയാണെങ്കിൽ അവൻ സർവ്വശക്തനാകുന്നു. ആമേൻ! ദൈവമായിരിക്കുന്നതിന്, അവൻ അപ്രകാരം ആകേണ്ടിയിരിക്കുന്നു. കാണുന്നോ? അതുകൊണ്ട്, നിങ്ങൾക്ക്—നിങ്ങൾക്ക് ഇപ്പോൾ "അവൻ കൂടുതൽ അറിവ് നേടി," എന്ന് പറയാൻ കഴിയില്ല അവൻ കൂടുതൽ അറിവ് നേടുന്നില്ല. അവൻ—അവൻ ആ സകലജ്ഞാനത്തിന്റെയും ഉറവിടമാകുന്നു. കാണുന്നോ?

140 നമുക്ക് ഇവിടെയുള്ള ജ്ഞാനം സാത്താനിൽ നിന്നും വരുന്നു. നമുക്ക് ഏദേൻ തോട്ടത്തിൽ നിന്ന് പാരമ്പര്യമായി കിട്ടിയിരിക്കുന്നതാണ്. അവിടെ നാം വിശ്വാസത്തിന് പകരം ജ്ഞാനത്തെ കൈമാറ്റം ചെയ്തു. ഹവ്വയാണ് അത് ചെയ്തത്.

141 ഇപ്പോൾ, അവനെ ആദ്യം എതിർക്രിസ്തു എന്ന് വിളിച്ചിരുന്നു. രണ്ടാമത്തെ ഘട്ടത്തിൽ അവൻ കള്ളപ്രവാചകൻ എന്ന് വിളിക്കപ്പെട്ടു, കാരണം, ജനങ്ങളുടെ ഇടയിലുള്ള ആ ആത്മാവ് മനുഷ്യനായി അവതരിക്കും.

142 വെള്ളക്കുതിര സവാരിക്കാരന്, അവന്റെ തുടക്കത്തിൽ ഒരു കിരീടം ഉണ്ടായിരുന്നില്ലെന്നു, നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും, എന്നാൽ...പിന്നീട് അവന് ഒരു കിരീടം നല്കപ്പെട്ടു. എന്തുകൊണ്ടാണ്? അവന്റെ തുടക്കം നിക്കൊലാവ്യരുടെ ആത്മാവായിട്ടായിരുന്നു; അതിന്ശേഷം അവൻ ഒരു മനുഷ്യനിൽ അവതരിക്കുകയും, അപ്പോൾ ഒരു കിരീടം ലഭിക്കുകയും, ഒരു സിംഹാസനം പ്രാപിച്ച് കിരീടധാരിയായിരിക്കുകയും ചെയ്തു. നാം കണ്ടതുപോലെ...അതിന് ശേഷം അവൻ അതിൽ ദീർഘനാൾ വരെ ഇരിക്കുകയും...മുദ്രകൾ തുറക്കപ്പെട്ടുമ്പോൾ.

143 അതു കഴിയുമ്പോൾ, ഈ നീണ്ട സമയത്തിനു ശേഷം, സാത്താനെ സ്വർഗ്ഗത്തിൽ നിന്ന് ചവിട്ടി പുറത്താക്കുന്നത്, നാം കാണുന്നതാണ്. തിരുവെഴുത്ത് പ്രകാരം, അവൻ താഴേക്ക് വന്നു, സ്വയം അവനെ തന്നെ സിംഹാസനത്തിൽ പ്രതിഷ്ഠിക്കുന്നു. അവൻ സ്വയം ആ മനുഷ്യനിൽ പ്രതിഷ്ഠിച്ചുകൊണ്ട്, മൃഗമായി തീരുന്നത്, ഒന്ന് ചിന്തിച്ചുനോക്കുക. അവൻ ചെയ്തിരുന്നതുപോലെ, അത്ഭുതാശ്ചര്യങ്ങളെ ചെയ്യാനും, അത്—അത് കൊലയും രക്തപാതകവും അങ്ങനെയുള്ള എല്ലാകാര്യങ്ങളുമായി, അവന്റെ പക്കൽ ശക്തിയും, പരമാധികാരവും ഉണ്ടായിട്ട്, റോമിന് ഉല്പാദിപ്പിക്കാൻ കഴിയുന്ന കാര്യങ്ങളായിരിക്കും. ശരി. റോമിന്റെ ക്രൂരമായ ശിക്ഷാവിധിയാൽ, അവൻ കൊല്ലപ്പെട്ടു. ഓ നമുക്ക് എപ്രകാരം ഇവിടെ കുറച്ച് തിരുവെഴുത്തുകൾ തുറക്കാൻ കഴിയും!

144 റോമിന്റെ ശിക്ഷാവിധിയാൽ, വധശിക്ഷയാലാണ്, യേശുക്രിസ്തു മരിച്ചതെന്നു ഓർക്കുക.

145 അടുത്ത ദുഃഖവെള്ളിയാഴ്ച ഉച്ച കഴിഞ്ഞുള്ള യോഗത്തിൽ പ്രസംഗിക്കാനായി എന്റെ ഹൃദയത്തിലുള്ള സന്ദേശം മൂന്നോ നാലോ വാക്കുകൾ അടങ്ങിയ കാര്യമാകുന്നു. "അവിടെ അവർ അവനെ ക്രൂശിച്ചു." "*അവിടെ,*" ലോകത്തിലെ ഏറ്റവും മതപരമായ വിശുദ്ധ സ്ഥലം യെരുശലേമാകുന്നു. "*അവർ,*" ലോകത്തിൽ ഏറ്റവും വിശുദ്ധനായിരിക്കേണ്ട ജനങ്ങൾ, യഹൂദർ. "അവർ അവിടെ *ക്രൂശിച്ചു,*" റോമിന് നൽകാൻ കഴിഞ്ഞ ഏറ്റവും ക്രൂരമായ ശിക്ഷ. "*അവനെ* ക്രൂശിച്ചു," എന്തായിരുന്നു? ജീവിച്ചിരുന്നിട്ടുള്ളതിൽ വച്ചേറ്റവും മഹാനായ വ്യക്തി. "അവിടെ അവർ അവനെ ക്രൂശിച്ചു." ഓ, ദൈവമേ!

146 ഒരു കൂട്ടം വ്യാപാരികളുടെ കൂട്ടത്തിലേക്ക്, അവരുടെ നില എന്താണെന്ന് അവർ കാണുന്നത് വരെ ഈ കാര്യത്തെ അവരുടെ ഇടയിലേക്ക് തിരിക്കാനായി ദൈവമേ നീ എന്നെ സഹായിക്കേണമേ. ശരി. ഇപ്പോൾ വ്യത്യസ്തനായിരിക്കുന്നതിനോ, ദൂഷിപ്പുണ്ടാകുന്നതിനോ അല്ല; എന്നാൽ അതിനെ പിടിച്ച് കുലുക്കിയിട്ട്, ഈ സഹോദരന്മാർ, അവരുടെ സ്ഥാനമാനങ്ങളും, വിശുദ്ധപിതാക്കന്മാരും എന്നെല്ലാം, അവരുടെ വ്യാപാരികളുടെ മാസികയിൽ എഴുതി പ്രസിദ്ധീകരിക്കുന്നത് വെറും അസംബന്ധമാണെന്ന് അവർ കാണുന്നതിന് വേണ്ടിയാകുന്നു. ക്രിസ്ത്യാനികൾ യതൊരു മനുഷ്യനെയും, "പിതാവ്," എന്ന് വിളിക്കാൻ പാടില്ല. അവർ അത് തുടങ്ങിയിരിക്കുന്നു. എനിക്ക് കഴിയാവുന്ന എല്ലാവിധത്തിലും ഞാൻ അവരെ സഹായിക്കാൻ ശ്രമിച്ചിരിക്കുന്നു. ഈ ടേപ്പുകൾ എവിടേക്ക് പോകുന്നുവെന്ന് ഇപ്പോൾ നിങ്ങൾ നോക്കികൊള്ളുക. അതുകൊണ്ട്, ഞാൻ തീർത്തിരിക്കുന്നു. എനിക്ക് അതിമായി തീർച്ചയായും യാതൊന്നും ചെയ്യാനില്ല. ശരി. ആദ്യം, ക്രിസ്തുവിനെ ഓർക്കുക.

147 ആദ്യമായിട്ട്, നിക്കോലാവ്യ...നിക്കോലാവ്യരുടെ കാലഘട്ടം എന്താണ് ആഗ്രഹിച്ചത്? ഒച്ചവയ്ക്കുകയും കൈയ്യടിക്കുകയും ചെയ്തിരുന്നത് അപമാനിതമായി കാണപ്പെട്ടിട്ട്; ഈ കൂട്ടരിൽനിന്നും വേർപിരിഞ്ഞിരിക്കാൻ അത് ആഗ്രഹിച്ചു; പെന്തക്കോസ്തു നാളിൽ, അവർ മദ്യപിച്ച് ഉന്മത്തരായ മനുഷ്യരെപ്പോലെ ആത്മാവിൽ നൃത്തം ചെയ്യുകയും, അതുപോലെയുള്ള കാര്യങ്ങളുമായി അവർ പ്രവർത്തിച്ചിരുന്നു. അത്തരത്തിൽപ്പെട്ട കാര്യങ്ങൾ അവർ ആഗ്രഹിച്ചിരുന്നില്ല. അവർ കുടിച്ചു മത്തനായിരിക്കുന്നു എന്ന് അവരെക്കുറിച്ച് പറഞ്ഞിരുന്നു. ശ്രദ്ധിക്കുക, ആ പ്രസിദ്ധനായ വ്യക്തി...ഇത് വിട്ടുകളയരുത്! ഇത് നിങ്ങൾക്ക് ഭ്രാന്തുപോലെ കേൾക്കും, എന്നാൽ ഇത് സത്യമാകുന്നു. മാന്യരും പ്രശസ്തരുമായ ജനങ്ങൾ കടന്നുവന്നപ്പോൾ, അവർക്ക് ഈ നിലയിലേക്ക് താണ് വരാൻ കഴിഞ്ഞില്ല.

148 ദൈവത്തെ എന്താണ് വലുതാക്കുന്നത്, കാരണം അവന് താഴാൻ തക്കവണ്ണമുള്ള അത്രയുമായി അവൻ വലിയവനാകുന്നു. അതാണ് അവനെ വലിയവനാക്കുന്നത്. മറ്റൊന്നും വലുതായിട്ടില്ല. ഏതൊരു മനുഷ്യനും, സ്വയം തന്നെ താഴ്ത്തുവാൻ കഴിഞ്ഞിരുന്നതിലും കൂടുതലായി, അവൻ അവനെതന്നെ താഴ്ത്തി. അവൻ സ്വർഗ്ഗത്തിലെ രാജാവായിരുന്നു, അവൻ ഈ ഭൂമിയിലെ ഏറ്റവും താഴ്ന്ന നഗരമായ, യെരിഹോവിൽ വന്നു. ആ നഗരത്തിലെ ഏറ്റവും

ചെറിയ മനുഷ്യനുപോലും, അവനെ കാണുന്നതിന് താഴേക്ക് നോക്കേണ്ടിയിരുന്നു. അത് ശരിയല്ലേ? സഹായി. അത് ശരിയാണ്. ഏതൊരു മനുഷ്യജീവിയും വിളിക്കപ്പെടാവുന്നതിലും വച്ചേറ്റവും നീചമായ പേരായ "ഒരു അഭിചാചാരക്കാരൻ, ഒരു പിശാച്, ബിയെത്സബൂബ്," എന്നെല്ലാം അവൻ വിളിക്കപ്പെട്ടു. അവനെക്കുറിച്ച് ലോകം വിചാരിച്ചത് അതായിരുന്നു. ഏറ്റവും ക്രൂരമായ മരണത്താൽ മരിച്ചു. തന്റെ തല ചായ്ക്കാൻ ഒരിടമില്ലാതെ, സകല സഭാസംഘടനകളാലും അവൻ തള്ളിപ്പുറത്താക്കപ്പെട്ടു.

149 എന്നാൽ ദൈവം അവനെ ഉയർത്തിയപ്പോൾ, അത്രയും ഉയരത്തിലായിട്ട്, അവന് സ്വർഗ്ഗത്തെ നോക്കേണ്ടതിന് കീഴ്പ്പോട്ടു നോക്കണമായിരുന്നു. ദൈവം, എങ്ങനെയാണ്, എളിമയിലായിരിക്കുന്നത് എന്നു നോക്കു. കാണുന്നോ? അവന് അവൻ അത്രയേറെ മഹത്തമേറിയ ഒരു നാമം കൊടുത്തിട്ട്, ഭൂമിയിലും ഉള്ള സർവ്വകുടുംബവും, സ്വർഗ്ഗത്തിലുള്ള സകല കുടുംബങ്ങളും അവന്റെ നാമത്താൽ വിളിക്കപ്പെടുന്നു. ഭൂമിയിലുള്ള കുടുംബം മുഴുവനും "യേശു" എന്ന നാമത്തിൽ അറിയപ്പെടുന്നു. സ്വർഗ്ഗത്തിലുള്ള സകല കുടുംബവും "യേശു" എന്ന നാമത്തിൽ അറിയപ്പെടുന്നു. അത് അത്രയും വലിയ നാമമായിട്ട്, എല്ലാ മുഴങ്കാലും മടങ്ങും, എല്ലാ നാവും അവൻ തന്നെ കർത്താവ്, എന്ന്; ഭൂമിയിലും, നരകത്തിലും ഏറ്റുപറയും. നരകം അതിന് മുമ്പിൽ മുട്ടുകുത്തും. മറ്റുള്ളവയെല്ലാം അതിനു മുമ്പിൽ മുട്ടുകുത്തും. കാണുന്നോ? ദൈവം ഉയർത്തപ്പെടട്ടെ. "തന്നെത്താൻ താഴ്ത്തുന്നവനെ ദൈവം ഉയർത്തും." കാണുന്നോ?

150 ഇപ്പോൾ, *നിക്കോലോവ്യാ* ആത്മാവിനു ജ്ഞാനവും, ബുദ്ധിയും ആവശ്യമായിരുന്നു എന്ന് നാം കണ്ടു. അത് ഏദേൻ തോട്ടത്തിലെപ്പോലെ, ദൈവ വചനത്തിന് വിപരീതമായി ജ്ഞാനത്താൽ യുക്തിവാദം നടത്തുകയും, സഭ അതിനുവേണ്ടി വീണുപോകുകയും ചെയ്തിരിക്കുന്നു. എന്തായിരുന്നു അത്?

151 ഇപ്പോൾ, നമുക്ക് ഉദാഹരണമായി, ഈ സഭയെയും, ഇവിടെ നമ്മെപ്പോലെയുള്ള ഈ ഒരുകൂട്ടം ജനങ്ങളെ, യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിൽ നിറഞ്ഞിട്ടില്ലാത്തവരെ നമുക്ക് എടുത്തുനോക്കാം. നമുക്ക് എടുത്തുകൊണ്ട്, പറയാം...നമ്മുടെ മേയറിന് എതിരായിട്ട് ഒന്നും പറയുന്നില്ല. ശ്രീമാൻ ബൊട്ടൊർഫിന്, എനിക്ക് അറിയാമെന്നു ഞാൻ കരുതുന്നില്ല. ശ്രീമാൻ ബൊട്ടൊർഫ് ഇപ്പോഴും മേയറാണോ? നോക്കു, ശ്രീമാൻ ബൊട്ടൊർഫ്, എന്റെ ഒരു നല്ല സുഹൃത്താകുന്നു. നോക്കു. എന്നാൽ, നഗരസഭാദ്ധ്യക്ഷനും, പോലീസ് മേലധികാരികളും, വ്യവസായ സ്ഥാപകന്മാരും ഇവരെല്ലാം

ഇവിടെ വരുന്നുണ്ട് എന്ന് നമുക്ക് പറയാം. ആദ്യമായിട്ട്, ഒരു കാര്യം നിങ്ങൾക്കറിയാമോ? അവർക്ക് എന്തെങ്കിലും ഒരു ചെറിയ വ്യത്യസ്ത അഭിപ്രായമുണ്ടായിട്ട് അവർ സഭാ ഭാരവാഹികളോടും ഇവിടെയുള്ള ജനങ്ങളോടും പറയുകയാണ്, "നിങ്ങൾക്കറിയാമോ? ഈ കാര്യം ഇങ്ങനെ അല്ല ആയിരിക്കേണ്ടത്." നിങ്ങൾ ആത്മാവിൽ നിറഞ്ഞിട്ടില്ലെങ്കിൽ, ആദ്യത്തെ കാര്യം സംഭവിക്കുന്നത് എന്താകുന്നു എന്നുവച്ചാൽ നിങ്ങൾ അവരോട് യോജിച്ചുകൊണ്ട് സംസാരിക്കാൻ തുടങ്ങും, പുൾപ്പിറ്റിൽ ഒരു യഥാർത്ഥ പരിശുദ്ധാത്മാവു നിറഞ്ഞയാളെ കിട്ടിയിരിക്കണം. ഒരുപക്ഷേ അത് ഈ തലമുറ ആയിരിക്കുകയില്ലെങ്കിൽ; ഇതിന് അടുത്ത തലമുറ ആയിരിക്കാനിടയുണ്ട്.

152 ആ രീതിയിലാണ് അത് തുടങ്ങിയത്. കാണുന്നോ? എന്തുകൊണ്ടാണ്? അവർ പറയാൻ തുടങ്ങി, "ഇവിടെ നോക്കൂ, ഇത് ന്യായമായ കാര്യമാണ്." നിങ്ങൾ, നിങ്ങൾ ഇത് ശ്രദ്ധിക്കണം.

153 ഉദാഹരണമായി ഒരു മനുഷ്യൻ ഇവിടെ കടന്നുവന്നിട്ട് പറയുന്നു, "ഈ പള്ളി തീരെ ചെറുതാണ്. നമുക്കൊരു വലിയ പള്ളി പണിയാം. ഇവിടെ ഞാൻ നിങ്ങൾക്ക് ഒരു പള്ളി പണിതുതരാം, അത്... അതിന് ഇത്ര കാശും, ഒരു അരക്കോടി ഡോളർ ചിലവ് വരും. അത് അവിടെ ഇടാം. ഞാൻ ഈ കാര്യത്തെ റേഡിയോയിൽ പ്രക്ഷേപണം ചെയ്യും." അങ്ങനെ അവർ അത് ചെയ്യുമ്പോൾ, അവർക്ക് ഒരു കോടാലിക്ക് മൂർച്ച കൊടുക്കേണ്ടിവരും; പത്തിൽ ഒമ്പത് വട്ടവും അത് അവയിൽപ്പെട്ടതു പോലെയുള്ള കാര്യങ്ങളാകുന്നു. അപ്പോൾ, അവൻ അതു ചെയ്യുകയാണെങ്കിൽ, അതിലെ ആദ്യത്തെ കാര്യമെന്നത്, അവന് സ്വയം അനുയോജ്യമായ രീതിയിൽ കാര്യങ്ങളെ ചെയ്യുന്നു. "നിങ്ങൾക്ക് യാതൊന്നും പറയാൻ കഴിയില്ല, കാരണം, സഹോദരൻ ജോൺ ഡിയോയാണ് അതിനു പിന്നിലുള്ളത്, അദ്ദേഹമാണ് ഈ പള്ളി കെട്ടാനുള്ള ധനസഹായം നൽകുന്നത്." കാണുന്നോ? അതുകഴിയുമ്പോൾ ഏതെങ്കിലും ഒരു സെമിനാരിയിൽ നിന്നും വന്ന ഒരു റിക്കിയെപ്പോലെയുള്ള ഒരുവനെ കിട്ടിയിട്ട്, സൗത്ത് ആഫ്രിക്കയിലെ ചാരനിറത്തോടുകൂടി മഞ്ഞനിറമുള്ള മനുഷ്യന് (ഹോട്ടെൻടോറ്റ്) പേർഷ്യയിലും അറബ് രാജ്യങ്ങളിലും പണ്ടത്തെ ഒരു നൃത്തമായ (ഈജിപ്റ്റിലെ രാത്രിയെ) കുറിച്ച് യാതൊന്നും അറിയാൻ പാടില്ലാത്തതുപോലെ അവൻ, അവൻ അവിടേയ്ക്ക് കടന്നു വരികയും അവരെ അവൻ സേവിക്കാനും തുടങ്ങുന്നു, കാരണം, അവന് ചുറ്റുമായി കറങ്ങിനടക്കുന്നതിനും, ഒരു പുതിയ കാറും, അവന് *ഇതും അതും മറ്റേതും* എല്ലാം അവൻ വാങ്ങിക്കൊടുക്കുന്നു.

154 ഇപ്പോൾ, ശരിക്കും ഇപ്രകാരമാണ് ആ കാര്യം അവിടെ തുടങ്ങിയത്. ശരി, ശ്രദ്ധിക്കു. ജ്ഞാനവും മിടുക്കും! അവർ പറഞ്ഞു, "ഇപ്പോൾ, ഇവിടെ നോക്കു, ഇതായിരുന്നില്ലേ ബുദ്ധിപരമായ കാര്യം? ഇപ്പോൾ...നമ്മുടെ—നമ്മുടെ സ്ത്രീകൾ അവരുടെ മുടി എങ്ങനെ വെട്ടുന്നു എന്നുള്ളതിൽ എന്ത് വ്യത്യാസമാണുള്ളത്?" എന്നാൽ ബൈബിൾ പറയുന്നു അത് വ്യത്യാസം ഉണ്ടാക്കുന്നു. ബാക്കിയുള്ള നൂറോളം കൂട്ടം കാര്യങ്ങളിൽ നിന്നും, ആ ഒരു കാര്യം മാത്രം എടുക്കുക. കാണുന്നോ? അതൊരു വ്യത്യാസം ഉണ്ടാക്കുന്നു, ദൈവം അത് പറഞ്ഞിരിക്കുന്നു, അതിനാൽ അതൊരു വ്യത്യാസം ഉണ്ടാക്കുന്നു.

155 എന്നാൽ, നിങ്ങൾ നോക്കു, അവർ അത് തുടങ്ങുകയാണെങ്കിൽ, ട്രസ്റ്റി ബോർഡും, ശുശ്രൂഷകന്മാരും മറ്റെല്ലാവരും കൂടി ഒന്നായിട്ട്, ആദ്യത്തെ കാര്യമെന്നത്, ഒന്നുകിൽ പാസ്റ്ററിനെ അകത്താക്കും അല്ലെങ്കിൽ പുറത്താക്കും. അത്രതന്നെ. നോക്കു, ജനങ്ങളാണ് ഇതിനെ വോട്ട് ചെയ്ത് അകത്താക്കുന്നത്. ശരി.

156 ഇപ്പോൾ ശ്രദ്ധിക്കുക. ആ ആത്മാവ് പ്രവർത്തിക്കാൻ തുടങ്ങുകയും, അതായത്, അത് ആ സഭയാണ്, അതിൽ അത്രയും അധികം പ്രശസ്തിയും, അധികം വലിയ കാര്യങ്ങളും, അത്രയും പണവും എല്ലാമായിട്ട് തുടങ്ങുകയും, കുറച്ച് നേരത്തിനുള്ളിൽ തന്നെ, അവർ അതിന് ചെവികൊടുത്ത് അതിനുവേണ്ടി വീണുപോകുകയും ചെയ്യുന്നു, അത് പിശാചിന്റെ വക്രതയാകുന്നു.

157 ഇതേ കാര്യം തന്നെയാണ് ഹവ്വ ഏദേൻ തോട്ടത്തിൽ ചെയ്തത്. ഇപ്പോൾ, നിങ്ങൾ അത് കേൾക്കുന്നു. അത് ശരിയാണ്. നോക്കു, ആദാമിന്റെ മണവാട്ടിയായിരുന്ന, പ്രാകൃത സ്ത്രീ, ഒരു ഭാര്യയായി അവൻ അവളുടെ അടുക്കൽ എത്തുന്നതിനു മുമ്പേ, വചനത്തിന് എതിരായിരുന്ന സാത്താന്റെ പദ്ധതിയാൽ, അതിനെ യുക്തിവാദം ചെയ്തതിൽ കൂടെ വീണുപോയി. ഹവ്വ ഒരു ഭാര്യയായി ആദാമിനോടൊപ്പം ജീവിക്കുന്നതിന് മുമ്പുതന്നെ, സാത്താൻ അവനെ അവിടെ തോല്പിച്ചു. അത് ശരിയാണ്. ഞാൻ പ്രസംഗിച്ചിരുന്ന, *മണവാട്ടിവൃക്ഷം* നങ്ങൾ കേട്ടിട്ടുണ്ടല്ലോ. അത് അതിനെകുറിച്ച് പറയുന്നു. നോക്കു. ശരി. ഇപ്പോൾ ശ്രദ്ധിക്കുക, അവിടെ ഹവ്വ യുക്തിവാദത്തിന് വീണുപോയി. അവൻ, സാത്താൻ അതിനോട്ടു യുക്തിവാദം നടത്താൻ പരിശ്രമിപ്പിച്ചു.

അവൾ പറഞ്ഞു, "എന്നാൽ കർത്താവ് പറഞ്ഞിട്ടുണ്ട്..."

158 അവൻ പറഞ്ഞു. "ഓ, നിനക്കറിയാമോ, തീർച്ചയായും കർത്താവ് ചെയ്യുകയില്ല. കാണുന്നോ? നീ, നീ ജ്ഞാനിയാകാൻ ആഗ്രഹിക്കുന്നു. നീ ചിലകാര്യങ്ങൾ അറിയാൻ ആഗ്രഹിക്കുന്നു.

നീ ഒന്നും അറിഞ്ഞുകൂടാത്ത ഒരു ഊമ കുട്ടിയല്ലാതെ ഒന്നുമല്ല. കാണുന്നോ? നോക്കു നീ ചിലകാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്." അത് സാത്താൻ ആകുന്നില്ലെങ്കിൽ! ഓ, എന്റെ!

159 അത് ഈ ചില നൂതന ചിന്താഗതിക്കാർ പറയുന്നതുപോലെ, "ഓ, അവർ ഒരുകൂട്ടം വിശുദ്ധ ഉരുളുകാരാകുന്നു. അവർക്ക് യാതൊരു ശ്രദ്ധയും കൊടുക്കേണ്ട ആവശ്യമില്ല." പോകരുത്...കാണുന്നോ?

160 ഇപ്പോൾ പ്രാകൃതമായ, മനുഷ്യ വംശത്തിലെ ആദ്യ മണവാട്ടി, അവളുടെ അടുക്കൽ അവളുടെ ഭർത്താവ് എത്തും മുമ്പ്, ദൈവം അവളെ തന്റെ വചനത്തിനു പിന്നിലായി കോട്ട കെട്ടി നിർത്തിയിരുന്നു, എന്നിട്ടും, സാത്താന്റെ കളവ് വിശ്വസിച്ച്, അവൾ കൃപയിൽ നിന്ന് വീണുപോയി. അവൾ വചനത്തിന് പിന്നിലായി തന്നെ നിന്നിരുന്നുവെങ്കിൽ, അവൾ ഒരിക്കലും വീണുപോകില്ലായിരുന്നു. ഇപ്പോൾ, അത് പ്രാകൃതമായ, ശ്രദ്ധക്കുക, അത് പ്രാകൃത സ്ത്രീയായിരുന്നു.

161 ദൈവ വചനത്തിന്റെ പുറകിൽ നിന്ന് വെളിയിൽ പോയാലുള്ള യഥാർത്ഥ ശാപം എന്തായിരുന്നു?

162 ഇപ്പോൾ ഓർക്കു, അവൾ അതിന്റെ തൊണ്ണൂറ്റിയെട്ട ശതമാനവും വിശ്വസിച്ചിരുന്നു. എന്നാൽ ഒരു കാര്യം മാത്രം നിങ്ങൾ അതിൽനിന്ന് വിട്ടുകളഞ്ഞാൽ മതിയാകും. കാണുന്നോ? അവൾ അതിലെ ഏകദേശമുള്ളതെല്ലാം വിശ്വസിച്ചിരുന്നു. ഓ, തീർച്ചയായും. അവൾ അതു പറഞ്ഞു, അത് ശരിതന്നെ എന്നു സാത്താൻ സമ്മതിക്കുകയും ചെയ്തു. അവന് നിങ്ങളെ ഒരു മൂലയ്ക്കാക്കാൻ കഴിയുമെങ്കിൽ, അത് മാത്രമാണ് എല്ലാമായിട്ട് അവന് ആവശ്യമായിരുന്നത് കാണുന്നോ? നിങ്ങൾക്ക് ചെയ്യാനുണ്ടായിരുന്ന ഒരേ ഒരു കാര്യമെന്നത് ആ വെട്ടുയുണ്ടയ്ക്ക് ഈ ദിശയിലേയ്ക്ക് ഒരു ചെറിയ വ്യതിചലനം കൊടുത്താൽ, അത് അതിന്റെ ലക്ഷ്യം പിഴക്കാനിടയാകും. കാണുന്നോ? അത്രമാത്രം. ഇപ്പോൾ അവൾ വളരെയധികം കാര്യങ്ങൾ അതിലുള്ളത് വിശ്വസിച്ചിരുന്നു. എന്നിരിക്കിലും, അത് വിട്ടുകളഞ്ഞു.

163 ഇപ്പോൾ, അതിന്റെ പ്രതിഫലങ്ങൾ, കാരണം ഒരു ചെറിയ യുക്തിക്ക് വേണ്ടി അവൾ വചനത്തെ വിട്ടുകളഞ്ഞു.

164 ശരി, ഇപ്പോൾ ചോദിക്കാം, "സ്ത്രീകളെക്കുറിച്ച് എന്തിനു പറയുന്നു? അല്ലെങ്കിൽ അതുപോലെയുള്ള കാര്യങ്ങളെക്കുറിച്ച് നിങ്ങൾ എന്തിനാണ് സംസാരിക്കുന്നത്." എന്നാൽ അതുപോലെയുള്ള യാതൊരു ചെറിയ കാര്യവുമാകാം. "അത് ആദ്യത്തെ തെളിവായാലും,

എന്ത് വ്യത്യാസമാണ് ഉണ്ടാക്കുന്നത്?" അതിൽ ചില കാര്യങ്ങൾ ഉണ്ടായിരിക്കുന്നു. നിങ്ങൾ മനസ്സിലാക്കി...

165 ഈ കാര്യങ്ങളെല്ലാം നേരെയാക്കേണ്ടതുണ്ട്. ഏകദേശം ഏഴ് സഭാ കാലഘട്ടങ്ങളിൽ കൂടി നാം അതെല്ലാം ഊഹിച്ചു കൊണ്ടിരുന്നു. എന്നാൽ അവയെക്കുറിച്ച് ദൈവം സംസാരിക്കുന്ന നാഴിക എത്തിക്കഴിഞ്ഞിരിക്കുന്നു. ദൈവം അത് സംസാരിക്കുക മാത്രമല്ല, എന്നാൽ അവൻ അത് കാണിക്കുകയും, അത് ന്യായീകരിക്കുകയും, അത് തെളിയിക്കുകയും ചെയ്യുന്നു. അത് ശരിയാണ്. അവൻ അത് ചെയ്യുന്നില്ലെങ്കിൽ, പിന്നെ അവൻ ദൈവമല്ല, അത്രമാത്രം. ദൈവം തന്റെ വചനത്തിന് പിന്നിലായി നില്ക്കുന്നു.

166 ഇപ്പോൾ ശ്രദ്ധിക്കുക. ഇപ്പോൾ, പ്രാകൃത സ്ത്രീ പ്രാകൃത മരണത്തിന് കാരണമാക്കി, എന്തുകൊണ്ടെന്നാൽ അവൾ വചനത്തിന് പിന്നിലായി നിന്നുകൊണ്ട്, ദൈവം അവളോട് ചെയ്യാൻ പറഞ്ഞിരുന്നത്, അത് ചെയ്യുന്നതിന് പകരം, അവളെ തന്നെ ജ്ഞാനിയാക്കുന്നതിനു വേണ്ടി സാത്താന്റെ യുക്തിവാദത്തിന് ചെവി കൊടുത്തു. അവൾ ബുദ്ധിയും ജ്ഞാനവും ആഗ്രഹിച്ചിരുന്നു. അവൾ യുക്തിവാദത്തിന് ചെവി കൊടുത്തിട്ട്, അവൾ മുഴുവൻ മനുഷ്യവർഗ്ഗത്തെയും നഷ്ടമാകുന്നതിന് ഇടയാക്കി. കാണുന്നോ?

167 ഇപ്പോൾ, ഈ സമയത്ത്, ആത്മീയ സ്ത്രീ, ആദ്യ അപ്പോസ്തോലിക സഭയോടുകൂടി പെന്തക്കോസ്തു നാളിൽ തുടങ്ങിയ ക്രിസ്തുവിന്റെ മണവാട്ടി, നിഖ്യാ സമിതിയിൽ വച്ച് അതേകാര്യം തന്നെ നഷ്ടമാക്കിക്കളഞ്ഞു. ലീ, അത് ശരിയാണെന്ന് നിനക്കറിയാമല്ലോ. മാത്രമല്ല, നിഖ്യ സമിതിയിൽവച്ച് അവൾ അവളുടെ ആത്മീയ ജന്മാവകാശം, കോൺസ്റ്റന്റൈൻ അവർക്ക് വാഗ്ദാനം നല്കിയ ഗംഭീരമായ പള്ളികളെയും അതുപോലെയുള്ള കാര്യങ്ങളെയും എടുക്കുന്നതിന് പകരമായി കൊടുക്കുകയും, അവളുടെ ദൈവ വചനത്തിലുള്ള ജന്മാവകാശത്തെ അവിടുത്തെ ഒരു റോമാക്കാരുടെ കൂട്ടത്തിന്റെ മതതത്വസംഹിക്ക് വിറ്റുകളയുകയും ചെയ്തു. ഇപ്പോൾ ഇത് കത്തോലിക്കകാർക്ക് കട്ടിയായ ഒരു കാര്യമാകുന്നു. എന്നാൽ പെന്തെക്കോസ്തുകളും, അതേ കാര്യം തന്നെ ചെയ്തുകൊണ്ട് ബേബിളിഷ ഇവിടെ "മഹാവേശ്യയുടെ പുത്രിമാരായി," പ്രതിനിധീകരിക്കപ്പെട്ടിരിക്കുന്നു. അവയിൽ ഓരോന്നും, കൃത്യമായും ശരിയായ കാര്യങ്ങളാകുന്നു! അവിടെ യാതൊരു ഒഴിവുകഴിവുകളുമില്ല.

168 എന്നാൽ അവരിൽ നിന്നെല്ലാം, ചെറിയ ശേഷിപ്പ്, എല്ലായ്പ്പോഴും അതിനോടൊപ്പം വന്നുകൊണ്ടിരുന്നു, അതാണ് മണവാട്ടിയെ രൂപപ്പെടുന്നത്.

169 ശ്രദ്ധിക്കുക, അവളുടെ ഭർത്താവ് അവളുടെ അടുക്കൽ എത്തുന്നതിന് മുമ്പേ, അവളുടെ ജന്മാവകാശം അവൾക്ക് നഷ്ടപ്പെട്ടിരുന്നു. കാണുന്നോ? വിവാഹത്തിന് മുമ്പെ, അവളുടെ ചാരിത്ര്യം നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു.

170 ഇപ്പോൾ നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ, ലാവോദിക്ക്യാ സഭയുടെ കാലത്ത്, അവൾ പറഞ്ഞു, "ഞാൻ ഒരു രാജ്ഞിയായി ഇരിക്കുന്നു. എനിക്ക് ഒന്നിനും മുട്ടില്ല. ഞാൻ സമ്പന്നനായിരിക്കുന്നു, ലോക സാമഗ്രികൾ കൂടിയിരിക്കുന്നു, അങ്ങനെയും മറ്റുമാകുന്നു. ഓ, ലോകം മുഴുവനും എന്നെ നോക്കുന്നു. ഞാൻ മഹത്തായ വിശുദ്ധ സഭയും, മറ്റുമാകുന്നു. നാം *ഈ* രീതിയിലാകുന്നു," ഈ മുഴുവൻ കാലഘട്ടവും ആകുന്നു.

171 എന്നാൽ അവൻ പറഞ്ഞു, "നീ അന്ധനും, നഗ്നനും, നിർഭാഗ്യനും, അരിഷ്ടനും, ദരിദ്രനും എന്ന് അറിയാതെയുമിരിക്കുന്നു." അതാകുന്നു അവസ്ഥ. ഇപ്പോൾ പരിശുദ്ധാത്മാവ് അന്ത്യകാലത്തെ അവസ്ഥ ആ വിധത്തിൽ ആയിരിക്കുമെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ, പിന്നെ അത് തന്നെയായിരിക്കണം! അതിൽ നിന്നും പുറത്താകാൻ മറ്റ് യാതൊരു വഴിയുമില്ല. അത് അപ്രകാരം തന്നെ ആയിരിക്കും.

172 ഇപ്പോൾ ശ്രദ്ധിക്കുക. ഇപ്പോൾ, അവൾ അവളുടെ ജന്മാവകാശത്തെ, വചനത്തിലുള്ള അവളുടെ പാതിവ്രത്യമായ അവകാശത്തെ അവിടെവച്ച് വിറ്റ്കളഞ്ഞപ്പോൾ അവൾ എന്താണ് ചെയ്തത്? ഹവ്വ അത് ചെയ്തപ്പോൾ, അവൾ സൃഷ്ടിയെ നഷ്ടമാക്കി; സൃഷ്ടി മുഴുവനും അവളാൽ വീണ് പോകുകയും ചെയ്തു.

173 ഇപ്പോൾ ശ്രദ്ധിക്കുക, സഭ അത് ചെയ്തപ്പോൾ, വചനത്തിനും, ആത്മാവിനും പകരമായി മതസംഹിതകളെ സ്വീകരിച്ചപ്പോൾ, അത് ഈ മുഴുവൻ സമ്പ്രദായത്തെയും ശാപത്തിനിടയാക്കി. ഇതുവരെ ഉണ്ടാക്കിയിട്ടുള്ള എല്ലാ സഭാ സമ്പ്രദായങ്ങളും, അല്ലെങ്കിൽ, ഇനിയും ഉണ്ടാകാൻ പോകുന്നതും, ഈ ശാപത്തോടുകൂടെ വീണിരിക്കുന്നു, കാരണം, മറ്റൊരു വഴിയുമില്ല.

174 എന്തെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ആലോചിക്കുന്ന ഒരുകൂട്ടം ആളുകളെ നിങ്ങൾക്ക് കിട്ടിയാൽ, ഒരാളുടെ ആലോചന *ഈ* വഴിക്കും ഓരാളിന്റേത് അത് *ഒരു* വഴിയിലും, മറ്റൊരാളിന്റെ തലയിൽ അത് *വേറൊരു* വഴിക്കും ആയിരിക്കും വരുന്നത്. അവർ അതെല്ലാം കൂടി ഒന്നാക്കിചേർത്ത് കുലുക്കി എടുക്കുമ്പോൾ, അതിൽനിന്ന് കിട്ടുന്ന തീരുമാനം എന്താണോ അതാണ് നിങ്ങൾക്ക് കിട്ടുന്നത്.

175 അതാണ് യഥാർത്ഥത്തിൽ അവർ നിഖ്യാ സമിതിയിൽ ചെയ്തത്. അതു തന്നെയാണ്. അതു തന്നെയാണ്, അവർ, മോഥോഡിസ്റ്റിലും, പ്രിസ്ബിറ്റേറിയനിലും, ചർച്ച് ഓഫ് ക്രൈസ്റ്റിലും, ബാക്കിയുതിലും ചെയ്യുന്നത്. ഏതൊരു മനുഷ്യന്, ദൈവം എന്തു വെളിപ്പെടുത്തി കൊടുത്താലും അത് ഒരു കാര്യമല്ല, അവർക്ക് അവരുടെ—അവരുടെ സഭയുടെ വിശ്വാസപ്രമാണം പറയുന്ന രീതിയിൽ, പഠിപ്പിച്ചിരിക്കണം, അല്ലെങ്കിൽ അവർ നിങ്ങളെ ചവുട്ടി പുറത്താക്കും. അങ്ങനെയല്ലെന്ന് എന്നോട് പറയരുത്. ഞാൻ അവിടെ ആയിരുന്നു, നോക്കു, എനിക്കത് അറിയാവുന്ന കാര്യമാകുന്നു.

176 അതു തന്നെയാണ് കൃത്യമായും സംഭവിച്ചിരിക്കുന്നത്, അതിനാൽ ഈ മുഴുവൻ കാര്യങ്ങളും ശപിക്കപ്പെട്ടിരിക്കുന്നു. "എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളിയാകാതെയും, അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ," എന്ന് ദൂതൻ വിളിക്കുന്നതിൽ യാതൊരു അത്ഭുതവുമില്ല. കാരണം പോയ്ക്കൊണ്ടിരിക്കുന്നത്...അവൾ ശപിക്കപ്പെട്ടവളാണ്, അവൾ തന്റെ ചാരിത്ര്യവും ജന്മാവകാശവും വിറ്റുകളഞ്ഞതിനാൽ, അവളുടെ മേലുള്ള ദൈവ ക്രോധത്തിന്റെ ശാപം അവൾക്ക് അനുഭവിക്കേണ്ടിയിരിക്കുന്നു. കാണുന്നോ? എന്നാൽ...ഓ എന്റെ!

177 എന്നാൽ ഓർക്കുക. ഈ അവസ്ഥകൾ എല്ലാം കണ്ടിരുന്നിട്ടും, അപ്പോഴും ദൈവം യോവേൽ 2:25 പ്രകാരം വാഗ്ദത്തം ചെയ്തിരിക്കുന്നു, നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ കുറിച്ചെടുക്കാം, "അവസാന നാളിൽ..."

178 അവൻ പറഞ്ഞു, "വെട്ടുക്കിളി ശേഷിപ്പിച്ചത്, വിട്ടിൽ തിന്നു, വിട്ടിൽ ശേഷിപ്പിച്ചത് തുള്ളൻ തിന്നു, തുള്ളൻ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു," പച്ചപ്പുഴുവും അങ്ങനെ ഒന്നിന് പുറകെ ഒന്നായി ഈ ഓരോ പുഴുക്കളും വന്ന് ആ സഭയെ തിന്ന് തീർക്കുകയും അവസാനം, അതൊരു ചെറിയ കുറ്റി മാത്രമായി അവശേഷിക്കുകയും ചെയ്തു. ശ്രദ്ധിക്കുക! റോമാക്കാർ ശേഷിപ്പിച്ചത് ലൂഥർകാർ തിന്നു; ലൂഥർകാർ ശേഷിപ്പിച്ചത്, മെഥോഡിസ്റ്റുകൾ തിന്നു; മെഥേഡിസ്റ്റുകൾ ശേഷിപ്പിച്ചത് പെന്തെക്കോസ്തുകൾ തിന്നു, പെന്തക്കോസ്തുകളും തിന്നു കഴിഞ്ഞപ്പോൾ അങ്ങനെ സഭ ഒരു കുറ്റി മാത്രമായി ശേഷിച്ചിരിക്കുന്നു.

179 എന്താണെന്നു നിങ്ങൾക്കറിയാമോ? നിങ്ങൾ അവിടെയുള്ള ഈ പുഴുക്കളെയും വെട്ടുകിളയെയും വിട്ടിലിനെയും മറ്റുമെടുത്തിട്ട്, ഈ പുസ്തകത്തിൽ കൂടി അതിനെ പിൻപറ്റി നോക്കിയാൽ കണ്ടുപിടിക്കാൻ സാധിക്കും. അത് ഒരേ പുഴു തന്നെ വിവിധ ഘട്ടങ്ങളിലായിരിക്കുന്നു എന്നു മാത്രം.

180 നിങ്ങൾ ആ പോയിന്റ് ഓർമ്മയിൽ വച്ചുകൊള്ളുക. അങ്ങനെ തന്നെയാണ് ഈ മുദ്രകളും! ഇത് ഒരേ പുഴുക്കൾ തന്നെയാണ്. നാം അതിനെ പുറത്തു കൊണ്ടുവരുമ്പോൾ, ഞാൻ ഈ പറയുന്ന കാര്യത്തെ, നിങ്ങൾ കാണാൻ പോകുകയാണ്. അത് എല്ലാ സമയത്തും, ഒരേ പുഴുതന്നെയാണ്. അവിടെ ആ നാലു പുഴുക്കൾ; നാല് ഇവിടെയുമുണ്ട്. അവയെല്ലാം ഒരേ കാര്യം തന്നെ. അത് ഒരേ ആത്മാവാകുന്നു. ഒന്ന് ശേഷിപ്പിച്ചത് മറ്റേത് തിന്നു; *മറ്റേത്* ശേഷിപ്പിച്ചത് അടുത്തത് തിന്നു, അങ്ങനെ ഇപ്രകാരം തിന്നു തിന്നു അവർ അവസാനം അതൊരു കുറ്റിയുടെ രൂപത്തിലാക്കി കൊണ്ടുവന്നു.

181 എന്നാൽ യോവേൽ പറഞ്ഞു. "തുള്ളൻ തിന്നു കളഞ്ഞ സംവത്സരങ്ങൾക്കു പകരം, ഞാൻ നിങ്ങൾക്ക് പകരം തരും, എന്ന് കർത്താവ് അരുളിചെയ്യുന്നു."

182 ഇതെന്താകുന്നു? ദൈവ വചനത്തിന് പകരമായി, എതിക്രിസ്തുവിന്റെ ഉപദേശങ്ങളായ, മതസംഹിതകളെ സ്വീകരിച്ചുകൊണ്ട്, അത് തുടങ്ങിയിരിക്കുന്നു എങ്കിൽ, അവൻ അത് ചെയ്യാൻ പോകുന്നത് എങ്ങനെയാണ്? ബൈബിൾ പറയുന്നതു പോലെ, മതപരിഷ്കർത്താക്കന്മാർ കാലാകാലങ്ങളിൽ കൂടെ കടന്ന് വന്ന് അതിനെ ആഴത്തിലിറക്കി.

183 "എന്നാൽ കാഹള നാദത്തിന്റെ കാലത്ത്..." വെളിപ്പാട് 10:1-7, അവൻ പറഞ്ഞു "ഏഴാം ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്ത് ദൈവത്തിന്റെ മർമ്മങ്ങൾ നിവൃത്തിയാകും." മാലാഖി 4, പറയുന്നതു പോലെ, "ചൂളപോലെ കത്തുന്ന ഒരു ദിവസം വരും, അതിനുമുമ്പായി അവൻ ഏലിയാവിനെ ഈ ഭൂമിയിലേക്ക് അയയ്ക്കും. അവൻ പുനഃസ്ഥാപിക്കും, പിതാക്കന്മാരുടെ വിശ്വാസത്തിലേയ്ക്ക് മക്കളെ തിരികെ കൊണ്ടുവരും." മൂല, അപ്പോസ്തലിക പെന്തെക്കോസ്ത് വിശ്വാസത്തെ തിരികെ കൊണ്ടുവരുമെന്നു വാഗ്ദാനം ചെയ്തിരുന്നു. ഇപ്പോൾ, അത് തിരുവെഴുത്ത് എത്രയും വിശദമായി പറയാമോ അത്രയും വിശദമായി അത് പറഞ്ഞിരിക്കുന്നു. ഇപ്പോൾ ഇത് വാഗ്ദത്തം ചെയ്തിരിക്കുന്നു. നാം അന്ത്യകാലത്താണെങ്കിൽ, എന്തെങ്കിലും ചിലത് സംഭവിക്കേണ്ടതുണ്ട് കാണുന്നോ? അത് സംഭവിച്ചുകൊണ്ടിരിക്കയും, നാം അതു കാണുകയും ചെയ്യുന്നു.

184 സാത്താന്റെ ത്രിത്വത്തെ ശ്രദ്ധിക്കുക. ഒരേ വ്യക്തിതന്നെ; ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് അവതരിക്കുന്നു. അപ്രകാരമാണ് ഈ പുഴുക്കളും ചെയ്തത്, ഈ കീടകൾ ഒന്നിന് പുറകെ ഒന്നായി,

കൃത്യമായി വന്നു., നിക്കോലാവ്യർ, "എതിർക്രിസ്തു ആത്മാവായിട്ട്," പോപ്പ് "കള്ളപ്രവാചകൻ," "മൃഗം," പിശാച് തന്നെ സ്വയം അവൻ ജഡത്തിൽ അവതരിക്കുന്നതാകുന്നു. അവന് അത് ചെയ്യാൻ സാധിക്കില്ല...

185 ഇപ്പോൾ, നിങ്ങൾ ഇതിൽ തുടരുമ്പോൾ, ഈ കാര്യം ഓർമ്മയിൽ വച്ചുകൊള്ളുക. ഈ കുതിര സവാരിക്കാർ എല്ലാം നേരേ അതിലേക്ക് തന്നെ വരുന്നതെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. നോക്കു, ഞാൻ ഇവിടെ നിങ്ങൾക്ക് അതു് ചിത്രീകരിച്ചു കാണിക്കുകയാണ്. എന്റെ പക്കൽ ഒരു ബ്ലാക്ക് ബോർഡുണ്ടായിരുന്നെങ്കിൽ, നിങ്ങൾക്കത് കുറച്ചുകൂടി നന്നായി മനസ്സിലാക്കാൻ കഴിയുമായിരുന്നു. നോക്കു, ഞാൻ ശ്രദ്ധിക്കുകയാണ്.

186 ഇപ്പോൾ ആദ്യം. നിങ്ങൾ ഇത് ഓർത്തുകൊള്ളുക. അവൻ ആകുന്ന ആദ്യത്തെ കാര്യം, അവൻ ഒരു "എതിർക്രിസ്തുവിന്റെ ആത്മാവാകുന്നു," യോഹന്നാൻ അപ്രകാരം പറയുന്നു. "കുഞ്ഞുങ്ങളെ, എതിർക്രിസ്തുവിന്റെ ആത്മാവ് അനുസരണം കെട്ടവരുടെ ഇടയിൽ, ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുവല്ലോ." നോക്കു, ആ കാര്യം അവിടെ ആരംഭിച്ചു കഴിഞ്ഞിരുന്നു. അതിന് ശേഷം അത് ഒരു വിധത്തിലുള്ള "ഒരു പറച്ചിലായി" അടുത്ത കാലഘട്ടത്തിലായി. അടുത്ത സഭാ കാലഘട്ടത്തിൽ അത് "ഒരു ഉപദേശം," ആയി തീർന്നു. അതിനടുത്ത കാലഘട്ടത്തിൽ അവൾ "കിരീടമണിയിക്കപ്പെട്ടു". ഇതിപ്പോൾ എവിടെയും നിങ്ങൾക്കു വിശദമായി വായിക്കാൻ കഴിയുന്നതുപോലെ ആയിരിക്കുന്നില്ലേ? കാണുന്നോ? നോക്കു, അവിടെ അവൻ വരുന്നു.

187 ഇപ്പോൾ, ആദ്യം അവൻ (എന്തായിട്ട്?) വിളിക്കപ്പെട്ടിരുന്നു. "എതിർക്രിസ്തുവിന്റെ ആത്മാവ്," കാരണം അവൻ വചനത്തിന് എതിരായിരുന്നു. അങ്ങനെയാണ് അത് ആരംഭിച്ചത്. അതാണ് ശരിക്കും ഈ മുഴുവൻ കാര്യത്തിലും സംഭവിച്ചിരിക്കുന്നത്, ദൈവത്തിന്റെ വചനത്തിൽ നിന്ന് വ്യതിചലിക്കുക. അത് ഹവ്വ ഒരു ദിവസം കയീന് ഒരടി കൊടുത്തിരിക്കാനിടയുണ്ട് എന്നതിനാലല്ല. കാണുന്നോ? അതല്ലായിരുന്നു അവിടെ ചെയ്തതത്. ഈ മുഴുവൻ കാര്യത്തിലും ആദ്യമായി ചെയ്യപ്പെട്ട കാര്യം എന്നത്, ഹവ്വ വചനത്തിൽ നിന്നും വ്യതിചലിച്ചുപോയി. അവൾ വചനത്തിൽ നിന്നും വ്യതിചലിച്ചു. ക്രിസ്തുവിന്റെ മണവാട്ടി, ജീവനുള്ള ദൈവത്തിന്റെ സഭയിൽ തുടങ്ങിയ വേശ്യാവൃത്തിയുടെ ആദ്യത്തെ കാര്യം എന്നത്, അവൾ വചനത്തിൽനിന്ന് വ്യതിചലിച്ച്, ദൈവത്തിന്റെ വചനത്തിന് പകരമായി റോമാക്കാരുടെ മതസംഹിതയെ സ്വീകരിച്ചതായിരുന്നു.

ഓരോ സഭാസംഘടനകൾക്കും സംഭവിച്ചത് എന്തായിരുന്നു? അവരെല്ലാം അതേ കാര്യം തന്നെ ചെയ്തു.

188 എന്നാൽ, അന്ത്യകാലത്ത് വീണ്ടും യഥാസ്ഥാനത്താക്കുന്നതിന് ഒരു വഴിയൊരുക്കും എന്നവൻ വാഗ്ദത്തം ചെയ്തിരുന്നു. കർത്താവിന്റെ വചനം അവൻ ആദിയിൽ ചെയ്തതുപോലെ തന്നെ, ഭൂമിയിലെത്തിക്കുകയും ഓ, അത് തിരികെ യഥാസ്ഥാനത്താക്കുകയും ചെയ്യും, (എന്താണ്?) അത് എന്തു തുടങ്ങി. "വചനത്തിന് എതിരായിട്ടായിരുന്നു." ദൈവാത്മാവിൽ അഭിഷിക്തനായ ഈ വ്യക്തി കടന്നുവരുമ്പോൾ, അവൻ എന്താണ് ചെയ്യാൻ പോകുന്നത്? അവൻ "മക്കളുടെ വിശ്വാസത്തെ തിരികെ പിതാക്കന്മാരുടെ വിശ്വാസത്തിലേക്ക്," കൊണ്ടുവരും. അപ്രകാരമാണ് അവൻ യഥാസ്ഥാനത്താക്കുന്നത്. അപ്പോൾ നിങ്ങൾക്ക് അതേ വചനം അതേ സ്ഥാനത്ത് അത് *ഇവിടെ* ആയിരിക്കുന്നതുപോലെ തന്നെ, അതേ കാര്യങ്ങളെ ചെയ്തുകൊണ്ട് കിട്ടുന്നതായിരിക്കും.

189 യേശു പറഞ്ഞു, "ആരായാലും ശരി ഒരാൾ എന്റേതെങ്കിൽ! അവൻ എന്നിൽ വിശ്വസിച്ചാൽ, ഞാൻ ചെയ്യുന്ന അതേ പ്രവർത്തികൾ തന്നെ അവനും ചെയ്യും." ചില പ്രത്യേക കാര്യങ്ങൾ ചെയ്യുന്നതിന് അവർ അവനോട് ആവശ്യപ്പെട്ടപ്പോൾ, അവൻ പറഞ്ഞു, "പിതാവ് എനിക്ക് കാണിച്ചു തരുന്നതു മാത്രമേ ഞാൻ ചെയ്യുകയുള്ളൂ. ആദ്യം, അത് ചെയ്തു കാണാതെ ഞാൻ യാതൊന്നും ചെയ്യുന്നില്ല. പിതാവ് ചെയ്തു കാണുന്നതൊക്കെയും പുത്രനും ആവണ്ണം തന്നെ ചെയ്യുന്നു. എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു, പിന്നെ അതു തന്നെ ഞാനും പ്രവർത്തിക്കുന്നു." കാണുന്നോ? നിങ്ങൾ ഇത് മനസ്സിലാക്കുന്നില്ലേ? ഇത് ദിനപത്രം വായിക്കുന്നതുപോലെ വ്യക്തമായിരിക്കുന്നു. കാണുന്നോ?

ഇപ്പോൾ, ഇപ്പോൾ, ആദ്യം, പിന്നീട്, അവൻ ഒരു "എതിർക്രിസ്തുവായി," തീരുന്നു.

190 അവന് എതിർക്രിസ്തുവിന്റെ ആത്മാവ് മാത്രം തുടരാൻ കഴിയില്ലായിരുന്നു. അതുകഴിഞ്ഞപ്പോൾ അവൻ ഒരു എതിർക്രിസ്തുവായി, ഇതേ ആത്മാവ് ഒരു മനുഷ്യനെ എടുത്തിട്ട്, എതിർക്രിസ്തുവിന്റെ ആത്മാവ് ചെയ്തിരുന്നു അതേ കാര്യങ്ങളെ പഠിപ്പിക്കുകയും, അവൻ ഒരു എതിർക്രിസ്തുവിന്റെ ആത്മാവിൽ നിന്നും ഒരു "കള്ളപ്രവാചകനായി" തീരുന്നു. ഇപ്പോൾ സംഘടനാ സഭയിലുള്ള ഒരു മനുഷ്യനെക്കുറിച്ച് എന്തു പറയുന്നു? നിങ്ങൾ തന്നെ യോജിപ്പിച്ച് നോക്കുക. അതിനെക്കുറിച്ച് നിങ്ങൾ എന്തു വിചാരിക്കുന്നു എന്നെനിക്കറിയില്ല. ശരി.

191 അങ്ങനെ, അവസാനം, അവൻ "ഒരു മൃഗമായി," തീരുന്നു. ഇപ്പോൾ കുറച്ചു സമയത്തിനുശേഷം, നാം അതിൽ കടക്കുന്നതാണ്. നോക്കൂ, അതുവരെ കാത്തിരിക്കുക. ശരി.

192 ഇപ്പോൾ, സാത്താന്റെ ത്രിത്വം അപ്രകാരമായി കിടക്കുന്നു; എല്ലാവട്ടവും, സാത്താൻ തന്നെ, "എതിർക്രിസ്തുവിന്റെ ആത്മാവ്." എതിർക്രിസ്തുവിന്റെ ആത്മാവ്, ജഡത്തിലായി, "കള്ളപ്രവാചകനായി." പിന്നീട് "ഒരു മൃഗമായി," തീരുന്നു. കാണുന്നോ? എപ്പോഴാണ്...ഒരു പിശാചല്ല, അത് ആ എതിർക്രിസ്തുവിലാണ് ഉണ്ടായിരുന്നത്; എന്നാൽ സാത്താൻ തന്നെ സ്വർഗ്ഗത്തിൽനിന്നും തള്ളിയിടപ്പെട്ടു കഴിയുമ്പോൾ, അവൻ താഴേയ്ക്കിറങ്ങി വന്ന് ഈ പിശാചായിരുന്ന സ്ഥാനത്തെ എടുക്കുന്നു. അതിനുശേഷം, ഈ പിശാച്, ഒരു മനുഷ്യനിൽ അവതരിക്കുന്നു. അത് സ്വയംതന്നെ ആവർത്തിക്കുന്നു.

193 ഈസ്ക്കര്യോത്ത യൂദായും അത് തന്നെയായിരുന്നു. അവൻ എന്താണ് ചെയ്തത്? ക്രിസ്തുവിന് എതിരായിരുന്ന മനുഷ്യരിൽപ്പെട്ടവനായിരുന്നോ അവൻ? അവൻ പണം സൂക്ഷിപ്പുകാരനായി കർത്താവിനോടൊപ്പം തന്നെ നടന്നിരുന്നു. തീർച്ചയായും. അവൻ അവരോടൊപ്പം നടന്നിരുന്നു. അവൻ അവരോടൊപ്പം പുറത്തുപോയി, പിശാചുക്കളെ പുറത്താക്കുകയും, അവർ ചെയ്ത അതേ പ്രവർത്തികളെല്ലാംഅവനും ചെയ്തിരുന്നു.

194 ക്രിസ്തു ദൈവത്തിന്റെ ജഡാവതാരമായിരുന്നു; ദൈവം, ജഡത്തിൽ അവതരിച്ച, ഇമ്മാനുവെൽ. യൂദാ നാശത്തിന്റെ പുത്രനായിരുന്നു. യേശു ദൈവത്തിന്റെ പുത്രനായിരുന്നു. ജഡമായ ദൈവവും; ജഡമായ പിശാചും.

195 ആ സമയത്ത് ചിലർക്ക് മൂന്ന് കുരിശുകൾ മാത്രമാണ് കാണാൻ കഴിയുന്നത്. എന്നാൽ നാല് കുരിശുകൾ അവിടെയുണ്ടായിരുന്നു. ഗോൽഗോഥായിൽ മൂന്നെണ്ണം നാം കാണുന്നു. അതിൽ യേശു നടുക്കും, ഒരു കള്ളൻ അവന്റെ ഇടത്തും, ഒരു കള്ളൻ അവന്റെ വലത്തും ആയിരുന്നു.

196 ശ്രദ്ധിക്കൂ. ഒരു കള്ളൻ മറ്റൊരുവനോട്, അതല്ല യേശുവിനോട് പറഞ്ഞു, "എങ്കിൽ..." ഇപ്പോൾ, അവൻ വചനമായിരുന്നു എന്ന് നിങ്ങൾക്ക് അറിയാം. എന്നാൽ, "നീ വചനമാകുന്നുവെങ്കിൽ, നിന്നെത്തന്നെ രക്ഷിച്ചുകൂടെ? അതിനായി നിനക്ക് എന്തെങ്കിലും ചെയ്തുകൂടെ?"

197 അതേ കാര്യം ഇന്നും ആകുന്നു. "നീ ദിവ്യ രോഗസൗഖ്യത്തിൽ വിശ്വസിക്കുന്നെങ്കിൽ, ചില അന്ധർ *ഇവിടെയുണ്ട്*. അവരുടെ കണ്ണുകൾ നിനക്ക് തുറക്കാൻ കഴിയില്ലേ?" എന്നു ചില പഴയ പിശാചുക്കൾ പറയുന്നതായി നിങ്ങൾക്ക് കേൾക്കാനാകുന്നില്ലേ? "എന്നെ അന്ധനാക്കു! എന്നെ അന്ധനാക്കു!" അത് ആ പഴയ പിശാച് തന്നെയാകുന്നു. കാണുന്നോ? "നീ കുരിശിൽനിന്ന് ഇറങ്ങിവാ; ഞങ്ങൾ നിന്നെ വിശ്വസിക്കാം." "നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകളോട് അപ്പമായി തീരാൻ കല്പിക്കുക," അതേ പഴയ പിശാച് തന്നെ.

198 നിങ്ങൾ അവിടെ നിന്ന് മാറി നടന്നു പോകുന്നു, നോക്കു. ഇല്ല. ആ വിധമാണ് യേശു അത് ചെയ്തത്. അവൻ അവർക്ക് വേണ്ടി ഒരിക്കലും കോമാളിത്തരം കാട്ടിയില്ല.

199 അവന്റെ വിലയേറിയ കണ്ണുകൾക്ക് ചുറ്റും, *ഇങ്ങനെ,* തുണി കൊണ്ട് കെട്ടി. അവർ ഒരു വടിയെടുത്ത്, അവന്റെ തലയിൽ അടിച്ചിട്ട്. "നീ ഒരു പ്രവാചകനാണെങ്കിൽ, ആരാണ് നിന്നെ ഇപ്പോൾ അടിച്ചതെന്ന് ഞങ്ങളോട് പറയുക," എന്നു പറഞ്ഞു. അവർ അന്യോന്യം ആ വടി മാറി മാറി പ്രയോഗിച്ചു. "ആരാണ് നിന്നെ അടിച്ചതെന്ന് ഇപ്പോൾ ഞങ്ങളോട് പറഞ്ഞാൽ, നീ ഒരു പ്രവാചകനാണെന്ന് ഞങ്ങൾ വിശ്വസിക്കാം." അവൻ ഒരിക്കലും തന്റെ വായ് തുറന്നില്ല. അവൻ അവിടെ മിണ്ടാതിരുന്നു. കാണുന്നോ? അവൻ കോമാളി വേഷം കെട്ടിയില്ല. അവൻ പിതാവ് പറഞ്ഞിരുന്നത് പോലെ അവൻ ചെയ്തിരുന്നു. കാണുന്നോ? അവരെ അങ്ങനെ തന്നെ ചെയ്യാൻ അനുവദിച്ചു. അവരുടെ സമയം അടുത്തുവരുന്നു. വിഷമിക്കേണ്ട. അതെ ശ്രീമാൻ. ഇപ്പോൾ, അവർ അവന്റെ വസ്ത്രം തൊട്ടു, എങ്കിലും അവർക്ക് യാതൊരു ശക്തിയും അനുഭവിക്കാനായില്ല.

200 എന്നാൽ ഒരു പാവപ്പെട്ട സ്ത്രീയ്ക്ക്, ഒരു ആവശ്യമുണ്ടായിട്ട്, അവന്റെ വസ്ത്രം അല്പമൊന്നു തൊട്ടതെയുള്ളൂ. അവൻ തിരിഞ്ഞ് ചോദിച്ചു, "എന്നെ തൊട്ടത് ആർ?" ഊഹ്-ഹാ, എന്താകുന്നു? ഒരു വ്യത്യസ്ത സ്പർശനം. അത് നിങ്ങൾ എപ്രകാരമാണ് അവനെ തൊടുന്നത് എന്നതിൽ ആശ്രയിച്ചിരിക്കുന്നു, നോക്കു, നിങ്ങൾ എന്താണ് വിശ്വസിച്ചിരിക്കുന്നത്. ഇപ്പോൾ, നിങ്ങൾ കാണുന്നോ?

201 ഇപ്പോൾ, സ്വയം, സാത്താൻ തന്നെ ഇപ്പോൾ എതിർക്രിസ്തുവിൽ നിന്നും കള്ളപ്രവാചകനായി അവതരിച്ചിരിക്കുന്നു. യഹൂദന്മാരുടെ കാലത്ത്, ആദ്യകാല സഭയ്ക്കുള്ളിൽ, "എതിർക്രിസ്തു," ആയിരുന്നു. ഇരുണ്ട കാലഘട്ടങ്ങളിൽ, അവൻ ലോകത്തിൽ ഒരു

കള്ളപ്രവാചകനായി തീർന്നു. "മ്ലേച്ചതയുടെ പാനപാത്രവുമായി," അവിടെ നിങ്ങൾക്ക് അവളെ കാണാനാകുന്നില്ലേ? ഇപ്പോൾ, ആ സഭാകാലഘട്ടങ്ങളിൽ സംഭവിക്കുന്നതാകുന്നു.

202 എന്നാൽ സഭ വീട്ടിലേയ്ക്ക് പോയിക്കഴിഞ്ഞതിനു ശേഷമുള്ള സമയത്ത്, അവൻ ഒരു മൃഗമായി തീരുന്നു, മഹാസർപ്പമായി, അവൻ തന്നെ പിശാചിന്റെ ജഡാവതാരമായി തീരുന്നു. ഓ എന്റെ! ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ? അന്ന് അവൻ തന്റെ ജനങ്ങളിൽ അവതരിക്കുന്നു. അവന്റ ശക്തിയാൽ ബന്ധിക്കപ്പെട്ട ജനങ്ങൾ അവനുണ്ട്. കള്ളപ്രവാചകൻ നേരെ അതിലേക്ക് അവരോട് പ്രവചിച്ച് കഴിഞ്ഞിരിക്കുന്നു. "അവർക്ക് വ്യാജത്തിന്റെ വ്യാപാര ശക്തിയാൽ, ഒരു ഭോഷ്ക്ക് വിശ്വസിക്കുന്നതിനായി കൊടുത്തിരിക്കുകയും അതുമായി അവർ നശിച്ചുപോകുകയും ചെയ്യും." "അവർ ഭക്തിയുടെ വേഷം ധരിച്ച് ശക്തിയെ ത്യജിച്ചുകളയുന്നു."

203 ദൈവം, ഒരു ത്രിത്വത്തിൽ, തന്റെ സ്ഥാനത്ത് പ്രവർത്തിക്കുന്നു. നീതീകരണം; വിശുദ്ധീകരണം; പിന്നെ പരിശുദ്ധാത്മാഭിഷേകത്താൽ, തന്റെ ജനങ്ങളിൽ സ്വയം ജഡവതാരമെടുക്കുന്നു.

204 അതേ കാര്യം തന്നെ പിശാചും, ക്രിസ്തു ചെയ്യുന്നതു പോലെതന്നെ അതേ വിധം ചെയ്യുന്നു. ഇപ്പോൾ നോക്കു. സാത്താൻ...

205 യേശു സ്വയം തന്റെ ജനങ്ങളിൽ മനുഷ്യ രൂപം ധരിച്ചിരിക്കുമ്പോൾ, ക്രിസ്തുവിലുണ്ടായിരുന്ന അതേ ജീവൻ തന്നെ ആ വ്യക്തിയിലും ആകുന്നു.

206 ഒരു മുന്തിരി വള്ളിയുടെ ജീവനെടുത്ത് ഒരു മത്തങ്ങ വള്ളിയിൽ ഇട്ടാൽ അത് എന്തു ചെയ്യും? അത് മത്തങ്ങ ഉല്പാദിപ്പിക്കില്ല, അത് മുന്തിരി ഉല്പാദിപ്പിക്കും. ഒരു പീച്ച് മരത്തിന്റെ ജീവനെടുത്ത് ഒരു ചാമ്പക്കയുടെ മരത്തിലിട്ടാൽ എന്ത് സംഭവിക്കും? അത് ചാമ്പക്ക ഉണ്ടാക്കുമോ? ഇല്ല അത് പീച്ച്പഴം തന്നെ ഉണ്ടാക്കും. അതിലുള്ള ജീവൻ അത് എന്താണെന്ന് പറയുന്നു. കാണുന്നോ?

207 ജനങ്ങൾ പരിശുദ്ധാത്മാവ് പ്രാപിച്ചു എന്ന് പറഞ്ഞിട്ട്, ഈ വചനത്തെ നിഷേധിച്ച് കേൾക്കുമ്പോൾ, അവിടെ എന്തോ തെറ്റായിട്ടുണ്ട്. പരിശുദ്ധാത്മാവാണ് ആ വചനം എഴുതിയിരിക്കുന്നത്.

208 യേശു ഇപ്രകാരം പറഞ്ഞു, "എന്റെ ആത്മാവ് ഒരുവനിൽ വസിക്കുന്നു എങ്കിൽ അവൻ എന്റെ പ്രവൃത്തികൾ ചെയ്യും." നിങ്ങൾ അത് വായിക്കാൻ ആഗ്രഹിക്കുന്നോ? നിങ്ങൾ അത് എഴുതി എടുക്കാൻ ആഗ്രഹിക്കുന്നുണ്ടോ? അത് വിശുദ്ധ യോഹന്നാൻ 14:12

ആകുന്നു. അതെ. ശരിയാണ്. "ഞാൻ ചെയ്യുന്ന പ്രവർത്തികൾ എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ അതിൽ വലിയതും അവൻ ചെയ്യും." കാണുന്നോ? അതുമൂലം അവൻ ദൈവമുമ്പാകെ നിൽക്കേണ്ടതിനായി, അവൻ അവനെ ശുദ്ധീകരിച്ച് വെടിപ്പാക്കുന്നു. ആ മഷി തുള്ളി അവിടെ വീഴുകയും, അത് അവനെ ആ പിളർപ്പിന് അപ്പുറത്തേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. കാണുന്നോ?

209 ഇപ്പോൾ ശ്രദ്ധിക്കുക. സാത്താൻ, അവൻ സ്വയം തന്റെ ജനങ്ങളിൽ, അവതരിക്കുമ്പോൾ അവൻ ചെയ്തിരുന്ന പ്രവർത്തികൾ തന്നെ അവരും ചെയ്യുന്നു. നിങ്ങൾ അത് കാണുന്നില്ലേ? അവൻ എന്താണ് ചെയ്തിരുന്നത്? അവളെ വഞ്ചിച്ചുകളയേണ്ടതിന്, ആ നിരപരാധിയായ സ്ത്രീയുടെ അടുക്കലേയ്ക്ക് അവൻ ചെന്നു. അപ്രകാരം തന്നെയാണ് ഈ ചില പിശാചുക്കളും ചെയ്യുന്നത്, ഒരു പാസ്റ്റർ എവിടെയെങ്കിലും, ഒരു സഭ തുടങ്ങി പ്രവർത്തി ആരംഭിക്കുമ്പോൾ; നേരെ അവന്റെ അടുക്കലേക്ക് എത്തിയിട്ട് പറയും, "ഓ, നിങ്ങൾ ഞങ്ങളോടൊപ്പം ചേരുകയാണെങ്കിൽ!" ഹാ! ഹാ! അതേ പിശാച് തന്നെ പ്രവർത്തിക്കുന്നു. ഇപ്പോൾ, ഇത് സത്യമാകുന്നു! അങ്ങനെ സാത്താൻ തന്റെ സഭയിൽ, ഒരു പിശാചായിട്ട്, അവതരിക്കുമ്പോൾ, അവരാണ്, ഹത്യയും, കൊലപാതകവും അതുപോലെയുള്ള കാര്യങ്ങളും ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ, ആദ്യം മുതല്ലേ സാത്താൻ ഒരു കൊലപാതകനും; ഒരു കള്ളം പറയുന്നവനും ആയിരുന്നു...കാണുന്നോ? ശരി.

210 സാത്താൻ ഇപ്രകാരം ചെയ്യുമ്പോൾ, അവൻ തന്റെ ജനങ്ങളുടെ ഇടയിൽ അവതരിക്കുമ്പോൾ, എന്താണ് ചെയ്യുന്നത്? കൗശലക്കാരൻ ആയിരിക്കുക എന്നത് അവന്റെ ജോലിയാകുന്നു. അവൻ കൗശലക്കാരനാകുന്നു. നിങ്ങൾ ബൈബിൾ തിരഞ്ഞിട്ട്, ദൈവം എപ്പോഴെങ്കിലും ബുദ്ധിശാലികളായ ജനങ്ങളുമായി ഇടപെട്ടിട്ടുള്ളത് എനിക്ക് ഒന്ന് കാണിച്ചുതരുക. അങ്ങനെ ഒരു കാര്യം തെരഞ്ഞു നോക്കിയിട്ട്, ബുദ്ധിശാലികളായ ഇവർ തന്നെ എപ്പോഴും പിശാച് പിടിക്കപ്പെട്ടവനായി കാണുന്നില്ലേ എന്ന് നോക്കുക. ഇതൊരു വലിയ പ്രസ്താവനയാകുന്നു, എന്നാൽ ഇത് സത്യമാകുന്നു. ഹാബേലിന്റെയും കയീന്റെയും വംശാവലി; എടുത്തിട്ട് പതിനാലു തലമുറവരെ തെരഞ്ഞു നോക്കിയിട്ട് ആരുടെ വശത്താണ് ബുദ്ധിയേറിയവരും, ആരുടെ വശത്താണ് താഴ്മയേറിയവരും ഉണ്ടായിരുന്നതെന്ന് തെരഞ്ഞുനോക്കാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. ഊഹ്-ഹാ.

211 എന്തുകൊണ്ട് യേശു അതുപോലെയുള്ളവരെ തെരഞ്ഞെടുത്തില്ലാ? തന്റെ സ്വന്തം പേരെഴുതി ഒപ്പിടാൻ പോലും കഴിവില്ലാത്തവരായ മീൻപിടുത്തക്കാരെ അവന്റെ അടുക്കൽ ഉണ്ടായിട്ട് അവരെ തന്റെ സഭയുടെ തലവന്മാരായി നിയോഗിച്ചു. അത് ശരിയാണ്. ജ്ഞാനം ജ്ഞാനം—യാതൊന്നുമില്ല; അത്—അത് ക്രിസ്തുവിന് എതിരാകുന്നു. ലോകജ്ഞാനം, എല്ലായ്പ്പോഴും ക്രിസ്തുവിന് എതിരാകുന്നു. യേശു ഒരിക്കലും നമ്മോട് സെമിനാരികൾ നിർമ്മിക്കാൻ പറഞ്ഞിട്ടില്ല; അവൻ ഒരിക്കലും അത് ചെയ്തിട്ടില്ല; അതുപോലെ ബൈബിൾ സ്കൂളുകളും ഉണ്ടായിരിക്കണം എന്നും പറഞ്ഞില്ല. അവൻ പറഞ്ഞു, "വചനം പ്രസംഗിക്കുവിൻ! സുവിശേഷം പ്രസംഗിക്കുക!" അവൻ "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും," നോക്കു, നിങ്ങൾക്കത് ഉണ്ടായിരുന്നിട്ട്...മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവൻ പറഞ്ഞു, "നിങ്ങൾ എല്ലാ രാജ്യങ്ങളിലും ചെന്ന്, ദൈവത്തിന്റെ ശക്തിയെ പ്രകടിപ്പിച്ച് കാണിക്കുക എന്നാകുന്നു."

212 ഇപ്പോൾ ശ്രദ്ധിക്കുക. സാത്താന്റെ ജോലി ദൈവത്തിന്റെ വചനത്തെ ജ്ഞാനത്തിന്റെ യുക്തിവാദങ്ങളിലേക്ക് വൈകൃതപ്പെടുത്തുക എന്നതാണ്. ഓ, എന്റെ! ഓ! അതിനുശേഷം അവന്റെ പ്രജകളെ യഥാർത്ഥ വചനത്തെ നിഷേധിക്കുന്നവരാക്കി അടയാളപ്പെടുത്തുന്നു. ഇപ്പോൾ നമുക്കത്...

213 ഈ കാര്യത്തെ നിങ്ങൾക്ക് മനസ്സിലാക്കിക്കാനായി കുറച്ചുനേരം കൂടി നിങ്ങൾ എനിക്ക് അനുവദിച്ച് തരുമോ? ഇത്, നിങ്ങൾ വിട്ടുകളയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ നിങ്ങൾക്ക് അതിന്റെ ഒരു മാതൃക കാണിച്ചിട്ട്, നിങ്ങൾക്കത് വചനത്തിൽകൂടി ഈ കാര്യങ്ങളെ ഒരു മാതൃകയായി കാണാൻ കഴിയും. നിങ്ങൾ കുഴഞ്ഞു മറിഞ്ഞ വിധത്തിൽ പോകാനിടയാകരുത്.

214 പഴയ നിയമത്തിൽ, ഒരു മനുഷ്യൻ അടിമയായി വില്ക്കപ്പെടുമായിരുന്നു. ഓരോ അമ്പത് വർഷം പൂർത്തിയാകുമ്പോഴും, അവിടെ ഒരു യോബേൽ സംവത്സരം വന്നിരുന്നു. അത് നാല്പത്തിയൊമ്പത് വർഷവും, പിന്നെ അമ്പതാം വർഷം യോബേൽ സംവത്സരമായിരുന്നു. ഒരു അടിമ ഇത് കേട്ടിട്ട്, അവൻ സ്വതന്ത്രനായി പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ സ്വതന്ത്രനായി പോകുന്നതിൽനിന്ന് അവനെ തടയാൻ യാതൊന്നിനും കഴിഞ്ഞിരുന്നില്ല. അവന് തന്റെ മൺവെട്ടി എറിഞ്ഞുകളഞ്ഞിട്ട്, "മതിയായി" തിരികെ വീട്ടിലേക്ക് പോകുകയാണ് എന്നുപറയാൻ കഴിയും. കാഹളം മുഴക്കി കഴിഞ്ഞിരിക്കുന്നു. അതുശരിയാണ്.

215 എന്നാൽ അവൻ പോകാൻ ആഗ്രഹിക്കാതെ, അവന്റെ യജമാനനോടുകൂടെ അടിമ ജീവിതത്തിൽ സന്തുഷ്ടനാണെങ്കിൽ, പിന്നെ അവൻ അവനെ ദേവാലയത്തിലേക്ക് കൂട്ടിക്കൊണ്ട് പോയി, സൂചികൊണ്ട് കാത് കുത്തി തുളക്കണം...ഒരു സൂചി എന്താണെന്ന് നിങ്ങൾക്കറിയാം. അവർ അവന്റെ കാതിനെ ഞെരിക്കിക്കൊണ്ട്, സൂചികൊണ്ട് അവന്റെ കാതിൽ ഒരു തുളയിടുന്നു. അതൊരു അടയാളമാകുന്നു, അവന് ഒരിക്കലും തിരികെപ്പോകാൻ കഴിയില്ല. അത് ശരിയല്ലേ? അവന് ഈ യജമാനനെ എപ്പോഴും സേവിച്ചിരിക്കണം. അതിനുശേഷം എത്ര യോബേൽ സംവത്സരം വന്നാലും, എന്തു സംഭവിച്ചാലും അതു ഞാൻ കാര്യമാക്കുന്നില്ല. അവൻ സ്വതന്ത്രനായി പോകുന്നതിനുള്ള അവന്റെ ജന്മാവകാശത്തെ പരിപൂർണ്ണമായും വിറ്റുകളഞ്ഞിരിക്കുന്നു.

216 ഒരു മനുഷ്യൻ സുവിശേഷ സത്യത്തെ നിഷേധിച്ചു കളയുമ്പോൾ, സാത്താൻ അവനെ അടയാളപ്പെടുത്തുന്നു, (എവിടെ?) അവന്റെ കാതിൽ. അവൻ അവനെ ബധിരനാക്കുന്നു, അതിനാൽ, ഇനിയും ഒരിക്കലും സത്യം കേൾക്കാൻ കഴിയില്ല, അവൻ തീർന്നിരിക്കുന്നു. അവൻ സത്യത്തിന് ചെവികൊടുത്തില്ലെങ്കിൽ, പിന്നെ അവൻ ആയിരുന്ന കൂട്ടത്തോടൊപ്പം തന്നെ അവശേഷിക്കുന്നു. ഇല്ല.

217 "നിങ്ങൾ സത്യം അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും." നോക്കൂ, സത്യം സ്വതന്ത്രരാക്കുന്നു.

218 ദൈവം തന്റേതിനെ അവർ വരുമ്പോൾ അടയാളമിടുന്നു. അവരിൽകൂടി ദൈവം തന്റെ വചനം ന്യായീകരിച്ച് കാണിച്ചുകൊണ്ട് അവരെ അടയാളമിടുന്നു. അതു കൃത്യമായും, വിശുദ്ധ യോഹന്നാൻ 14:12. മറ്റൊരു കാര്യം, നിങ്ങൾ കുറിച്ചെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത് മർക്കൊസ് 16 ആകുന്നു. യേശു പറഞ്ഞു, "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും."

219 ഇപ്പോൾ ഒരു നിമിഷത്തേക്ക്, നമുക്ക് അതെടുക്കാം. അവൻ തമാശ പറയുകയായിരുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "അല്ല."—Ed.] അവൻ അത് വെറുതെ അർത്ഥമാക്കിയിട്ട്, അതായത് അവൻ അത് അപ്പോസ്തലന്മാർക്ക് മാത്രം അർത്ഥമാക്കിയിരുന്നു എന്ന് ചിലർ നമ്മോട് പറയുന്നതുപോലെ ആയിരുന്നോ? ["അല്ല."]

220 ശ്രദ്ധിക്കൂ. അതിന്റെ പശ്ചാത്തലത്തെ വായിക്കുക. "നിങ്ങൾ പോയി..." എവിടെ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ലോകമെമ്പാടും"] "ലോകത്തിലൊക്കെയും" സുവിശേഷം പ്രസംഗിപ്പിൻ. എന്തിനോടാണ്? ["സകല സൃഷ്ടിയോടും."]

"സകല സൃഷ്ടിയോടും," ഇതുവരെ അതിന്റെ മൂന്നിലൊന്ന് പോലും എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. "ഈ അടയാളങ്ങൾ, ലോകമൊക്കെയും, സകല സൃഷ്ടിയോടും, ഈ സുവിശേഷം എവിടെ ഒക്കെ പ്രസംഗിക്കപ്പെടുന്നുവോ, അവരെ പിൻതുടരും. വിശ്വസിക്കുന്നവരെ ഈ അടയാളങ്ങൾ പിന്തുടരും," അത് ഒരു കയ്യിലെണ്ണാവുന്നവരിൽ മാത്രമല്ല.

221 അതൊരിക്കൽ ഒരു വ്യക്തി എന്നോട് ഇങ്ങനെ പറഞ്ഞു, "ദൈവം പന്ത്രണ്ട് അപ്പോസ്തലന്മാർക്ക് മാത്രമെ രോഗ സൗഖ്യത്തിന്റെ വരം നല്കിയിരുന്നുള്ളു." ഓ! അദ്ദേഹം അത് പറയാൻ എഴുന്നേറ്റപ്പോൾ, ഇവിടെ വളരെയധികം സഹോദരന്മാർ സന്നിഹിതരായിരുന്നു. നോക്കു, കുറച്ചു നിമിഷങ്ങൾക്കുള്ളിൽ തന്നെ അദ്ദേഹത്തിന് അതിന് പകരം വേണ്ടത് ലഭിക്കുകയും ചെയ്തു.

222 അതുകൊണ്ട് ഇപ്പോൾ ശ്രദ്ധിക്കുക. "ലോകത്തെമ്പാടും, സർവ്വ സൃഷ്ടിയോടും, ഈ അടയാളങ്ങൾ പിന്തുടരും."

223 സാത്താന്റെ അവിശ്വാസത്തിന്റെ അടയാളം എടുക്കരുത്. അവന് കഴിയുമെങ്കിൽ ഇന്ന് രാത്രിയിൽ നിങ്ങളുടെമേൽ അത് ഇടാൻ ശ്രമിക്കും. അവൻ നിങ്ങളെ ഉന്തിതള്ളി ഭിത്തിക്കെതിരെ കൊണ്ടുവരും. "എനിക്കതിനെക്കുറിച്ച് ഒന്നുമറിയില്ല," എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ പുറത്തേക്ക് നടന്നുപോകുകയും ചെയ്യും.

224 നിങ്ങൾ വീട്ടിൽ ചെന്ന് ഇത് പഠിച്ചിട്ട്, ആത്മാർത്ഥമായി, പ്രാർത്ഥിക്കുക. എന്തുകൊണ്ടെന്നാൽ, എല്ലാകാര്യങ്ങളും, ഈ നാഴികയിൽ, സമയത്തിന്റെ പരിശുദ്ധമായ ഈ നാഴികയിൽ സമയത്തിന്റെ പരിശുദ്ധമായ ഈ നാഴികയിൽ അത്രയും സമ്പൂർണ്ണമായും തിരുവെഴുത്ത് പ്രകാരമായിരിക്കുന്നു. അത് വർഷങ്ങളോളം തെളിയിക്കപ്പെടുകയും, അതിലേയ്ക്ക് നേരെ വന്നിരിക്കുകയും ചെയ്തിരിക്കുന്നു. ആ നാഴിക ഇതായിരിക്കുന്നു. ആ സമയം ഇതാകുന്നു.

225 അവന്റെ അവിശ്വാസത്തിന്റെ അടയാളം, നിങ്ങളുടെ കാതുകളിൽ അവനെ കുത്തിത്തുളച്ച് കയറ്റാൻ അനുവദിക്കരുത് കാണുന്നോ? എന്തുകൊണ്ടെന്നാൽ, അവന്റെ തുടക്കം തന്നെ, അവിശ്വാസിയായിട്ടാകുന്നു അവൻ അത് സംശയിച്ചിരുന്നു. ശരി. ഓ, അതിനിടയാകുക പോലും ചെയ്യരുത്. അവനെ, തിരുവെഴുത്ത് എടുത്ത് അവന്റെ ബുദ്ധിയാലും അവന്റെ സ്വന്ത ജ്ഞാനത്താലും അവന്റെ യുക്തിവാദത്തിന്റെ ശക്തിയിലേക്ക് വളച്ചു പിരിക്കാനും വൈകൃതപ്പെടുത്താനും അനുവദിക്കരുത്. നിങ്ങൾ എളിമയുള്ളവനാകുന്നു എന്ന് പറയേണം, "ദൈവം അപ്രകാരം

പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അത് അങ്ങനെ തന്നെയായിരിക്കും". ഇപ്പോൾ, ഓ, നമുക്ക്...

226 അധികം താമസിക്കാനിടയുണ്ട്. അതുകൊണ്ട് ഇവിടെത്തന്നെ നിർത്തിക്കൊണ്ട് തുടങ്ങുന്നതാണ് നല്ലത്. ഇപ്പോൾ നമുക്ക് തുടങ്ങാം.

227 ഇപ്പോൾ നമുക്ക് രണ്ടാം മുദ്രയിലേയ്ക്ക് പോകാം. അറുക്കപ്പെട്ട്, ഉയർത്തെഴുന്നേറ്റ, കുഞ്ഞാട് ഈ രണ്ടാം മുദ്ര, തുറന്നപ്പോൾ, കാളക്ക് സദൃശ്യനായ ജീവി പറഞ്ഞു, "വരിക, മുദ്രയുടെ രഹസ്യം എന്താണെന്ന് കാണുക." കാണുന്നോ? നമുക്ക് അതിപ്പോൾ മനസ്സിലായിരിക്കുന്നു. ഓർക്കുക, കുഞ്ഞാട് തന്നെ ഓരോ മുദ്രയും തുറക്കേണ്ടിയിരിക്കുന്നു. അപ്പോൾ രണ്ടാം ജീവി...

228 ഇവിടെ നാം ശ്രദ്ധിക്കുകയാണെങ്കിൽ, സഭാകാലങ്ങളിലൂടെ കടന്നു വന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ, അതേ കാര്യം തന്നെ നമുക്ക് ഇവിടെയും കാണാൻ സാധിക്കുന്നു. രണ്ടാമത്തെ...ആദ്യത്തേത് സിംഹമായിരുന്നു; രണ്ടാമത്തേത്...അതൊരു കാളക്കുട്ടിപോലെ അതല്ല കാളയെ പോലെയുള്ളതോ അങ്ങനെയുള്ള ചിലതോ ആയിരുന്നു.

229 അവിടെ കുഞ്ഞാട് മുദ്ര പൊട്ടിച്ചപ്പോൾ, ഈ ജീവി പറഞ്ഞു, "വന്നു, കാണുക". അങ്ങനെ, അപ്പോൾ, കാണാനായി പുറപ്പെട്ടു പോയി. അവൻ അകത്തു എത്തിയപ്പോൾ, സംഭവിച്ചത് എന്താണ്? അവൻ അവിടെ എന്തു കണ്ടെന്നു നോക്കാം. "വന്നു, കാണുക." അവിടെ ഒരു മർമ്മം ഇപ്പോൾ ഏകദേശം രണ്ടായിരം വർഷങ്ങളായി മുദ്രയിട്ടു കിടക്കുന്നു. അത് എന്താണെന്ന് നമുക്ക് നോക്കാം.

230 ഇപ്പോൾ, അവൻ കണ്ടതിനെ നാം ഇവിടെ കാണുന്നു, (എന്താകുന്നു?) ഒരു ചുവന്ന കുതിര പുറപ്പെട്ടുപോകുന്നു. ഇപ്പോൾ ഇതെന്താണെന്ന് എന്റെ അറിവിൻ പ്രകാരം, എന്റെ അറിവിൻ പ്രകാരം അവന്റെ കൈയ്യിലുണ്ടായിരുന്ന ഈ വലിയ വാൾ...ഇപ്പോൾ നമുക്ക് മൂന്ന് കാര്യങ്ങളെക്കുറിച്ച്, അടുത്ത പതിനഞ്ചോ ഇരുപതോ മിനിറ്റിനുള്ളിൽ എടുക്കേണ്ടതുണ്ട്. അവൻ ഇവിടെ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് നമുക്കിപ്പോൾ വായിച്ചുനോക്കാം. "അപ്പോൾ മറ്റൊരു..." ഇത് നാലാം വാക്യമാകുന്നു.

> *...അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു;* (ആദ്യത്തേത് വെള്ളയായിരുന്നു.) *അതിന്റെ പുറത്ത് ഇരിക്കുന്നവന്നു, മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം*

*എടുത്തുകളയേണ്ടതിന് അധികാരം ലഭിച്ചു. ഒരു വലിയ വാളും അവന്നു കിട്ടി.*

231 ഇപ്പോൾ ഇവിടെ പ്രതിരൂപങ്ങളായി നല്കിയിരിക്കുന്നു, നാം അത് അവിടെ ശ്രദ്ധിച്ചു നോക്കുവാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, എന്റെ അറിവിൻ പ്രകാരം, എനിക്ക് അറിയാവുന്നതിലും വച്ചേറ്റവും നന്നായിട്ട്, നിങ്ങൾ നോക്കിയാൽ, യേശു മത്തായി 24-ൽ അത് മുൻകൂട്ടി പറഞ്ഞിരുന്നു. കാണുന്നോ? അവൻ പറഞ്ഞു, "നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും, യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു മാത്രം, യുദ്ധങ്ങൾ. എന്നാൽ" പറഞ്ഞു, "അതെല്ലാം സംഭവിക്കേണ്ടതു തന്നെ, നോക്കു, എന്നാൽ അത് അവസാനമല്ല." നോക്കു, അവർ യേശുവിനോട് മൂന്ന് ചോദ്യങ്ങൾ ചോദിച്ചു. കാണുന്നോ? അവൻ അവർക്ക് മൂന്ന് ചോദ്യത്തിനും ഉത്തരം നല്കി.

232 അവിടെയാണ് നമ്മുടെ വളരെയധികം സഹോദരന്മാർ ഇത് സ്ഥാനപ്പെടുത്താൻ ശ്രമിച്ചുകൊണ്ട് പലവിധ ചിന്താകുഴപ്പത്തിൽ കിടക്കുന്നത്...അഡ്വെന്റിസ്റ്റ് സഭക്കാരായ സഹോദരന്മാരും, സെവന്തുഡേക്കാരും മറ്റുപലരും ആകുന്നു. "ആ കാലത്ത് ഗർഭിണികൾക്കും മുലകുടിക്കുന്നവർക്കും അയ്യോ കഷ്ടം, ശബ്ബത്തു നാളിൽ വാതിലുകൾ അടയ്ക്കപ്പെടും, അതുപോലെയുള്ള കാര്യങ്ങളാകുന്നു." എന്റെ! ഇതൊന്നും ആ ചോദ്യങ്ങളുമായി യാതൊരു വിധത്തിലുള്ള ബന്ധപ്പെട്ട കാര്യമെ അല്ല, നോക്കു, ഒരിയ്ക്കലുമല്ല. മനസ്സിലായോ?

233 അവർ ചോദിച്ചതിന് അവൻ മറുപടി നല്കി, എന്നാൽ അവൻ അതെല്ലാം അന്ത്യകാലത്തേക്ക് അപേക്ഷിച്ചിരുന്നതല്ല. അവൻ പറഞ്ഞു, "നിങ്ങൾ കേൾക്കും..." നാം ഇപ്പോൾ ഇവിടെയുള്ള ഈ ഒരു കാര്യത്തിൽ ശ്രദ്ധിക്കുന്നു. അതിനെക്കുറിച്ച് കൂടുതലായി അടുത്ത ചില രാത്രികളിൽ നാം വരുന്നതായിരിക്കും. ശ്രദ്ധിക്കു. അവൻ പറഞ്ഞു, "നിങ്ങൾ യുദ്ധങ്ങളെയും, യുദ്ധശ്രുതികളെയും കുറിച്ച് കേൾക്കും. എന്നാൽ ഇതെല്ലാം...നോക്കു, അവർ വീണ്ടും തിരികെ പോകും, അപ്പോൾ അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കുകയും, അങ്ങനെയും മറ്റുമാകുന്നു. അതുമല്ല, അതെല്ലാം ഇതുവരെയും സംഭവിച്ചിട്ടുമില്ല."

234 എന്നാൽ "ലോകാവസാനത്തെക്കുറിച്ച്" ശിഷ്യന്മാർ ചോദിച്ചതിന് മറുപടി പറയാൻ സമയം ലഭിച്ചപ്പോൾ അവൻ അതേപ്പറ്റി അവരോട് പറയുവാൻ തുടങ്ങി.

235 "ഈ കാര്യങ്ങളെല്ലാം എപ്പോൾ സംഭവിക്കും? കല്ലിന്മേൽ കല്ല് ശേഷിക്കാതെ വരുന്ന കാലം എപ്പോഴാണ്? നിന്റെ വരവും,

ലോകാവസാനവും എപ്പോഴാകുന്നു?" നോക്കു, അവർ മൂന്ന് കാര്യങ്ങളാണ് അവനോട് ചോദിച്ചത്.

അവൻ "ലോകാവസാനത്തെക്കുറിച്ച്" അവരോട് സംസാരിക്കാൻ തുടങ്ങി.

236 അവൻ പറഞ്ഞു "അത്തിവൃക്ഷത്തിന്റെ ഇല തളിർക്കുമ്പോൾ, സമയം വാതില്ക്കലായിരിക്കുന്നു എന്ന് നിങ്ങൾ അറിയുക. ഇതൊക്കെയും സംഭവിക്കുവോളം, ഈ തലമുറ ഒഴിഞ്ഞുപോകയില്ലയെന്ന് ഞാൻ സത്യം സത്യമായിട്ട് നിങ്ങളോട് പറയുന്നു." ഒരു അവിശ്വാസി ഇതിന്റെ വ്യാഖ്യാനം അറിയാതെ എപ്രകാരം ഈ കാര്യങ്ങളിൽ ആശ്രയിച്ച പോകുന്നു. കാണുന്നോ? അവൻ പറഞ്ഞു, "ഈ തലമുറ" എന്ന് പറഞ്ഞത്, അത് അവൻ സംസാരിച്ച കൊണ്ടിരുന്നതായ തലമുറയെക്കുറിച്ച് ആയിരുന്നില്ല, "അത്തിയില തളിർക്കുന്നത് കാണുന്ന തലമുറയെക്കുറിച്ചായിരുന്നു."

237 ഇപ്പോൾ ഞാൻ ചിലത് നിങ്ങളോട് ചോദിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ മുമ്പിലായി കാണുന്ന ചില കാര്യങ്ങളെ ശ്രദ്ധിക്കുക. യിസ്രായേൽ ഇപ്പോൾ, കഴിഞ്ഞ രണ്ടായിരത്തിയഞ്ഞൂറ് വർഷങ്ങൾക്ക് ശേഷം ആദ്യമായി, ഒരു രാഷ്ട്രമായി തീർന്നിരിക്കുന്നു. ലോകത്തിലെ ഏറ്റവും പുരാതന ദേശീയപതാക ഇന്നു രാത്രിയിൽ യരുശലേമിനു മേൽ പാറുന്നു. യിസ്രായേൽ അവളുടെ മാതൃ രാജ്യത്ത് ആയിരിക്കുന്നു.

238 ഒരിക്കൽ, ഇവിടെയുണ്ടായിരുന്ന ഒരു മിഷ്ണറി സഹോദരൻ യഹൂദന്മാരുടെ ഇടയിലേക്ക് ഒരു മിഷ്ണറി പ്രവർത്തന് പോകുന്നതിന് ആഗ്രഹിച്ചിരുന്നു. ഞാൻ പറഞ്ഞു, "നിങ്ങൾക്ക് വല്ലപ്പോഴുമൊക്കെ ഒരാളെ കിട്ടിയെന്നിരിക്കാം." ഓ, മുഴുവൻ രാജ്യവും കിട്ടുമെന്ന് ജനങ്ങൾ വിചാരിക്കുന്നു! ഇല്ല സർ.

239 യിസ്രയേൽ ഒരു ദേശമായിട്ടാണ് പരിവർത്തനം ചെയ്യപ്പെടുന്നത്, ഒരു വ്യക്തിയായിട്ടല്ല. "ഒരു ദേശം ഒരു ദിവസം കൊണ്ട് പിറക്കും." അതാകുന്നു യിസ്രായേൽ. അങ്ങനെ, "യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും എന്ന് പൗലൊസ് ഇപ്രകാരം പറയുന്നു. യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും." ഇപ്പോൾ ശ്രദ്ധിക്കുക. "യിസ്രായേൽ മുഴുവനും." അത് കൃത്യമായും ശരിയാകുന്നു.

240 ഇപ്പോൾ ഇത് ശ്രദ്ധിക്കുക. "എന്നാൽ," അവൻ പറഞ്ഞു, "അത്തി നിങ്ങൾ കാണുമ്പോൾ, മറ്റെല്ലാ മരങ്ങളും, തങ്ങളുടെ തളിരുകളെയും ഉളവാക്കും." ഇപ്പോൾ ശ്രദ്ധിക്കുക, കഴിഞ്ഞ രണ്ടായിരിത്തിയഞ്ഞൂറ് വർഷങ്ങളായിട്ട് യിസ്രായേൽ ജനതക്ക്

അവരുടെ മാതൃരാജ്യത്തേക്ക് തിരികെ എത്തിച്ചേരാൻ ഒരിക്കലും ഒരു സമയം ലഭിച്ചിരുന്നില്ല. നിങ്ങൾക്കറിയാമല്ലോ, അതിനെക്കുറിച്ച് *അർദ്ധരാത്രിക്ക് മൂന്ന് മിനിട്ടുകൾ* എന്ന ഒരു ലഘുചിത്രം നമുക്കുണ്ടായിരിക്കുന്നു. അവിടെ ഇതാ അവൾ, ഒരു രാഷ്ട്രമായി, ദാവീദിന്റെ ആറ് മുനകളോട് കൂടിയ നക്ഷത്രത്തിന്റെ പതാക, പറന്നുകൊണ്ടിരിക്കുകയും അതുപോലെ ഈ കാര്യങ്ങൾ എല്ലാമായിരിക്കുന്നു.

241 കഴിഞ്ഞ ഏതാനും വർഷങ്ങളിലുണ്ടായിട്ടുള്ള ഉണർവ്വ് പോലെ ഒരു ഉണർവ്വ് എപ്പോഴെങ്കിലും വിഭാഗീയ സഭകളിൽ ഉണ്ടായിട്ടുണ്ടോ? ഇപ്പോൾ അതൊന്ന് പഠിച്ചുനോക്കുക. നാം വീട്ടിലായിരിക്കുന്നു.

242 മെതഡിസ്റ്റും ബാപ്റ്റിസ്റ്റും അങ്ങനെ മറ്റുള്ളവയും, ബില്ലി ഗ്രഹാമിന് ഉണ്ടായിരുന്ന ശുശ്രൂഷയ്ക്ക് മുമ്പ് സംഘടനാസഭകൾ എപ്പോഴാണ് വളർന്ന് വികസിച്ചിട്ടുള്ളത്? നാമ മാത്രക്കാരായ സഭയുടെ ഇടയിൽ h-a-m ഹാം എന്ന് അവസാനിക്കുന്ന പേരോട് കൂടിയ ഒരു വ്യക്തി എപ്പോഴെങ്കിലും ഇതിനുമുമ്പ്, ഉണ്ടായിട്ടുണ്ടോ എന്ന് ചരിത്രത്തിൽ തിരഞ്ഞുനോക്കുക. ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. A-b-e...

243 A-b-r-a-h-a-m. അബ്രഹാം. ഇപ്പോൾ ശ്രദ്ധിക്കുക, അബ്രഹാമിന്റെ പേരിൽ ഏഴ് അക്ഷരങ്ങളുണ്ട്. A-b-r-a-h-a-m.

244 എന്നാൽ നമ്മുടെ സഹോദരൻ ബില്ലി ഗ്രഹാമിന് G-r-a-h-a-m ഗ്രഹാമിന്, ആറ് അക്ഷരങ്ങൾ, ഏഴ് ഇല്ല. ലോകം, പ്രാകൃത സഭയ്ക്ക്, അവിടെയാകുന്നു അദ്ദേഹം ദൈവവേല നടത്തുന്നത്.

245 പ്രാകൃത സഭ, സോദാമിലായിരുന്ന, ലോത്താകുന്നു. ഈ വ്യക്തി അവിടെചെന്ന് പ്രസംഗിച്ചിട്ട്, സുവിശേഷത്താൽ അവരെ അന്ധരാക്കി.

246 എന്നാൽ അബ്രഹാമിനോടൊപ്പം ഒരുവൻ നിന്നിരുന്നു. അബ്രഹാം അവനെ "ഏലോഹിം, കർത്താവ്," എന്ന് വിളിച്ചു. ഇപ്പോൾ മൂന്നുപേർ അവന്റെ അടുക്കലേക്ക് വരുന്നത് അബ്രഹാം കണ്ടപ്പോൾ, "എന്റെ യജമാനനെ" എന്ന് വിളിച്ചു.

247 എന്നാൽ രണ്ടുപേർ വരുന്നത്, ലോത്തു കണ്ടപ്പോൾ, "എന്റെ യജമാനന്മാരെ" എന്നു വിളിച്ചു. അവിടെയാണ് വ്യത്യാസം കിടക്കുന്നത്. നിങ്ങളുടെ ത്രിത്വത്തിന്റെ പ്രവർത്തിയെ കാണുക. കാണുന്നോ?

248 യേശു പറഞ്ഞു, “ലോത്തിന്റെ കാലത്ത് സംഭവിച്ചത് പോലെതന്നെ” നിങ്ങൾ അത് കാണുന്നുണ്ടോ? ശ്രദ്ധിക്കുക. അത് തിട്ടപ്പെടുത്തുക.

249 ഇപ്പോൾ, അബ്രഹാമിന്റെ, മണവാട്ടിയുടെ, ആത്മീയ സഭയുടെ, അടുക്കലേയ്ക്ക് ഒരു വ്യക്തി വന്നു, അത് അതിന്റെ തുടക്കം മുതലേ സൊദോമിൽ ആയിരുന്നില്ല. അവൻ എന്താണ് ചെയ്തതെന്ന് ശ്രദ്ധിക്കുക. അവർ ചെയ്തിരുന്നതുപോലെ അവൻ ഒരിക്കലും ഒരു പ്രസംഗം നടത്തിയില്ല. അവൻ അവരെ പഠിപ്പിച്ചു, എന്നാൽ അന്ന് അവൻ അവരുടെ മുമ്പിൽ അടയാളങ്ങൾ പ്രവർത്തിച്ചിരുന്നു. അവൻ മശീഹായുടെ അടയാളം പ്രവർത്തിച്ചിരുന്നു. അവൻ കൂടാരത്തിന് പുറംതിരിഞ്ഞ് നിന്നുകൊണ്ട് “അബ്രഹാം” എന്ന് വിളിച്ചു. ഇപ്പോൾ ഓർക്കുക, അതിനും കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, അവന്റെ യഥാർത്ഥ പേര് അബ്രാം എന്നായിരുന്നു. എന്നാൽ അവൻ “അബ്രഹാം എന്നു വിളിച്ചുകൊണ്ട് ചോദിച്ചു, നിന്റെ ഭാര്യയായ S-a-r-a-h സാറാ എവിടെ?” അതിനു കുറച്ചു നാൾ മുമ്പു വരെ അവളുടെ പേര് സാറായി എന്നായിരുന്നു.

അബ്രഹാം പറഞ്ഞു “അവൾ നിന്റെ പിൻവശത്ത് കൂടാരത്തിലുണ്ട്.”

250 അവൻ പറഞ്ഞു, “അബ്രഹാമേ, ഞാൻ...” അവിടെയാണ് വ്യക്തിപരമായ സർവ്വനാമം കിടക്കുന്നത്. “ഞാൻ നിനക്ക് നൽകിയ വാഗ്ദത്തം അനുസരിച്ച് ഞാൻ നിന്നെ സന്ദർശിക്കാൻ പോകുകയാണ്”. അത് എന്തായിരുന്നു എന്ന് നിങ്ങൾ കാണുന്നില്ലേ? മനസ്സിലായോ? ഒരു മനുഷ്യൻ, തന്റെ പൊടിപിടിച്ച വസ്ത്രത്തോടുകൂടി, കാളക്കുട്ടിയുടെ മാംസം ഭക്ഷിക്കുകയും, പശുവിൻ പാൽ കുടിക്കുകയും, ഗോതമ്പിന്റെ അപ്പം തിന്നുകയും ചെയ്തു. അതേ, ശ്രീമാൻ. ദൈവം, ഏലോഹീം ജഡത്തിൽ വെളിപ്പെട്ടതായിരുന്നു!

251 അന്ത്യകാലത്ത്, വീണ്ടും അവൻ ജഡത്തിൽ വെളിപ്പെടുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു! ശ്രദ്ധിക്കുക.

“അബ്രഹാമേ, നിന്റെ ഭാര്യ സാറാ എവിടെ?”

“അവൾ നിനക്ക് പിന്നിലായി കൂടാരത്തിലുണ്ട്.”

പറഞ്ഞു, “ഞാൻ നിന്നെ സന്ദർശിക്കാൻ പോകുകയാണ്.”

252 ആ സ്ത്രീ, തീർച്ചയായും നൂറ് വയസ്സ് പ്രായമായിരിക്കെ, അവളുടെ ഉള്ളിൽ ഒന്ന് ചിരിച്ചുപോയി; ഇപ്പോൾ അത് പിന്നിലുള്ള കൂടാരത്തിൽ, കൂടാരത്തിന്റെ തിരശ്ശീലകൾക്ക് പിന്നിലായിരുന്നു. അവൾ ചോദിച്ചു “വൃദ്ധയായ ഞാനോ?” അതെ, നിങ്ങൾക്കറിയാമല്ലോ, ഭാര്യാ

ഭർത്താക്കന്മാരായ അവർക്ക് വർഷങ്ങളായിട്ട്, ഈ കാര്യങ്ങളെല്ലാം നിന്നുപോയിരുന്നു. കാരണം അവന് നൂറു വയസ്സും അവൾക്ക് തൊണ്ണൂറ് വയസ്സും ആയിരുന്നു. "അതൊരിക്കലും സംഭവിക്കുകയില്ല," എന്ന് അവൾ പറഞ്ഞു.

253 "സാറാ ചിരിച്ചത് എന്ത്?" എന്ന് അവൻ ചോദിച്ചു. വ്യൂ! കൂടാരത്തിന് പുറം തിരിഞ്ഞിന്നു നിന്നിരുന്ന അവൻ "അവൾ ചിരിച്ചത് എന്ത്? 'ഈ കാര്യങ്ങൾ എങ്ങനെ സംഭവിക്കും?'" എന്നവൻ ചോദിച്ചു. നോക്കൂ, അവൻ ഒരടയാളം അവന് കാണിച്ചുകൊടുത്തു.

254 ഇപ്പോൾ അന്ത്യകാലത്ത് അത്, വീണ്ടും, ആവർത്തിക്കപ്പെടുമെന്ന് അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു.

255 രണ്ടുപേർ സൊദോമിൽ ചെന്ന് വചനം പ്രസംഗിച്ച് അവരോട് അവിടെ നിന്ന് പുറത്തു പോകാൻ പറഞ്ഞു; ആ സ്ഥലം കത്തിക്കാൻ പോകുകയായിരുന്നു. അത് സംഭവിച്ചു. ലോത്ത് ഇടറിപ്പോയി; അത് പ്രാകൃത സഭ, പാപത്തിന്റെ ചെളിക്കുണ്ടിലാകുന്നു, എന്നിരിക്കിലും, അവരുടെ വിഭാഗീയ സഭകളുടെ പരിപാടികളിൽ കൂടി സാഹസപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ മണവാട്ടി...

256 ആ മനുഷ്യൻ ഒരിക്കലും മറ്റവരോടൊപ്പം പോയിരുന്നില്ല. അവൻ ചെന്ന് മണവാട്ടിയുടെ മാതൃകപോലെ വിളിക്കുക മാത്രം ചെയ്തു. നാം ഇപ്പോൾ അന്ത്യകാലത്തായിരിക്കുന്നു. കാണുന്നോ? ഇപ്പോൾ ശ്രദ്ധിക്കൂ.

"'ദൈവം അവിടെ ജഡത്തിൽ വെളിപ്പെട്ടു,' എന്നാണോ നിങ്ങൾ ഇവിടെ പറയുന്നത്?"

257 യേശു തന്നെ സ്വയമായി പറഞ്ഞു, "നിങ്ങൾക്ക് എങ്ങനെ എന്നെ കുറ്റം വിധിക്കാൻ കഴിയും? ദൈവത്തിന്റെ വചനം ആരുടെ അടുക്കൽ വരുന്നുവോ അവരെ പ്രവാചകന്മാർ എന്നു നിങ്ങളുടെ നിങ്ങളുടെ ബൈബിളിലും, ന്യായപ്രമാണത്തിലും...വചനം പ്രവാചന്മാരുടെ അടുക്കൽ വരുന്നു," എന്നു യേശു പറഞ്ഞു, കാരണം അവൻ എല്ലാക്കാര്യങ്ങളിലും തിരുവെഴുത്തു പ്രകാരമായിരുന്നു. അവൻ പറഞ്ഞു, "ദൈവത്തിന്റെ വചനം പറയുന്നു, അതായത്, 'ദൈവത്തിന്റെ വചനം പ്രവാചകന്മാരുടെ അടുക്കൽ വരുന്നു.' അവരെ നിങ്ങൾ 'ദേവന്മാർ' എന്ന് വിളിച്ചിരുന്നു, കാരണം ദൈവത്തിന്റെ വചനം അവരുടെ അടുക്കൽ വന്നിരുന്നു." ചോദിച്ചു, "എങ്കിൽ, ഞാൻ ദൈവപുത്രൻ എന്ന് പറഞ്ഞതിൽ നിങ്ങൾ എന്നെ എങ്ങനെ കുറ്റം വിധിക്കുന്നു?" അവരുടെ തന്നെ ന്യായപ്രമാണം എടുത്ത് അവൻ അവരെ തുന്നിച്ചു കളഞ്ഞു. അവിടെയാണ് നിങ്ങൾ. കാണുന്നോ?

258 ഇപ്പോൾ നാം എവിടെയാകുന്നു? നാം അന്ത്യ കാലത്താകുന്നു. ഇപ്പോൾ വളരെ ശ്രദ്ധിച്ച് കേൾക്കുക.

259 ഇപ്പോൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് നാം കേൾക്കും എന്ന് നാം കണ്ടു. അത്തി തളിർത്തിരിക്കുന്നു എന്നു നാം കാണുന്നു. മറ്റുള്ള മരങ്ങളും തളിർത്തിരിക്കുന്നു. മെഥോഡിസ്റ്റും ബാപ്റ്റിസ്റ്റും, പ്രിസ്ബിറ്റേറിയനും, മറ്റുള്ളതെല്ലാം, എല്ലാം തളിർക്കുകയും, വലിയ ഉണർവ്വ് ഉണ്ടായി കൊണ്ടിരിക്കുകയും ചെയ്യുന്നു.

260 ഇപ്പോൾ ദൈവം തന്റെ തിരെഞ്ഞെടുക്കപ്പെട്ട മണവാട്ടിയെ അവസാന നാഴികയിലേയ്ക്ക് കൂട്ടിച്ചേർത്തുകൊണ്ടിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഓ, എന്റെ! ഇപ്പോൾ ശ്രദ്ധിക്കുക.

261 ഇപ്പോൾ അന്ന്, അന്ന് അവൻ കണ്ടതായ കാര്യങ്ങൾ, യോഹന്നാൻ കണ്ട കാര്യങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. "ഒരു ചുവന്ന കുതിര; അവന്റെ സവാരിക്കാരൻ പുറപ്പെട്ടുപോകുന്നു, ഒരു വലിയ വാളുകൊണ്ട് കൊല്ലുന്നതിനുള്ള അധികാരവും ലഭിച്ചു." ഇപ്പോൾ അതിനെക്കുറിച്ചുള്ള എന്റെ വെളിപ്പാട് ഇതാകുന്നു. ഇത് വീണ്ടും, സാത്താൻ തന്നെയാകുന്നു. ഇത് പിശാച് വീണ്ടും മറ്റൊരു രൂപത്തിലാകുന്നു. ഇപ്പോൾ, മുദ്രകൾ എന്താണ് സൂചിപ്പിക്കുന്നതെന്നത്...കഴിഞ്ഞ രാത്രിയിൽ ഞാൻ പറഞ്ഞതു പോലെയാകുന്നു. കാഹളങ്ങൾ, ജനങ്ങളുടെ ഇടയിലും, രാജ്യങ്ങളുടെ ഇടയിലും ആഭ്യന്തര യുദ്ധങ്ങളെ സൂചിപ്പിക്കുന്നു. എന്നാൽ നിങ്ങൾ ഇവിടെ കാണുന്നത്, ഈ വ്യക്തിയുടെ കയ്യിൽ ഒരു വാളുണ്ടായിരുന്നു, അതുകൊണ്ട് അത് സഭയിലുണ്ടാകുന്ന, രാഷ്ട്രീയ മത്സരത്തെ സൂചിപ്പിക്കുന്നു. ഇപ്പോൾ നിങ്ങൾ അങ്ങനെ ചിന്തിച്ചിരിക്കാൻ ഇടയില്ലെന്ന് വരാം. എന്നാൽ ഏതാനും കുറച്ച് നേരത്തിനുള്ളിൽ അത് ശ്രദ്ധിക്കുക.

262 ഈ കുതിരകളുടെ നിറം മാറുന്നത് ശ്രദ്ധിക്കുക. സവാരിക്കാരൻ ഒരേ ആൾ തന്നെയാകുന്നു; കുതിരകളുടെ നിറം മാറുന്നു. ഒരു കുതിര ഒരു മൃഗമാകുന്നു. മൃഗം, ബൈബിളിൽ, ഒരു അടയാളത്തിന് അടിയിലായി, ഒരു ശക്തിയെ പ്രതിനിധാനം ചെയ്യുന്നു. അതേ വ്യവസ്ഥതന്നെ, മറ്റൊരു നിറത്തിൽ മറ്റൊരു അധികാരത്തിനായി നിർമ്മലമായ വെള്ളയിൽ നിന്ന് രക്തവർണ്ണമായ ചുവപ്പിലൂടെ സവാരി ചെയ്യുന്നു. കാണുന്നോ? ഇപ്പോൾ അവൻ എങ്ങനെയാണ് വരുന്നതെന്ന് ശ്രദ്ധിക്കുക.

263 അവൻ ആദ്യമായി ആരംഭിച്ചപ്പോൾ, അവൻ അവരുടെ ഇടയിൽ നിക്കോലാവ്യരുടെ നടപ്പ് എന്ന വെറും ഒരു ചെറിയ ഉപദേശമായിരുന്നു. തീർച്ചയായും, അത് വേറൊന്നിനെയും

കൊന്നിരുന്നില്ല. നിങ്ങൾ കുറിച്ചെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അത് വെളിപ്പാട് 2:6 ആകുന്നു. അവൻ ഒന്നിനെയും കൊന്നിരുന്നില്ല. അത് വെറുമൊരു ഉപദേശമായിട്ട്, ജനങ്ങളുടെ ഇടയിൽ വെറുമൊരു ആത്മാവായിരുന്നു. ഈ സമയത്ത് അവൻ യാതൊന്നിനെയും കൊല്ലുമായിരുന്നില്ല. ഓ, അവൻ അത്രയും നിഷ്കളങ്കനായി, കാണപ്പെട്ട് ഒരു വെള്ളക്കുതിരയുടെ പുറത്തുകയറി സവാരി ചെയ്തിരുന്നു. "കൊള്ളാം നിങ്ങൾക്കറിയാമോ, നമുക്ക് ഒരു വലിയ ലോക വ്യാപകമായ സഭ ആയിതീരാൻ കഴിയും. നമുക്കതിനെ സർവ്വ ലൗകിക സഭ എന്ന് വിളിക്കാം." അവർ അതിപ്പോഴും ചെയ്യുന്നു. ശരി. കാണുന്നോ? ഇപ്പോൾ, "നമുക്ക് അതുണ്ടായിട്ട്..." ഓ, അത് സമ്പൂർണ്ണമായും നിഷ്കളങ്കമായി കാണപ്പെടുന്നു. പിന്നെ, ഓ, അത്രമാത്രം നിഷ്കളങ്കമായിരുന്നു. "ഒരു ചെറിയ കൂട്ടർ. നമുക്ക് ആരാധിക്കാനായി ഒരുമിച്ചു കൂടാം." നോക്കു, അത് വളരെ നിഷ്കളങ്കമായിരുന്നു; അത് വെള്ളയായിരുന്നു; അത് വെള്ള കുതിരയായിരുന്നു. കാണുന്നോ?

264 ഇപ്പോൾ, സഭയിലെ ഉച്ചപദവിക്കാരും, മോടിയായ വസ്ത്രം ധരിക്കുന്നവരും, വിദ്യാഭ്യാസമുള്ളവരും, അത് ഒരു തരത്തിൽപ്പെട്ട ഒരേ തൂവലുകളുള്ള പക്ഷികൾ മാതിരി, "അവർ അവർക്ക് അവരുടേതായ തരത്തിൽപ്പെട്ട കാര്യങ്ങളുമായി ഒരുമിച്ചുകൂടാൻ തുടങ്ങി." എന്നാൽ ആ പാവപ്പെട്ടവരുടെ കൂട്ടം, അവർക്ക് അവരോടൊപ്പം വിഷമതകളൊന്നും ഇല്ലാതെ പോകാനാഗ്രഹിക്കുന്നെങ്കിൽ, "കൊള്ളാം, കുഴപ്പമൊന്നുമില്ല, നമ്മുടെ ആലയത്തിൽ നമുക്കൊരു മുന്തിയ തരത്തിലുള്ള ജനങ്ങൾ വരുന്നുണ്ട്. നമുക്ക് അവരുടെ കൂട്ടത്തിൽ നിന്നും പുറത്തുകടക്കാൻ കഴിഞ്ഞില്ലെങ്കിൽ, നാമും പിന്നെ ഒരുകൂട്ടം കല്ലാശാരിയും അല്ലെങ്കിൽ അതുപോലെയുള്ള എന്തെങ്കിലും ആകും, നമുക്ക് ഈ കാര്യങ്ങൾ ക്രമപ്പെടുത്തേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ അവരെപോലെ നാമും പിന്നെ വിചിത്ര മനുഷ്യരാകും." അങ്ങനെ അവർ...ഇപ്പോൾ ആ വിചിത്ര മനുഷ്യരുടെ ലോഡ്ജ് എന്നല്ല, എന്നാൽ ഞാൻ എന്താണ് അർത്ഥമാക്കിയതെന്ന് നിങ്ങൾക്കറിയാം, അതുകൊണ്ട് ഇത് യഥാർത്ഥ വിശ്വാസികൾക്ക് വിചിത്രമായ കാര്യമാകുന്നു. ഇപ്പോൾ, അല്ലാത്തപക്ഷം, മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "നമുക്കൊരു ചെറിയ കൂട്ടർ വേണം, നമ്മുടെ സമാജമെന്ന് സ്വന്തമായി അതിനെ വിളിക്കാൻ കഴിഞ്ഞിരിക്കണം." അത് നിഷ്കളങ്കമായ ചെറിയ ഒരു ഉപദേശമായിരുന്നു. "സഹോദരന്മാരെ, നിങ്ങൾക്കെതിരായി ഒന്നുമില്ല, തീർച്ചയായും, ഇല്ല. നിങ്ങൾ എല്ലാവരും ശരിതന്നെ,

എന്നാൽ നിങ്ങൾക്കറിയാമോ ഞങ്ങൾക്ക് വലിയ വ്യാപാരങ്ങളും മറ്റ്...കാര്യങ്ങളുമുണ്ട്. അതുകൊണ്ട് ഞങ്ങൾതന്നെ ഒരുമിച്ചുകൂടി നില്ക്കുന്നത് കുറച്ച് നല്ലതെന്ന് ഞങ്ങൾക്ക് തോന്നുന്നു." കാണുന്നോ? അത് അവസാനം അങ്ങനെ സംഭവിക്കുന്നതുവരെ പോയി. അതെ, ശ്രീമാൻ, അവർ ഒന്നിച്ചുചേർന്നു.

265 എന്നാൽ ഈ ഭയങ്കരമായ ചതിവിന്റെ ആത്മാവ് (ഓ, മനുഷ്യാ!) അവതരിച്ച്, ഈ ഉപദേശത്തിന്റെ ആത്മാവ് മനുഷ്യാവതാരമായി തീരുമ്പോൾ, അത് ക്രിസ്തുവിന്റെ സ്ഥാനത്തെ ഒരു മനുഷ്യനിലേക്ക് എടുക്കുന്നു. അത് തികച്ചും ആരാധിക്കപ്പെട്ടിരിക്കണം, പിന്നീട്, അത് ക്രിസ്തുവിനെ ആരാധിക്കും പോലെ ആയിതീരും. മറ്റൊരു ശബ്ദത്തിൽ പറഞ്ഞാൽ, അത് വത്തിക്കാനിൽ...ഞാൻ അവിടെ പോയിട്ടുണ്ട്. അത് എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്, "VICARIVS FILII DEI," എന്ന് റോമാക്കാരുടെ അക്കങ്ങളിൽ എഴുതിയിട്ടുണ്ട്. അതിന്റെ അർത്ഥം ഈ റോമൻ അക്കങ്ങളുടെ അടിയിലായി ഒരു വരയിട്ടു വായിച്ചാൽ, "ദൈവപുത്രന് പകരമായവൻ," എന്നാകുന്നു. അവൻ മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഒരു വികാരി ആകുന്നു. ഒരു വികാരി എന്നുവച്ചാൽ എന്താണെന്ന് നിങ്ങൾക്ക് അറിയാം; അത് എന്തിന്റെയെങ്കിലും ഒരു സ്ഥാനത്തെ എടുക്കുന്നതാകുന്നു. അവൻ ഒരു പകരക്കാരനായി, "ദൈവപുത്രന് പകരമായ" സ്ഥാനത്തെ എടുക്കുന്നവനാകുന്നു.

266 ബൈബവിൾ പറയുന്നു, "ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ, അത് ഒരു മനുഷ്യന്റെ സംഖ്യയത്രേ. അതിന്റെ സംഖ്യ അറുന്നൂറ്റിയറുപത്തിയാറ് ആകുന്നു." നിങ്ങൾ ഇപ്പോൾ VICARIVS FILII DEI എന്ന് എഴുതിയിരിക്കുന്നത് എടുത്ത് അതിനോട് റോമൻ സംഖ്യ ഇട്ടിട്ട് അതിനടിയിൽ കൂട്ടിനോക്കുന്നതിനായി ഒരു വരയിടുക. "V" എന്നത് അഞ്ചും "I" എന്നത് ഒന്നുമാകുന്നു...അങ്ങനെ അത് കൂട്ടിനോക്കിയിട്ട് നിങ്ങൾക്ക് അറുന്നൂറ്റിയറുപത്തിയാറ് കിട്ടുന്നോ എന്ന് നോക്കുക.

267 ബൈബിൾ പറയുന്നു, "അവൻ ദേവാലയത്തിൽ ഇരുന്നുകൊണ്ട്, ദൈവത്തെപ്പോലെ ആരാധിക്കപ്പെട്ടും." ആ ചെറിയ ഉപദേശം മനുഷ്യാവതാരമാകുമ്പോൾ, അത് ഒരു പകരക്കാരനായി തീരുന്നു. "ദൈവപുത്രന് പകരം" കാണുന്നോ? ഓ, എന്റെ! അത് ഭയങ്കരമായ ചതിവിന്റെ ആത്മാവാകുന്നു! നിങ്ങളത് വായിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, രണ്ട് തെസ്സെലൊനിക്കീരിൽ 2:3-ൽ അത് എവിടെയാണെന്ന് കാണാൻ കഴിയും.

268 കൂടാതെ, തീർച്ചയായും, സാത്താൻ, എല്ലാ രാജ്യങ്ങളുടെയും രാഷ്ട്രീയ ശക്തിയുടെയും തലവനാണെന്ന് നിങ്ങൾക്ക് അറിയാം. അത് എത്ര പേർക്കറിയാം? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] നിങ്ങൾ അത് കുറിച്ചെടുക്കാൻ ആഗ്രഹിക്കുന്നുണ്ടോ? മത്തായി 4:8. "സാത്താൻ യേശുവിനെ ഏറ്റവും ഉയർന്ന മലയുടെ മുകളിൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള എല്ലാ രാജ്യങ്ങളെയും നൊടി നേരം കൊണ്ട് കാണിച്ചുകൊടുത്തു." ഒരു വ്യക്തിയെക്കുറിച്ച് ഒന്ന് സംസാരിക്കാം! അവൻ പറഞ്ഞു, "വീണ് എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്ക് തരാം." ഇതെല്ലാം തന്റെ അധികാരത്തിന് അടിയിൽ വന്ന് വീഴാൻ പോകുകയാണെന്ന് യേശു അറിഞ്ഞിരുന്നു.

269 അതാണ് അവർ പറയുന്നത്, "നിങ്ങൾ വെറും ഒരുകൂട്ടം ദരിദ്രരായ വിശുദ്ധ ഉരുളകാരാണ്!"

270 ഈ ലോകം നാം കൈവശമാക്കും! "സൗമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും." അതാണ് യേശു പറഞ്ഞത്. കാണുന്നോ? മനസ്സിലായോ?

271 ശ്രദ്ധിക്കൂ. ഇതിനെല്ലാം താൻ അവകാശിയാകുമെന്ന് യേശു അറിഞ്ഞിരുന്നു, അതുകൊണ്ട് അവൻ പറഞ്ഞു, "സാത്താനെ, എന്നെ വിട്ടുപോക, ഇങ്ങനെ എഴുതിയിരിക്കുന്നു," വീണ്ടും നേരെ തിരികെ തിരിച്ച് മറുപടിയായി അവൻ പറഞ്ഞു, "'നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ.'" കാണുന്നോ?

272 ഇപ്പോൾ—ഇപ്പോൾ, അവൻ, ഈ പിശാചുക്കളുടെ തലവനായി, ഈ മതഭക്തനായ, പരമാധികാരമുള്ള മനുഷ്യനിൽ, ജഡവാതരമെടുക്കുമ്പോൾ, ബൈബിൾ മുൻകൂട്ടി പറയുന്നു, അപ്പോൾ അവൻ സഭയെയും രാജ്യത്തെയും ഒരുമിച്ചാക്കും. അവന്റെ സ്വന്തമായ ഈ രണ്ട് ശക്തികളെ തമ്മിൽ ഒരുമിച്ച് ചേർക്കുന്നു. കാണുന്നോ?

273 എതിർക്രിസ്തുവിന്റെ ആത്മാവ് മുന്നോട്ട് പോയപ്പോൾ, അത് ഒരു ആത്മാവായിരുന്നു. അതിനുശേഷം അത് എന്തായിതീർന്നു? അതിനു ശേഷം അത്...ഇപ്പോൾ ഈ മുദ്രയെ ശ്രദ്ധിക്കുക. ആത്മാവ് പുറപ്പെട്ടു പോയപ്പോൾ, അത് എതിർക്രിസ്തുവായിരുന്നു, ക്രിസ്തുവിന്റെ ഉപദേശത്തിന് എതിരായിരുന്നു. ശരി, അടുത്തകാര്യം ചെയ്തത്... ക്രിസ്തു തന്റെ സഭ ചെയ്യുന്നതിനുവേണ്ടി ഒരുക്കിയിരുന്നത്, എല്ലാ പാപത്തിനും എതിരായിരുന്നു. അതിന് എതിരായി, "ഓ, അതിങ്ങനെ അർത്ഥമാക്കുന്നില്ല. ഇത് അത് അർത്ഥമാക്കുന്നില്ല. അത് മറ്റാർക്കോ വേണ്ടിയായിരുന്നു. അത്, അത്, നൂറ് വർഷങ്ങൾക്കു മുമ്പുള്ള

കാര്യങ്ങളാകുന്നു, അത് നമുക്കു വേണ്ടിയുള്ളതല്ല." കാണുന്നോ? ഇപ്രകാരം നോക്കു, *വിപരീതമായ*, "എതിരായിട്ടുള്ള," കാര്യമായിരുന്നു. അതിനു ശേഷം അതായിത്തീർന്നു...

274 ഇപ്പോൾ, ആ കുതിര സവാരിക്കാരന് ഒരു കിരീടമുണ്ടായിരുന്നില്ല, എന്നാൽ അവന് ഒന്ന് നല്കി. അത് വെള്ളക്കുതിരപ്പുറത്ത് പുറപ്പെട്ട് പോയവൻ; അവന്റെ പക്കൽ ഒരു വില്ലുണ്ടായിരുന്നു, അമ്പുകളില്ലായിരുന്നു. കാണുന്നോ? അവൻ പുറപ്പെട്ടുപോയപ്പോൾ...

275 അതിനുശേഷം, കുറച്ചു കഴിഞ്ഞപ്പോൾ, അവന് ഒരു കിരീടം നല്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ, ഒരു ആത്മാവിന്റെ തലമേൽ നിങ്ങൾക്ക് കിരീടം ധരിപ്പിക്കാൻ കഴിയുകയില്ല. എന്നാൽ ഈ ആത്മാവ് അവന്റെ രണ്ടാമത്തെ പ്രവർത്തിയിൽ, അവന്റെ നിഗൂഢമായ നീണ്ട പ്രവർത്തനകാലത്ത് അവൻ കിരീടം ധരിച്ച്, കള്ളപ്രവാചകനായി, എതിർക്രിസ്തുവിന്റെ ആത്മാവിന്റെ പ്രവർത്തിയിൽ അവതാരമായി. നാമിപ്പോൾ അവനെ കാണുന്നു. ഇപ്പോൾ, അവൻ അത് എടുത്തപ്പോൾ, അവൻ അപ്രകാരമായി തീരുന്നു എന്നു നാം കണ്ടു. അതിനുശേഷം അവൻ നേരത്തെ തന്നെ, അതായത്, ലോകത്തിന്റെ രാഷ്ട്രീയ ശക്തിയെ മുഴുവനായും സാത്താൻ നിയന്ത്രിക്കുന്നു.

276 ഇപ്പോൾ അവൻ ഒരു സ്ഥാനത്ത് ഇരുന്നു കൊണ്ട്, മതസംബന്ധമായ അധികാരത്തെ എടുത്തുകൊണ്ട്, സാർവ്വലൗകീക സഭയുടെ അധികാരം എടുക്കാൻ പോകുകയാണ്. എന്റെ സഹോദരന്മാരെ, നിങ്ങൾ ഇത് മനസ്സിലാക്കുന്നില്ലേ? നമ്മുടെ ഈ രാജ്യം വെളിപ്പാട് പുസ്തകത്തിൽ 13-ാം അദ്ധ്യായത്തിൽ, കുഞ്ഞാടിനെപോലെ ഒരു മൃഗമായി പ്രത്യക്ഷപ്പെടുന്നു. അതിന് രണ്ട് കൊമ്പുകളുണ്ടായിരുന്നു, അത് സാമൂഹ്യവും മതപരവുമായ അധികാരങ്ങളാണ്, ഒന്നാമത്തെ മൃഗം ചെയ്തിരുന്ന അതേ കാര്യങ്ങൾ തന്നെ അവനും ചെയ്തു.

277 അമേരിക്കയുടെ സംഖ്യ പതിമൂന്നും, അതൊരു സ്ത്രീയും ആകുന്നു. അത് വിചിത്രമായിരിക്കുന്നു, അത് വെളിപ്പാടിന്റെ 13-ാം അദ്ധ്യായത്തിൽ പ്രത്യക്ഷപ്പെടുന്നതും വിചിത്രമാകുന്നു. നാം നമ്മുടെ പതാകയിൽ പതിമൂന്നു വരകളും, പതിമൂന്നു നക്ഷത്രങ്ങളുമായി തുടങ്ങിയിരുന്നു. എല്ലാ കാര്യങ്ങളും പതിമൂന്നു, പതിമൂന്നു, പതിമൂന്നു, പതിമൂന്നാകുന്നു. അതുപോലെ തന്നെ താഴേയ്ക്കു വരുമ്പോൾ എല്ലാം സ്ത്രീ, സ്ത്രീ, സ്ത്രീയാകുന്നു.

278 അങ്ങനെ അവസാനമായി അവസാനിക്കും (ഞാൻ അതു മുൻകൂട്ടി പറയുന്നു), ഒരു സ്ത്രീ അവളെ നിയന്ത്രിക്കും. ഞാൻ അത്

പറഞ്ഞിരുന്നത്, അത് മുപ്പത് വർഷങ്ങൾക്ക് മുമ്പായിരുന്നു, എന്ന് ഓർക്കുക. ഏഴ് കാര്യങ്ങൾ ഞാൻ പറഞ്ഞിരുന്നതിൽ, അഞ്ച് കാര്യങ്ങൾ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. അവളെ അധികാരത്തിൽ കൊണ്ടുവരാനുള്ള മനുഷ്യനെ ഇപ്പോൾ തന്നെ അവർക്ക് കിട്ടിയിരിക്കുന്നു. നിങ്ങളുടെ രാഷ്ട്രീയ അധികാരം ഉപയോഗിച്ച് നിങ്ങൾ തന്നെ വോട്ട് ചെയ്തിരിക്കുന്നു. അതേ, ഹ! ശരി.

279 ശരി. വളരെയധികം കാര്യങ്ങൾ പറയുവാനുണ്ട്, അതെല്ലാം പറഞ്ഞു കൊണ്ടിരുന്നാൽ നമ്മുടെ വിഷയത്തിലേക്ക് കടക്കുവാൻ കഴിയുകയില്ല. ഇപ്പോൾ ശ്രദ്ധിക്കുക. നാളെ രാത്രിയിലേക്ക് ഇത് നീട്ടികൊണ്ട് പോകാൻ ഇടയാകുകയാണെങ്കിലും, ഞാൻ നിങ്ങളെ ദീർഘനേരം ഇരുത്തുകയില്ല.

280 നോക്കൂ. ശ്രദ്ധിക്കൂ. സാത്താൻ...ഇപ്പോൾ സാത്താനാണ്, ഈ ലോകത്തിലെ രാഷ്ട്രീയ അധികാരങ്ങളെ എല്ലാം നിയന്ത്രിക്കുന്നതെന്ന് എല്ലാവരും തിരിച്ചറിയുന്നല്ലോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അവൻ അപ്രകാരം പറഞ്ഞിരിക്കുന്നു. മത്തായി നാലാം അദ്ധ്യായത്തിന്റെ, 8-ാം വാക്യത്തിൽ നിങ്ങൾക്ക് അത് കിട്ടുന്നു. ആ കാരണത്താലാണ് അവർ യുദ്ധം ചെയ്യുകയും, പോരാടുകയും കൊല്ലുകയും ചെയ്യുന്നത്. ഇപ്പോൾ ഓർക്കുക.

281 ഇത് വിചിത്രമായിരിക്കുന്നില്ലേ? മനുഷ്യരെ അന്യോന്യം കൊല്ലുവാനാണ്, അവർക്ക് ഈ വാൾ നല്കപ്പെട്ടിരിക്കുന്നത്. ഓ, ഓ, ഓ, എന്റെ! ഇപ്പോൾ ശ്രദ്ധിക്കുക.

282 ഇപ്പോൾ, അവൻ അത് ചെയ്തപ്പോൾ, അവന് പൗരോഹിത്യ സംബന്ധമായ അധികാരം അതുവരെയും ഉണ്ടായിരുന്നില്ല. എന്നാൽ അവൻ കള്ള ഉപദേശത്തിന്റെ ഒരു അശുദ്ധാത്മാവോട് കൂടെ തുടങ്ങിയിരുന്നു. ആ ഉപദേശം ഒരു സിദ്ധാന്തമായി തീർന്നു. ആ ഉപദേശം ഒരു കള്ളപ്രവാചകനിൽ അവതാരമെടുക്കുകയും ചെയ്തു.

283 അതിനുശേഷം അവൻ അതിന്റെ ശരിയായ സ്ഥാനത്തേക്ക് പോയി. അവൻ യിസ്രായേലിലേക്കല്ല പോയത്. അവൻ റോമിലേയ്ക്ക്; നിഖ്യായിലേക്ക്, റോമിലേയ്ക്ക് പോയി.

284 സമിതി കൂടി, തലവനായി അവർ ഒരു ബിഷപ്പിനെ തിരഞ്ഞെടുത്തു. ഇപ്രകാരം ചെയ്യുന്നതിൽകൂടി, അവർ സഭയെയും രാജ്യത്തെയും തമ്മിൽ കൂട്ടിച്ചേർത്ത് ഒന്നാക്കി. അതിനുശേഷം, അവൻ തന്റെ വില്ല് ഉപേക്ഷിച്ചുകളഞ്ഞു. അവൻ തന്റെ വെള്ള കുതിരപ്പുറത്തുനിന്നും താഴെ ഇറങ്ങി. അവൻ ചുവന്ന കുതിരപ്പുറത്ത് കയറി, അതിനാൽ അവനോട് യോജിക്കാത്ത എല്ലാവരെയും അവന് കൊല്ലുവാൻ

കഴിയുന്നു. അവിടെയാണ് നിങ്ങളുടെ മുദ്ര. അതേ വ്യക്തി! അവൻ നിത്യതയിലേക്ക് അതുമായിട്ട് അങ്ങു ദൂരെയായി സവാരിചെയ്യുന്നത് ശ്രദ്ധിക്കുക, തന്റെ രണ്ട് ശക്തികളെയും അവൻ കൂട്ടിച്ചേർത്ത് ഐക്യത്തിലാക്കുന്നു.

285 അതേകാര്യം അവർ ഇപ്പോൾ ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു, ഇന്നും, അതേകാര്യം തന്നെയാകുന്നു. ഒരു വിചിത്രമായ കാര്യമായിട്ട്, ഒരുപക്ഷേ നിങ്ങൾക്ക് അത് മനസ്സിലാകില്ല. എന്നാൽ ഇന്ന് ലൂയിസ് വില്ലെയിലെ ബാപ്റ്റിസ്റ്റുകാരുടെ കൂട്ടത്തിൽനിന്ന്...നിങ്ങൾ അത് റേഡിയോയിൽ കൂടെ കേട്ടിരിക്കും. ഒരു പ്രാസംഗികൻ എഴുന്നേറ്റിട്ട്...എത്രപേർ അത് കേട്ടിരുന്നു? ശരി, കാണുന്നോ? കൊള്ളാം, ഇവിടെയാണ് നിങ്ങൾ ആയിരിക്കുന്നത്. അവർ ആവശ്യപ്പെട്ടുന്നത്, അവർ ഇപ്പോൾ സഭയിൽ ചേർന്നിരിക്കുകയും, അതായത് യഥാർത്ഥത്തിൽ അവർക്കും ഓ, കത്തോലിക്കാ സഭയിൽ ചേരേണ്ട ആവശ്യമില്ലെന്നും, എന്നാൽ അവരുമായി ഒരു കൂട്ടായ്മ ഉണ്ടായിരുന്നാൽ മതി എന്ന് പറഞ്ഞിരുന്നു. മനസ്സിലാ... അതേ കാര്യം ലൂയിസ് വില്ലെയിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന അതേ സമയത്ത്തന്നെ, ദൈവം മുദ്രകളെ പൊട്ടിച്ച് തന്റെ ജനങ്ങൾക്ക് അത് കാണിച്ചുകൊടുക്കുകയും, "അത് ചെയ്യരുതെന്ന്," അറിയിക്കുകയും ചെയ്യുന്നു. അവ രണ്ടും ഒരുമിച്ച് പ്രവർത്തിക്കുന്നത് കാണുന്നില്ലേ? ഓർക്കുക, കാക്കയും പ്രാവും പെട്ടകത്തിലെ ഒരേ തൂണിലാണ് ചേക്കേറിയിരുന്നത്. തീർച്ചയായും അത് ഓർത്തുകൊള്ളുക.

286 പിന്നെ, പൗരോഹിത്യപരമായി തീരുമ്പോൾ, അവൻ തന്റെ ശക്തിയെ ഐക്യത്തിലാക്കിയിട്ട്, സഭയെയും രാജ്യത്തെയും ഒരുമിച്ചാക്കുന്നു. അതിന്ശേഷം നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത്? അവൻ തന്റെ സ്വന്തം മതത്തിന് രൂപം നല്കുന്നു. ഇപ്പോൾ, അവന് ആവശ്യമായതെന്തും അവൻ ചെയ്യുന്നു. അതിനുശേഷം, അവനോട് ചേരാത്ത ആരെയും കൊന്നുകളാനുള്ള അധികാരം അവൻ പ്രാപിക്കുന്നു. അവൻ യഥാർത്ഥത്തിൽ അതുതന്നെയാണ്, മുമ്പും, ചെയ്തത്. കൃത്യമായും അത് തന്നെയാണ് അവൻ ചെയ്തത്. അവൻ—അവൻ...അവന്റെ മതതത്വസംഹിതയിൽ അവനോട് യോജിക്കാതെ, ജീവനുള്ള ദൈവത്തിന്റെ യഥാർത്ഥ വചനത്തെ പാലിച്ചിരുന്ന, യഥാർത്ഥ വിശുദ്ധന്മാരോട് അവൻ അത് ചെയ്തു. അവൻ അവരെ കൊന്നുകളഞ്ഞു.

287 ഇപ്പോൾ, സഹോദരൻ ലീ വെയിലും, കൂടാതെ ഇവിടെയുള്ള നിഖ്യാ സഭാകാലത്തിന്റെയും ആദ്യകാല സഭയുടെ ഉപദേശകരായി

ഇവിടെയുള്ള നിങ്ങൾ, അത് വായിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് എനിക്കറിയില്ല. നിങ്ങൾ അത് വായിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അത് ഷൂമേക്കേഴ്സിന്റെ *മഹത്തായ നവീകരണം* എന്നതിലാകുന്നു.

288 അവിടെ, നിങ്ങൾക്ക് കാണാൻ കഴിയും, അതായത് ഹിപ്പോയിലെ വിശുദ്ധ അഗസ്റ്റിൻ റോമാ സഭയുടെ കീഴിൽ, ഒരു പുരോഹിതനായപ്പോൾ, ഒരു വട്ടം പരിശുദ്ധാത്മാവ് അവന്റെ മേൽ വരുന്നതിനായി ശ്രമിക്കുകയും, അവന് ഒരു അവസരം ലഭിച്ചപ്പോൾ അവൻ അത് നിരസിച്ചുകളയുകയും ചെയ്തു. അവൻ ഒരു ഉപദേഷ്ടാവായിരുന്നു എന്നുള്ളത് എത്രപേർക്കറിയാം? അങ്ങനെ, അവൻ പരിശുദ്ധാത്മാവിനെ നിരസിച്ചുകളഞ്ഞു. അത് ഇന്നത്തെ പ്രൊട്ടസ്റ്റന്റ് സഭയുടെ ശരിയായ ഒരു മാതൃകയായിട്ട്, അത് പരിശുദ്ധാത്മാവിനെ നിഷേധിച്ചു കളഞ്ഞിരിക്കുന്നു. അവൻ ഹിപ്പോയിലേക്ക് തിരികെ പോയിട്ട്, ഈ പ്രസ്താവന എഴുതി ഒപ്പിട്ടുകയും, അവൻ തന്നെ അത് എഴുതി ഒപ്പിട്ട് ആ ശാസനയിൽ ഇപ്രകാരം എഴുതിയിരുന്നു. “റോമൻ കത്തോലിക്കാ സഭയിൽ വിശ്വസിക്കാത്ത എല്ലാ വ്യക്തികളെയും കൊന്നുകളയുന്നത്, ശരിയായ കാര്യമാണെന്നും, അത് ദൈവത്തിന് പ്രസാദകരമായ കാര്യമാകുന്നു എന്നും ദൈവത്തിൽ നിന്ന് വെളിപ്പാട് കിട്ടിയിരിക്കുന്നു.”

289 ഇപ്പോൾ ശ്രദ്ധിക്കുക, ഞാൻ രക്തസാക്ഷികളുടെ ചരിത്രത്തിൽ നിന്നും ഉദ്ധരിക്കുകയാണ്, ഹിപ്പോയില വിശുദ്ധ അഗസ്റ്റീന്റെ സമയം മുതൽ, 1586-വരെ, റോമാക്കാരുടെ രക്തസാക്ഷികളുടെ ചരിത്രത്തിൽ, “റോമൻ കത്തോലിക്കാ സഭ, അറുപത്തിയെട്ട് ദശലക്ഷം പ്രൊട്ടെസ്റ്റാന്റുകാരെ കൊല ചെയ്തു.” അവന്റെ വാൾ ചുമന്നതല്ലേ? അവൻ ഒരു ചുവന്ന കുതിരപ്പുറത്ത് കയറി പുറപ്പെട്ടു പോകുന്നില്ലേ? എന്തായിരുന്നു അത്? അതേ ശക്തിതന്നെ; അതേ സവാരിക്കാരൻ തന്നെ. അവിടെയാണ് മുദ്ര. രക്തസാക്ഷികളുടെ ചരിത്രത്തിലുള്ള “അരുപത്തിയെട്ടു ദശലക്ഷം,” എന്നതിനെ അവർ അംഗീകരിക്കുന്നുണ്ട്, ഇതിനും പുറമെ, ഇതുകൂടാതെ വളരെയധികം പേരെ മരണത്തിന് ഏല്പിച്ചിരുന്നു. ഓ, കൃപയുണ്ടായാലും! ഇരുണ്ട കാലഘട്ടത്തിൽ, ദശലക്ഷക്കണക്കിനു ജനങ്ങളെ സിംഹങ്ങൾക്ക് ഇരയാക്കുകയും മററു വിധത്തിൽ കൊല്ലുകയും ചെയ്തിരുന്നു, കാരണം, അവർ കത്തോലിക്കാകാരുടെ മതസിദ്ധാന്തങ്ങൾക്ക് മുമ്പിൽ തല കുനിച്ചിരുന്നില്ല. നിങ്ങൾക്ക് അതറിയാം.

290 ഇനിയും എത്ര സമയംകൂടി ബാക്കിയുണ്ട്? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു “വളരെയേറെ സമയമുണ്ട്,”—Ed.]

ശരി, ഞാൻ കുറച്ചു കാര്യങ്ങൾ വായിക്കട്ടെ. എന്നോടൊപ്പം തിരിക്കുക. ഞാൻ ചിലകാര്യങ്ങൾ നിങ്ങൾക്ക് കാണിച്ചുതരട്ടെ. ഒരു നിമിഷത്തേക്ക്, നമുക്കിതൊന്ന് ചിത്രീകരിക്കാം. പെട്ടെന്ന് എന്റെ മനസ്സിലേക്ക് കടന്നുവരാനിടയായ ഒരു കാര്യമായിട്ട്, നമുക്കിപ്പോൾ വായിക്കാം. നമുക്ക് വെളിപ്പാടിലേക്ക് തിരിച്ചിട്ട് വെളിപ്പാട് പുസ്തകം 17-ാം അദ്ധ്യായം എടുക്കാം. നമുക്കിപ്പോഴും 15 മിനിറ്റ് കൂടി ശേഷിക്കുന്നു. ശരി, നാം ഇത് വായിക്കുമ്പോൾ ശ്രദ്ധിച്ചു കേൾക്കുക. ബൈബിൾ കൈയ്യിലുള്ളവർ ഈ ഭാഗത്തേക്ക് തിരിയുക. നിങ്ങൾ ആ ഭാഗത്തെ എടുക്കുന്നതിനുവേണ്ടി സ്വല്പം സമയം ഞാൻ നിങ്ങൾക്ക് തരുകയാണ്.

291 ലീ, നിങ്ങൾക്ക് അത് കിട്ടിയോ? ഷൂമേക്കേഴ്സിന്റെ *ഗ്ലോറിയസ് റീഫോം*, അതിൽ നിന്നുമാണ് എനിക്കത് കിട്ടിയിരുന്നത്, അത് റോമിൽ വത്തിക്കാനിലെ രക്തസാക്ഷികളുടെ ചരിത്രത്തിലേക്ക് നേരെ കൊണ്ടുചെല്ലുന്നു.

292 ഇപ്പോൾ, അത് വിശുദ്ധ പാട്രിക്കിന്റെ ജനങ്ങളോടുള്ള ഉപദ്രവമായിരുന്നു. പിന്നീട് അവർ വിശുദ്ധ പാട്രിക്കിനെ അവരുടെ—അവരുടെ വിശുദ്ധനെന്നു വിളിച്ചു. ഹം! അതേ, വിശുദ്ധ പാട്രിക്ക് ഞാൻ എത്രമാത്രം കത്തോലിക്കാനായിരിക്കുന്നോ അത്രയും തന്നെ എന്നെപ്പോലെ കത്തോലിക്കനാണ്. കാണുന്നോ? അവൻ—അവൻ സഭയുടെ ഉപദേശത്തെ വെറുത്തിരുന്നു. അവൻ പോപ്പിന്റെ അടുക്കൽ പോകുന്നത് വിസമ്മതിച്ചു. അതേ, ശ്രീമാൻ, വിശുദ്ധ പാട്രിക്ക്... അദ്ദേഹത്തിന് തന്റെ സ്കൂളുകൾ ഉള്ള വടക്കൻ ഐർലാൻഡിൽ നിങ്ങൾ എപ്പോഴെങ്കിലും പോയിട്ടുണ്ടോ? നിങ്ങൾക്കറിയാമോ, അദ്ദേഹത്തിന്റെ പേര് പാട്രിക്ക് എന്നല്ലായിരുന്നു. എത്രപേർക്ക് അതറിയാം? അദ്ദേഹത്തിന്റെ പേര് സൂക്കട്ട് എന്നായിരുന്നു. അത് ശരിയാണ്. തന്റെ ഇളയ സഹോദരിയെ അവന് നഷ്ടപ്പെട്ടുപോയി. അതെല്ലാം നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ, അവർ...ശരി.

293 ഇപ്പോൾ ശ്രദ്ധിക്കുക, വെളിപ്പാട് 17-ാം അദ്ധ്യായം. എല്ലാവരും അവരുടെ ഹൃദയങ്ങളെ തുറക്കുന്നതിന് ശ്രമിക്കുക. പരിശുദ്ധാത്മാവ് നിങ്ങളെ പഠിപ്പിക്കാനിടയാകട്ടെ.

*പിന്നെ ഏഴ് കലശമുള്ള ഏഴ് ദൂതന്മാരിൽ ഒരുവൻ വന്നു...*

294 ഇപ്പോൾ, നിങ്ങൾ നോക്കു, ഏഴ് കലശങ്ങളുണ്ട്. ഈ ഏഴുകൾ, എന്നതിലൂടെ നാം കടന്നു വരുമ്പോൾ, അവയെല്ലാം ഒരേ സമയത്തുതന്നെ, സംഭവിക്കുകയും; ബാധകളെയും, സഭാകാലഘട്ടങ്ങളും, അതേവിധമായി പിൻതുടർന്നുകൊണ്ട് പോയിരുന്നു, കാരണം ഈ കാര്യങ്ങളെല്ലാം ആ ഒരു പുസ്തകത്തിൽ

തന്നെ മുദ്രയിട്ടിരുന്നു. എല്ലാകാര്യങ്ങളും ചുറ്റിത്തിരിയൽ പോലെ സംഭവിച്ചു കൊണ്ടിരിക്കുന്നു; ഒന്ന് പോകുമ്പോൾ മറ്റൊന്ന് വരുകയും, പിന്നെ മറ്റൊന്നും, മറ്റൊന്നുമായി കടന്നുവരുന്നു. ദൈവത്തിന്റെയും, പിശാചിന്റെയും, രണ്ട് ആത്മാക്കളാണ് ഇവിടെ പ്രവർത്തിക്കുന്നത്.

> *...ഏഴ് കലശമുള്ള ഏഴ് ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട് സംസാരിച്ചു; വരിക, ഭൂമിയിലെ രാജാക്കന്മാരോട് വേശ്യാവൃത്തി ചെയ്തു തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളായി*

295 ഇപ്പോൾ, ഇവിടെ "പെരുവെള്ളം" എന്ന കാര്യം ശ്രദ്ധിക്കുക.

296 "മഹാവേശ്യ" അത് എന്താകുന്നു? അത് ഒരു സ്ത്രീയാകുന്നു. അതൊരു പുരുഷനായിരിക്കാൻ കഴിയില്ല. ബൈബിളിൽ സ്ത്രീ എന്തായിട്ടാണ് പ്രതിരൂപപ്പെടുത്തിയിരിക്കുന്നത്? സഭയായിട്ടാകുന്നു. എന്തുകൊണ്ടാണ്? ക്രിസ്തുവിന്റെ മണവാട്ടിയും, അതുപോലെയുള്ള കാര്യങ്ങളുമായിട്ട്, അതൊരു സ്ത്രീയാകുന്നു.

297 ഇപ്പോൾ, "പെരുവെള്ളം," എന്നത് എന്താണ് അർത്ഥമാക്കുന്നത്? ഇവിടെ ശ്രദ്ധിക്കുക. അവിടെയുള്ള അതിന്റെ 15-ാം വാക്യം വായിക്കുക.

> *പിന്നെ അവൻ എന്നോട് പറഞ്ഞത്; നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും...പരുഷാരങ്ങളും... ജാതികളും...ഭാഷകളും അത്രേ.*

298 "പെരുവെള്ളത്തിന്മേൽ ഇരിക്കുന്ന," ഈ സഭ ലോകത്തെ മുഴുവൻ ഭരിക്കുകയായിരുന്നു.

> *ഭൂമിയിലെ രാജാക്കന്മാരോട് വേശ്യാവൃത്തി ചെയ്തു* (ആത്മീയ ദുർനടപ്പും അവളുടെ ഉപദേശം എടുക്കുക, നിക്കോലാവ്യരുടെ ഉപദേശം എന്നീ കാര്യങ്ങൾ ആകുന്നു.) *തന്റെ* വേശ്യാവൃത്തിയുടെ *മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളെ.*

299 മനുഷ്യാ, കുടിച്ചു മത്തരായ ഒരു കൂട്ടത്തെക്കുറിച്ചാണ് നീ സംസാരിക്കുന്നത്. നിങ്ങൾ...

> *അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്ക് കൊണ്ടുപോയി. ഒരു സ്ത്രീ ഇരിക്കുന്നതു കണ്ടു...*

300 ഇതെന്താകുന്നു എന്നു നിങ്ങൾക്കറിയാമോ? കത്തോലിക്കർ തന്നെ അത് അവരുടെ സഭയാണെന്നു സമ്മതിക്കുന്നു. എത്രപേർക്ക് അതറിയാം? അവരുടെ തന്നെ സ്വന്ത പുസ്തകത്തിലായിരിക്കുന്നു.

എന്റെ പക്കൽ അവരുടെ ഒരു പുരോഹിതൻ തന്നെ എഴുതിയ; *നമ്മുടെ വിശ്വാസത്തിന്റെ സത്യങ്ങൾ* എന്ന പുസ്തകം ഉണ്ട്. ശരി. ശരി തന്നെ.

> *അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്ക് കൊണ്ടുപോയി. അപ്പോൾ ഏഴ് തലയും പത്തു കൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞു കടുഞ്ചുവപ്പേള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നത് ഞാൻ കണ്ടു.*

301 ഇപ്പോൾ "ഏഴ് തല" എന്നുള്ള, അടയാളത്തെ ശ്രദ്ധിക്കുക. ഇപ്പോൾ ഇവിടെയാണ് അത് പറഞ്ഞിരിക്കുന്നത് കാണുക, "നീ കാണുന്ന തല ഏഴു തലയും, സ്ത്രീ ഇരിക്കുന്ന ഏഴ് മലകളാകുന്നു." റോം ഏഴ് മലകളുടെ മുകളിലാണ് സ്ഥിതിചെയ്യുന്നത്. കാണുന്നോ? ആ കാര്യത്തിൽ യാതൊരു തെറ്റുമില്ല. നോക്കുക, "ഏഴ് തലകളും, പത്ത് കൊമ്പുകളുമാകുന്നു," നിങ്ങൾക്കറിയാമോ, അത് പത്ത് രാജത്വങ്ങളെയാണ് കാണിക്കുന്നത്.

> *ആ സ്ത്രീ ധൂമ്രവർണ്ണവും...കടുഞ്ചുവപ്പു നിറവും...ഉള്ള വസ്ത്രം ധരിച്ച് പൊന്നും രത്നവും മുത്തും...അണിഞ്ഞവളായി തന്റെ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും—അശുദ്ധിയും നിറഞ്ഞ സ്വർണ്ണ പാനപാത്രം കയ്യിൽ പിടിച്ചിരുന്നു:*

302 എതിർക്രിസ്തുവിന്റെ ആത്മാവ്, നോക്കൂ, "ഉപദേശവും," "ദുർനടപ്പുമായി," ദൈവത്തിന് വിരോധമായി പരസംഗം ചെയ്യുന്നതാകുന്നു. കാണുന്നോ? ഇപ്പോൾ അവൾ ഒരു മണവാട്ടി ആയിരിക്കേണ്ടവളാകുന്നു, നോക്കൂ; ഒരു വേശ്യാവൃത്തി ചെയ്യുന്നു. കാണുന്നോ? അത് ഹവ്വ ചെയ്തതു പോലെ തന്നെ, സഭയും അവിടെ ചെയ്യുന്നതാകുന്നു.

> *മർമ്മം: മഹതിയാം ബാബിലോൺ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതവ് എന്നൊരു പേർ അവളുടെ നെറ്റിയിൽ എഴുതിയിട്ടുണ്ട്*

303 ബാബിലോൺ, റോം ആകുന്നുവെന്ന് ഏതൊരുവനും അറിയാം.

> *വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവും ഭൂമിയിലെ അശുദ്ധിയുടെ ഉറവിടവും.*

304 ആറാമത്തെ വാക്യം ശ്രദ്ധിക്കുക.

> *വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ച് സ്ത്രീ മത്തയായിരിക്കുന്നത് ഞാൻ കണ്ടു; അവളെ കണ്ടിട്ട് അത്യന്തം ആശ്ചര്യപ്പെട്ടു.*

305 കുരിശുകളും അങ്ങനെ എല്ലാ കാര്യങ്ങളും, അണിഞ്ഞുകൊണ്ട് അവൾ അത്രയും സുന്ദരിയായ കാര്യമായിരുന്നു! "വിശുദ്ധന്മാരുടെ

രക്തം കുടിച്ച് മത്തയായി ഈ ലോകത്തിൽ കഴിയുന്നത് എത്രവലിയ കുറ്റമാണ്?" അത് അവനെ കുഴപ്പത്തിലാക്കി. ഇപ്പോൾ അവൻ അവനോട് പറയാൻ പോകുകയാണ്.

*ദൂതൻ എന്നോടു പറഞ്ഞത്: നീ ആശ്ചര്യപ്പെടുന്നത് എന്ത്? ഈ സ്ത്രീയുടെയും ഏഴു തലയും പത്തു കൊമ്പും ഉള്ളതായി അവളെ ചുമക്കുന്ന മൃഗത്തിന്റെയും മർമ്മം ഞാൻ പറഞ്ഞുതരാം.*

306 ഇപ്പോൾ, ഇത് മുദ്രക്ക് കീഴിലുള്ള ഒരു കാര്യമല്ല. ഇത് മറ്റൊരു കാര്യമാകുന്നു. നോക്കൂ.

*അവൻ പറഞ്ഞു, ഏഴു തലയും പത്തു കൊമ്പുകളും...*

*നീ കണ്ട മൃഗമോ...ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽ നിന്നും കയറി* (പോപ്പിന്, അടിസ്ഥാനം ഇല്ല) *നാശത്തിലേയ്ക്ക് പോകുവാൻ ഇരിക്കുന്നതും ആകുന്നു; ലോകസ്ഥാപനം മുതൽ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ...കണ്ടതിശയിക്കും* (അവിടെയാണ് ആ തിരഞ്ഞെടുക്കപ്പെട്ടവർ)

307 ജീവന്റെ പുസ്തകത്തിൽ, എങ്ങനെ, എപ്പോഴാണ് നിങ്ങളുടെ പേര് എഴുതപ്പെട്ടത്? നിങ്ങൾ സംബന്ധിച്ച കഴിഞ്ഞ ഉണർവ്വ് യോഗത്തിൽ വച്ചോ? അല്ല, ശ്രീമാൻ. "ലോകസ്ഥാപനം മുതലാകുന്നു."

*ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ...*

308 "ആ മൃഗത്തെ," നോക്കുക. ഒന്ന് ചാകുമ്പോൾ മറ്റൊന്ന്, അതിന്റെ സ്ഥാനം എടുക്കും. "ഉണ്ടായിരുന്നവനും, ഇല്ലാത്തവനും, ഉണ്ടായിരുന്നവനും, ഇല്ലാത്തവനും. ഉണ്ടായിരുന്നവനും; ഇല്ലാത്തവനും ആകുന്നു." അവൾ ആ രീതിയിൽ തന്നെ, അതേ വഴിയിലൂടെ, നാശത്തിലേക്ക് പോകുന്നു. മനസ്സിലായോ? ശരി.

*ഇവിടെ—ഇവിടെയാണ് ജ്ഞാനത്തിന്റെ ആവശ്യം.*

309 ആത്മാവിന് ഒമ്പത് വരങ്ങളുണ്ട്, അതിലൊന്ന് ജ്ഞാനമാണെന്ന് എത്രപേർക്കറിയാം? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ"—Ed.] ശരി.

*തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു, അതിന്മേൽ സ്ത്രീ ഇരിക്കുന്നു.*

310 ഓ, ഇതു മനസ്സിലാക്കാൻ കഴിയാത്തവൻ, പരിപൂർണ്ണമായും കുരുടനും, ബധിരനും, ഊമനും ആയിരിക്കണം. നോക്കൂ? ശരി.

*...അവ ഏഴു രാജാക്കന്മാരും ആകുന്നു. അഞ്ചുപേർ വീണുപോയി; ഒരുത്തൻ ഉണ്ട്;* (നീറോ) *മറ്റവൻ ഇതുവരെ വന്നിട്ടില്ല. വന്നാൽ പിന്നെ അവൻ കുറഞ്ഞൊന്നു ഇരിക്കേണ്ടതാകുന്നു.*

311 അവൻ എന്താണ് ചെയ്തതെന്ന് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ? അവൻ റോമാ നഗരം ചുട്ടെരിച്ച് കളഞ്ഞിട്ട് അതിന്റെ കുറ്റം ക്രിസ്ത്യാനികളുടെ മേൽ ചുമത്തി. അവൻ തന്റെ മാതാവിനെ, ഒരു മരത്തടിമേൽ ഇരുത്തി, ഒരു കുതിരയുടെ പുറകെ കെട്ടി തെരുവീഥികളിൽ കൂടി വലിച്ചിഴപ്പിച്ചു. റോമാനഗരം കത്തിയെരിയുമ്പോൾ അവൻ വീണവായിച്ചു രസിക്കുകയായിരുന്നു. ശരി.

*ഉണ്ടായിരുന്നതും ഇല്ലാത്തതുമായ മൃഗം എട്ടാമത്തവനും...*

312 വിഗ്രഹാരാധനയുടെ റോം, പോപ്പിന്റെ റോം ആയി മാറ്റി. എതിർക്രിസ്തുവിന്റെ ആത്മാവ് ഒരു മനുഷ്യനിൽ അവതാരമായി കിരീടമണിയപ്പെട്ടപ്പോൾ, സഭയിലും, സംസ്ഥാനത്തിലും രണ്ടിലും ഒരുമിച്ച് റോമിന്റെ രാജാവായി അവൻ കിരീടം അണിയിക്കപ്പെട്ടു. ഓ, സഹോദരാ! നോക്കൂ, ഇത് ഇതിനെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. കാണുന്നോ?

*...ഏഴുവരിൽ ഉൾപ്പെട്ടവനും തന്നെ; അവൻ നാശത്തിലേയ്ക്ക് പോകുന്നു* (എത്ര നാൾ അവൻ നിലനില്ക്കും? അവൻ അവരുടെ വ്യവസ്ഥയെ ഒരിക്കലും മാറ്റുന്നില്ല.)

*...നീ കണ്ട പത്തു കൊമ്പ് പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ച് ഒരു നാഴിക നേരത്തേയ്ക്ക് രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കും താനും.*

313 അത് സ്വേച്ഛാധിപതികൾ ആകുന്നു, തീർച്ചയായും. "ഇവർ ഒരേ അഭിപ്രായമുള്ളവർ," ഇപ്പോൾ ഇവിടെ ശ്രദ്ധിക്കുക. അത് കമ്മ്യൂണിസത്തെക്കുറിച്ചല്ല ഇവിടെ പറയുന്നത്. കാണുന്നോ?

*ഇവർ ഒരേ അഭിപ്രായമുള്ളവർ; തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിന്നു ഏല്പിച്ചു കൊടുക്കുന്നു.*

*അവർ കുഞ്ഞാടിനോടു പോരാടും; താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു കുഞ്ഞാടു തന്നോടുകൂടെയുള്ള വിളിക്കപ്പെട്ടവരും... തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും.*

*പിന്നെ അവൻ എന്നോടു പറഞ്ഞത്; നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും...പുരുഷാരങ്ങളും... ഭാഷകളും...ജാതികളും അത്രേ.*

*നീ കണ്ട പത്തു കൊമ്പും വേശ്യയെ ദ്വേഷിച്ച് ശൂന്യവും നഗ്നവുമാക്കി അവളുടെ മാസം തിന്നുകളയും* (കഴിഞ്ഞ രാത്രിയിൽ ഞാൻ അതിനെക്കുറിച്ച് പറഞ്ഞിരുന്നു.) *അവളെ തീകൊണ്ടു ദഹിപ്പിക്കുകയും ചെയ്യും.*

314 വലിയ കപ്പലുടമകളും മറ്റ് വ്യാപാരികളും, ആ നഗരത്തെ നോക്കു, "അയ്യോ അയ്യോ മഹാനഗരമെ! ഒരു മണിക്കുറുകൊണ്ട് നശിച്ചുപോയല്ലോ!" എന്നു ബൈബിളിൽ പറയുന്നത് നിങ്ങൾക്കറിയാം. കാണുന്നോ?

*ദൈവത്തിന്റെ വചനം നിവൃത്തിയാകുവോളം തന്റെ ഹിതം ചെയ്വാനും ഒരേ അഭിപ്രായം നടത്തുവാനും തങ്ങളുടെ രാജത്വം മൃഗത്തിന് കൊടുപ്പാനും ദൈവം അവരുടെ ഹൃദയത്തിൽ തോന്നിച്ചു.*

*...നീ കണ്ട സ്ത്രീയോ ഭൂരാജാക്കന്മാരുടെ മേൽ രാജത്വമുള്ള മഹാനഗരം തന്നെ.*

315 അങ്ങനെ ഒരെണ്ണം എന്നോട് പറയുക. റഷ്യ എല്ലാവരേയും അടക്കി ഭരിക്കുന്നില്ല. നാം എല്ലാവരെയും ഭരിക്കില്ല. നെബൂക്കദ്നേസർ രാജാവിന്റെ ആധിപത്യം ഭൂമിയിൽ എല്ലാ രാജ്യങ്ങളുടെ മേലും... നെബൂക്കദ്നേസർ ഒരു ഇരുമ്പുകോൽ അവർ എല്ലാവരെയും തള്ളവിരലിൻമേൽ ആക്കിയുരുന്നതുപോലെ ഒരു രാജാവ് മാത്രമായിരിക്കും രാജത്വം നടത്തുക. അത് റോം ആകുന്നു. റോം ഒരു സഭ എന്ന നിലയിൽ അത് ചെയ്യുകയില്ല; അത് ഒരു സഭ എന്ന നിലയിൽ അത് ചെയ്യും. ആകാശത്തിൽ കീഴിലുള്ള എല്ലാ രാജ്യങ്ങളും റോമിന് കീഴായിരിക്കും.

316 "ആർക്ക് അവനോട് യുദ്ധം ചെയ്യാൻ കഴിയും?" എന്ന് അവർ ചോദിച്ചതിൽ യാതൊരു അത്ഭുതവുമില്ല. "സമാധാനം," എന്ന് അവന്, പറയാൻ കഴിയും. അത് അതിനെ ഉറപ്പിക്കുന്നു. [ബ്രദർ ബ്രൺഹാം ഒരു തവണ വിരൽ നോടിക്കുന്നു—Ed.] ഓരോ കത്തോലിക്കനും പറയും, "അതെ, 'യുദ്ധം ചെയ്യരുത്,'" പിന്നെ അവർ യുദ്ധം ചെയ്യുകയില്ല. അത്രമാത്രം. "അവന് ചെയ്യാൻ കഴിയുന്നതു പോലെ ആർക്ക് ചെയ്യാൻ കഴിയും?" ആർക്കും കഴിയില്ല. അത് ശരിയാണ്. "അങ്ങനെ അവന് ചെയ്യാൻ കഴിയുന്ന അത്ഭുതങ്ങളെക്കുറിച്ച് അവർ ആശ്ചര്യപ്പെട്ടു." അവന് യുദ്ധം നിർത്താൻ കഴിയും. [ബ്രദർ

ബ്രഹാം ഒരു തവണ വിരൽ നോടിക്കുന്നു—Ed.] "നിർത്തുക," എന്നൊരു വാക്ക് മാത്രം പറഞ്ഞാൽ മതി. അത്രമാത്രം. എന്നാൽ അവൻ അത് ചെയ്യുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? തീർച്ചയായും ഇല്ല.

317 ശ്രദ്ധിക്കുക "അവർ അന്യോന്യം കൊല്ലണം. അവരിൽ ഒരാൾ മറ്റെയാളിനെ കൊല്ലണം," അതാണ് അത് കാണിക്കുന്നത്. ആദ്യം അവന്റെ വില്ലിൽ അമ്പുണ്ടായിരുന്നില്ല, എന്നാൽ അവന് കിട്ടിയ "വലിയ വാൾ," അത് ചെയ്തു. പിന്നീട് അവൻ തന്റെ കൊല നടത്തിയിട്ട് വെള്ളക്കുതിരയിൽ നിന്നും ചുവന്ന കുതിരയിലേക്ക് മാറി; അതേ വ്യക്തിതന്നെ, അതേ പിശാച് തന്നെ ശരിക്കും തന്റെ വാളുമായിട്ടാകുന്നു.

318 യേശു എന്താണ് പറഞ്ഞിരുന്നത്? യേശു പറഞ്ഞു, "വാളെടുക്കുന്നവൻ വാളാൽ നശിക്കും." തിരികെ യുദ്ധം ചെയ്യരുത്. കാണുന്നോ? യേശു പിടിക്കപ്പെട്ട അന്ന് രാത്രിയിൽ, പത്രൊസ് തന്റെ വാൾ എടുത്തപ്പോൾ യേശു അത് പറഞ്ഞിരുന്നു. കാണുന്നോ? അവൻ ചെയ്തതുപോലെ ചെയ്തുകൊണ്ട് മുമ്പോട്ട് പോകുക.

319 ഇപ്പോൾ ഓർക്കുക. അവന്റെ പക്കൽ ഒരു വാൾ ഉണ്ട്. തന്റെ കൈയ്യിൽ ഒരു വാളുമായി അവൻ പുറപ്പെട്ടുപോകുകയും; തന്റെ ചുവന്ന കുതിരയുടെ പുറത്തുകയറി, അവനോട് യോജിക്കാത്ത എല്ലാവരെയും കൊന്നിട്ട് ആ രക്തത്തിൽ കൂടെ മുന്നോട്ട് നീങ്ങുന്നു.

320 ഇപ്പോൾ നിങ്ങൾ ഇത് മനസ്സിലാക്കുന്നുണ്ടോ? [പള്ളിയിൽ കൂടിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ഇപ്പോൾ ഈ മുദ്ര എന്താണെന്ന് എത്രപേർക്ക് മനസ്സിലായി? ശരി, യേശു എന്താണ് പറഞ്ഞത്? "വാൾ എടുക്കുന്നവൻ വാളാൽ തന്നെ നശിക്കും." അത് ശരിയല്ലേ? ശരി. ശരി, ഈ കാലങ്ങളിൽകൂടെ രക്തസാക്ഷികളായി തീർന്ന വിശുദ്ധന്മാരുടെ രക്തം ചിന്തിയ ഈ കുതിരസവാരിക്കാരനായ സാത്താനെയും അവന്റെ എല്ലാ പ്രജകളെയും, യേശു വരുമ്പോൾ അവൻ തന്റെ വാളിനാൽ കൊല്ലും. "വാൾ എടുക്കുന്നവരെ വാളാൽ തന്നെ കൊല്ലും." അവർ എതിർക്രിസ്തുവിന്റെ മതസിദ്ധാന്തത്തിന്റെ വാൾ എടുത്തിട്ട്, കോടിക്കണക്കിന് യഥാർത്ഥവും സത്യവുമായ ആരാധനക്കാരെ കാലഘട്ടങ്ങളിൽകൂടെ കൊന്ന് ഒടുക്കികളഞ്ഞിരുന്നു, ക്രിസ്തു തന്റെ വാളുമായി വരുമ്പോൾ കാരണം അത് അവന്റെ വായിൽനിന്നും പുറപ്പെടുന്ന അവന്റെ വചനമാകുന്നു, അവന്റെ മുമ്പിലുള്ള എല്ലാ ശത്രുക്കളെയും അവൻ കൊന്നുകളയും. നിങ്ങൾ ഇത് വിശ്വസിക്കുന്നുണ്ടോ? "ശത്രുവിനെ നശിപ്പിച്ച് കളയും."

321 നമുക്ക് വെളിപ്പാട് പുസ്തകത്തിലേക്ക് കടക്കാം. ഞാൻ അത് വെറുതെ പറയുകയാണോ, അതോ വചനം പറയുകയാണോ എന്ന് നമുക്ക് നോക്കാം. വെളിപ്പാട് 19:11.

> *അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു;* (ആമേൻ) *ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു.*
>
> *അവന്റെ കണ്ണ് അഗ്നിജ്വാല...തലയിൽ അനേകം രാജമുടികൾ...*

322 ഓ, സഹോദരാ! നോക്കു, അവൻ വിശുദ്ധന്മാരാൽ കിരീടം അണിഞ്ഞിരിക്കുന്നു.

> *...എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ട്; അതു അവന്നല്ലാതെ ആർക്കും...അറിഞ്ഞുകൂടാ.*

323 ഓർക്കുക, അത് നമുക്ക്—നമുക്ക് കഴിയില്ല, നമുക്ക് അതറിയില്ല, അത് എന്താകുന്നു എന്ന് നമുക്കറിയില്ല. "അവൻ ഉടുപ്പ് ധരിച്ചിരുന്നു..." നമുക്കത് നോക്കാം.

> *അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; അവന്നു ദൈവവചനം എന്നു പേർ പറയുന്നു.* ("ആകുന്നു," എന്നല്ല "പേർ പറയുന്നു," എന്നാകുന്നു)

324 കാരണം, അവനും വചനവും ഒന്നുതന്നെ. കാണുന്നോ? ഇപ്പോൾ ശ്രദ്ധിക്കുക. "അവന്റെ പേരുകൾ," എന്നല്ല; ഊഹ്-ഹാ! അവന്റെ പേര് "ദൈവവചനം," എന്ന് വിളിക്കുന്നു. അതിന് ഒരു നാമം മാത്രമേ ഉള്ളൂ; മറ്റൊരു നാമവും ഇല്ല.

> *സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു* (അതു വിശുദ്ധന്മാരുടെ നീതിപ്രവർത്തികളാകുന്നു.)

325 ഇപ്പോൾ ശ്രദ്ധിക്കുക. യേശു എന്താണ് പറഞ്ഞിരുന്നത്? "വാൾ എടുക്കുന്നവനെല്ലാം..." ശരി, ചുവന്ന് കുതിര സവാരിക്കാരൻ, ഇവിടെ എവിടെ നിന്നാണ് വരുന്നത്? "വാൾ എടുക്കുന്നവൻ..." അവൻ ഒരുപക്ഷേ ആ സമയം മുതൽ ഈ കാലഘട്ടങ്ങളിൽക്കൂടെ അറുപത്തിയെട്ടു ദശലക്ഷം ജനങ്ങളെ കൊന്നു എന്നു വന്നേയ്ക്കാം, ഒരുപക്ഷേ അതിലും കൂടുതലാകാം. എന്നാൽ യേശു പറഞ്ഞു, "വാൾ എടുക്കുന്നവൻ വാളാൽ നശിക്കും." ശ്രദ്ധിക്കുക.

> *അവന്റെ വായിൽനിന്നും മൂർച്ചയുള്ള വാൾ പുറപ്പെടുന്നു.*

326 എബ്രായർ 4-ൽ പറയുന്നു, "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും, സന്ധിമജ്ജകളെയും വേറ് വിടുവിക്കുംവരെ തുളച്ച് ചെല്ലുന്നതും ആകുന്നു." ഈ വചനം എന്താണ് ചെയ്യുന്നത്? "അത് ഹൃദയത്തിന്റെ ചിന്തകളെയും ഭാവനകളെയും വിവേചിച്ചറിയുന്നു." ശരി.

*അവന്റെ വായിൽനിന്ന് മൂർച്ചയുള്ള വാൾ പുറപ്പെടുന്നു. അവൻ ഇരുമ്പു കോൽകൊണ്ട് അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക അവൻ മെതിക്കുന്നു:*

*രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു.*

327 ദൈവത്തിന്റെ വചനത്തിന് എതിരായിട്ടുള്ള, കപടനുകാരികൾ, ഇതുമായി യോജിക്കാത്തതിന്റെ കാരണത്താൽ, ഈ കാര്യം... സാത്താൻ അവന്റെ കീഴിലുണ്ടായിരുന്ന രാഷ്ട്രീയ അധികാരങ്ങളെയും ഒരുമിച്ചായി കൂട്ടി, യോജിപ്പിച്ച് ലോകം മുഴുവനും വ്യാപിച്ചിരിക്കുന്ന ഒരു സഭ അവൻ ഉണ്ടാക്കിയിരിക്കുന്നു. അവൻ വെള്ളക്കുതിരപ്പുറത്തു നിന്നും, ചുവപ്പ് കുതിരപ്പുറത്തേക്ക് ചാടിക്കയറി യാത്ര തുടങ്ങിയിട്ട്, അവൻ ദശലക്ഷം ദശലക്ഷം ജനങ്ങളെ...കൊന്നുകൊണ്ട്, തന്റെ വാൾ എടുത്തുകൊണ്ട് യാത്ര ചെയ്യുന്നു.

328 എന്നാൽ ദൈവം പറഞ്ഞു, "അവന്റെ തെറ്റായ ഉപദേശത്തിന്റെയോ, വഴിപിഴപ്പിക്കലോ, അതിനു ശ്രമിക്കുകയോ ചെയ്ത അതേ കാരണത്താൽ; അതേ ശക്തി തന്നെ അധികാരത്തിൽ എഴുന്നേറ്റിട്ട്, യേശുക്രിസ്തുവിന്റെ ചുണ്ടുകളിൽ നിന്നും അതു കടന്നു വരുകയും, അവനെയും, അവന്റെ മുന്നിലുള്ള സകലത്തെയും നശിപ്പിച്ചു കളയുകയും ചെയ്യും." ആമേൻ.

329 അതാണ് രണ്ടാം മുദ്ര. നിങ്ങൾ അവനെ സ്നേഹിക്കുന്നുണ്ടോ? [പള്ളിയിൽ കൂടിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ഓ, എന്റെ! അത് കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു എന്നതാകുന്നു. [പള്ളിയിൽ കൂടിരിക്കുന്നവർ വളരെ ആനന്ദിക്കുന്നു.] ദൈവത്തിന് സ്തുതിയായിരിക്കട്ടെ! മറ്റുള്ള ഈ എല്ലാ ദർശനങ്ങളും, വെളിപ്പാടുകളും, മറ്റുള്ളവയെല്ലാം കൃത്യമായും ആ പോയിന്റിൽ ചെന്നിടിച്ചു എങ്കിൽ! അത് എത്രപേരറയുന്നു? നിങ്ങളുടെ കൈ ഉയർത്തിയാലും. നൂറുകണക്കിനാളുകൾ, ഇവിടെയുള്ള എല്ലാവരും, കൈകൾ ഉയർത്തിയിരിക്കുന്നു. അത് ശരിയാണ്. അങ്ങനെ തന്നെയാകും ഇതും! ഓർക്കുക, അങ്ങനെ തന്നെയാകും. ഓ, സുഹൃത്തുക്കളെ!

രക്തത്താൽ നിറയപ്പെട്ട നീരുറവിയിലേയ്ക്ക് വരിക
ഇമ്മാനുവേലിന്റെ ഞരമ്പുകളിൽ നിന്നും നുകരുക;
അവിടെ പാപികൾ രക്തത്തിനടിയിലേയ്ക്ക് താഴുന്നു,
അവരുടെ പാപക്കറകളെയെല്ലാം ഉപേക്ഷിക്കുന്നു.

330 നിങ്ങൾ അവനിൽ വിശ്വസിച്ചിട്ടില്ലെങ്കിൽ, കടന്നു വരൂ, അവനിൽ വിശ്വസിക്കൂ. ഒരു ആനുകൂല്യത്തെയും നഷ്ടമാക്കരുത്; സുഹൃത്തേ നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും ഉണ്ടെങ്കിൽ, ചെയ്യരുത്, ചെയ്യരുത്.

331 ഞങ്ങൾ ഇവിടെയുണ്ട്. എന്തോ ചിലത് സംഭവിക്കാൻ പോകുന്നു. [ബ്രദർ ബ്രൺഹാം പ്രസംഗവേദിയിൽ നാലു പ്രാവശ്യം മുട്ടുന്നു—Ed.] എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. എപ്പോഴാണെന്ന് എനിക്കറിയില്ല. എന്താണ് സംഭവിക്കാൻ പോകുന്നു എന്നെനിക്കറിയാം, എന്നാൽ അത് എപ്പോൾ സംഭവിക്കാൻ പോകുന്നു എന്നെനിക്കറിയില്ല. എന്നാൽ അത് സംഭവിക്കേണ്ടതുണ്ട്, എന്തുകൊണ്ടെന്നാൽ അവൻ അത് ഇപ്പോൾ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. അവൻ അറിയിക്കാതെ യാതൊന്നും തന്നെ ചെയ്തിട്ടില്ല. ആമോസ് 3. ആദ്യം, അവൻ അറിയിക്കുന്നു. ഈ അവസാന നാൾക്കളിൽ ഈ കാര്യം സംഭവിക്കുമെന്നു അവൻ മുന്നമേ പറഞ്ഞിരിക്കുന്നു. ഏഴാം സഭാ കാലത്തിന്റെ, അതിന്റെ അവസാനത്തിങ്കൽ, സന്ദേശ വാഹകൻ വന്നു കഴിയുമ്പോൾ, അത് അവിടെ സംഭവിക്കും. അത് വെളിപ്പെടുത്തിയിരിക്കും, ആ ഏഴു മുദ്രകളും വെളിപ്പെടുത്തുമെന്നും, അത് ഇവിടെ ആയിരിക്കുകയും ചെയ്യുന്നു. ഇപ്പോൾ, അത് കർത്താവിന്റെ നാമത്തിലാണ്. അത് വിശ്വസിക്കൂ സുഹൃത്തെ. അതെ, ശ്രീമാൻ. ബാബിലോണിൽ നിന്നും പുറപ്പെട്ടു പോരുക!

332 അവസാനിപ്പിക്കും മുമ്പ് ഞാൻ ചിലത് പറയാൻ ആഗ്രഹിക്കുന്നു. കാരണം, ഞാൻ...ഞാൻ ഒമ്പതരയോടു അടുക്കുന്നതേയുള്ളൂ. ഇപ്പോൾ ഇതാണ് ശരിയായ സമയം.

333 ഇൻഡ്യയിലേയ്ക്കുള്ള, ഞങ്ങളുടെ കഴിഞ്ഞ അവസാന യാത്രയിൽ, ബില്ലിയും ഞാനും, ഞങ്ങൾ വിമാനത്തിൽ നിന്നും ഇറങ്ങിയതേയുള്ളൂ. അവർ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു—ഒരു പത്രത്തിലേയ്ക്ക് ഞാൻ നോക്കുകയായിരുന്നു. അതിൽ ഇങ്ങനെ പറയുന്നുണ്ടായിരുന്നു, “ഭൂമി കുലുക്കം അവസാനിച്ചിരിക്കാം; പക്ഷികൾ മടങ്ങി വരുന്നു.” അതുകഴിഞ്ഞ് അതിനെക്കുറിച്ച് വിശദമായി എഴിതിയിരിക്കുന്നു. അവർ...അവിടെ ചില രസകരമായ കാര്യം സംഭവിച്ചു.

334 ഇൻഡ്യയിൽ നമുക്കുള്ളതുപോലെ നെയ്യപ്പെട്ട വേലികളില്ല. അവർ കല്ല് പെറുക്കിവെച്ചാണ്, ചുറ്റുമതിൽ ഉണ്ടാക്കുന്നത്. അവരുടെ വളരെയധികം വീടുകളും കല്ലിനാൽ പണിയുന്നു, അവിടെ ഒന്നിനു മേലെ മറ്റൊന്നു പെറുക്കി വെയ്ക്കുക മാത്രം ചെയ്യുന്നു. അവിടെ ചുറ്റും നല്ല ചൂടാണ്, എവിടെയായാലും, നിങ്ങൾ ഒരു മലയുടെ മുകളിലേയ്ക്ക് പോകാതിരിക്കുന്നിടത്തോളം എവിടെയായാലും വളരെ നല്ല ചൂടാണ്. കൽക്കട്ടയിലും മറ്റും, ജനങ്ങൾ തെരുവിൽ കിടന്നു, പട്ടിണിയാലും, മറ്റും മരിക്കുന്നു.

335 ഇപ്പോൾ, അങ്ങനെ, അവരുടെ വീടുകൾ, അവരുടെ വീടുകളെ അവർ ഗോപുരങ്ങളായാണ് പണിയുന്നത്. ചുറ്റുവേലികൾ അവർ അതിനു ചുറ്റുമായി പണിതിട്ട്, അതിനെ അവരുടെ വീടിനോടു ചേർന്നും പണിയുന്നു. ഗോപുരം ചിലനേരങ്ങളിൽ അവരുടെ കിണറിന്റെ അടുത്തായിട്ടായിക്കാം പണിയുക. അവരുടെ കന്നുകാലികളുടെ അകിടിനും മറ്റുമായിട്ട്, അവരുടെ ചുറ്റുമതിൽ ചുറ്റിനും പണിയുന്നു.

336 നോടി നേരം കൊണ്ട്, എന്തോ സംഭവിക്കാൻ തുടങ്ങി. ചെറിയ കുരുവികളും, അവർ പാറയുടെ ഉള്ളിൽ പോയാണ്, അവയുടെ കുഞ്ഞുങ്ങൾക്കായി കൂടുണ്ടാക്കുന്നത്. എന്തോ ചിലത് സംഭവിക്കാൻ തുടങ്ങി.

337 ഓരോ ദിവസവും, ചൂടായിക്കഴിയുമ്പോൾ; തണുപ്പിക്കാനായി, എല്ലാ കന്നുകാലുകളും ആ മതിലിന്റെ നിഴലിനു ചുറ്റും വന്നു നിൽക്കുക പതിവാണ്.

338 എല്ലാ ചെറിയ കുരുവികളും ആ സ്ഥലത്താണ് വസിച്ചു പോന്നത്. എല്ലാം പെട്ടന്നായിരുന്നു, പറയാൻ സാധിക്കാത്ത എന്തോ കാരണത്താൽ...ആ ചെറിയ കുരുവികളെല്ലാം, കഴിഞ്ഞ ദിവസം ചെറിയ കുരുവികളെക്കുറിച്ച് നാം എന്തു പറഞ്ഞെന്നു നമുക്ക് എല്ലാവർക്കും അറിയാം. കാണുന്നോ? അറിയാൻ സാധിക്കാത്ത എന്തോ ചില കാരണത്താൽ, അവ എല്ലാം പറന്നുയർന്നു. അവ പുറപ്പെട്ടു പോയി, അവയുടെ കൂട്ടിലേയ്ക്ക് തിരികെ വന്നില്ല. അവർ നേരെ തുറസായ സ്ഥലത്ത്, അവ മരങ്ങളിലും, അവയ്ക്ക് എവിടെയെല്ലാം ഇരിക്കാൻ സാധിച്ചോ അതല്ല നിലത്തായാലും ശരി അവിടെയെല്ലാം ഇരുന്നു.

339 കന്നുകാലികൾ ചുറ്റുമായി വന്നില്ല. ആടുകൾ ചുറ്റുമായി വന്നില്ല. അവ അവിടെ പുൽത്തകിടിയിൽ ആയിരുന്നിട്ട്, ഒന്നിനോട് ഒന്ന് ചാരി അവിടെ തന്നെ നിന്നു. അത് ചെയ്യുന്നത് ഒരു നല്ല രീതിയാണ്. എന്തോ സംഭവിക്കാൻ പോകുന്നു എന്ന് അവ അറിഞ്ഞിരുന്നു.

340 അതിനുശേഷം, പെട്ടെന്ന് ഒരു ഭൂകമ്പം ഉണ്ടായിട്ട് അത് മതിലുകളും വേലികളും എല്ലാം നിലം പരിശാക്കി.

341 അതിനുശേഷം പക്ഷികൾ തിരിച്ചുവരാൻ തുടങ്ങി. മൂന്നുനാലു ദിവസമായി അവ വന്നിരുന്നില്ല. അതിനുശേഷം അവ തിരികെ വരാൻ തുടങ്ങി. ജനങ്ങൾ പറഞ്ഞു "ഭൂകമ്പം ഇപ്പോൾ തീർന്നിരിക്കണം. പക്ഷികൾ തിരികെവരാൻ തുടങ്ങിയിരിക്കുന്നു."

342 എന്തുകൊണ്ടാണ്? നോഹയുടെ കാലത്ത് പക്ഷികളെയും ആട്ടുമാട്ടുകളെയും പെട്ടകത്തിലേക്ക് പോകാവാൻ കഴിയുമാറാക്കിയ അതേ ദൈവം തന്നെയാണ് ഇപ്പോഴുള്ളതെന്നും അവൻ തന്നെ ആ പക്ഷികളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് പറന്നുപോകാൻ കഴിയുമാറാക്കിയതെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അത് ശരിയല്ലേ? [പള്ളിയിൽ കൂടിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.]

343 ഇപ്പോൾ ഞാൻ നിങ്ങളോട് ചിലതു പറയട്ടെ, സഹോദരാ. എന്തോ സംഭവിക്കാൻ പോകുന്നു. ഈ വലിയതും പഴയതുമായ പൗരോഹിത്യ ആചാര മുദ്രകളുടെ ഭിത്തികൾ എല്ലാം തകർന്ന് തരിപ്പണമാകുവാൻ പോകുകയാണ്, അവയെല്ലാം നേരെ പിമ്പോട്ട് പോയി, യോജിപ്പിലാകും. കാരണം, ഞാൻ ഇവിടെ നില്ക്കുന്നത് തീർച്ചയായിരിക്കുന്നതുപോലെ, അവർ അത് ചെയ്യാൻ പോകുകയാണ്. ഞാൻ ഇവിടെ നില്ക്കുന്നത് തീർച്ചയായിരിക്കുന്നതു പോലെ, "മൃഗത്തിന്റെ ഒരു പ്രതിമ ഉണ്ടായിരിക്കും;" കർത്താവിന്റെ വചനം പ്രകാരം ഈ ദേശം അത് അംഗീകരിക്കും. ശ്രദ്ധിക്കുക. ആ ചെറിയ വിചിത്രമായ തോന്നൽ നിങ്ങൾക്ക് അനുഭവപ്പെടുമ്പോൾ, ഈ മതിലുകൾക്കപ്പുറത്തുനിന്നും മാറിപ്പോകുവിൻ. മാറിപ്പോകുവിൻ! നിങ്ങൾ അവിടെ മരിച്ച് വീഴും. അത് ചെയ്യരുത്! അതിൽനിന്ന് പുറത്ത് വരുക! ഈ കാര്യങ്ങളിൽ നിന്നെല്ലാം മാറിനിന്നുകൊള്ളുക! നിങ്ങളാൽ കഴിയുന്നത്രയും വേഗത്തിൽ സുരക്ഷിത സ്ഥാനത്തേക്ക് ഓടിക്കൊള്ളുക. ദൈവത്തോട് കരുണക്കായി അപേക്ഷിക്കുക.

344 നിങ്ങൾ എന്തെങ്കിലും, ഇതുപോലെയുള്ള, "കൊള്ളാം, എന്റെ അമ്മ മോഥോഡിസ്റ്റായിരുന്നു; അതുകൊണ്ട് ഞാനും അതുപോലെ ആയിരിക്കണം. എന്റെ അപ്പൻ ബാപ്റ്റിസ്റ്റായിരുന്നു; ഞാനും ആയിരിക്കും." നിങ്ങൾ അങ്ങനെ ചെയ്യരുത്. നിങ്ങൾ അങ്ങനെ യാതൊരു അവസരവും എടുക്കരുത്.

345 അത് കാഴ്ചയിൽ എത്ര എളിമയും താഴ്മയുള്ളതുമായി തോന്നിയാലും ഞാൻ കാര്യമാക്കുന്നില്ല; ഇത് കർത്താവിന്റെ വചനമാകുന്നു. നിങ്ങൾ യേശുക്രിസ്തുവിലേയ്ക്ക് നിങ്ങൾക്ക് കഴിയാവുന്നത്രയും വേഗത്തിൽ ഓടിയിട്ട്, ദൈവം നിങ്ങളെ പരിശുദ്ധാത്മാവ് കൊണ്ട്

നിറക്കുന്നതുവരെ അവിടെ ആയിരിക്കുക. കാരണം നിങ്ങൾ അതിനുവേണ്ടി തേടുന്ന നാഴിക വരാൻ പോകുകയാണ്, അത് അവിടെ ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് അത് ചെയ്യുന്ന കാര്യത്തിൽ ഉറപ്പായിരിക്കുക.

ഒരു നിമിഷം, നമ്മുടെ തലകളെ വണങ്ങാം.

346 സ്വർഗ്ഗീയ പിതാവേ, ഓ, ഞാൻ—ഞാൻ പലപ്പോഴും കർത്താവേ, ഇവിടെ നടുക്കത്തോടെ നില്ക്കുന്നു. ആ ഭയങ്കരമായ നാഴിക അടുത്തു വരുന്നതിനെക്കുറിച്ച് ഞാൻ...ചിന്തിക്കുകയും അതിനെ തടയാൻ യാതൊരു വഴിയുമില്ല. അത് വരുമെന്ന് മുൻകൂട്ടി പറയപ്പെട്ടിരിക്കുന്നു. "ജനങ്ങൾ എന്തുകൊണ്ടാണ് കേൾക്കുന്നില്ല എന്ന് ഞാൻ ഓർത്തുപോകുന്നു അവർ വന്ന് ഇത് സ്വീകരിക്കുകയില്ലേ?" എന്നാൽ, തീർച്ചയായും, അവർ വരില്ല എന്ന് നീ പറഞ്ഞിരിക്കുന്നതായി ഞാൻ അറിയുന്നു, അതുകൊണ്ട് അവർ വരുന്നില്ല.

347 എന്നാൽ അവരിൽ ചിലരുടെ പേരുകൾ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയവരായിട്ടുണ്ട്. മുദ്രകൾ തുറന്ന് കാണിക്കപ്പെട്ടപ്പോൾ, അവർ അവരുടെ പേരുകൾ അവിടെ കാണുകയും, പരിശുദ്ധാത്മാവ് അവരോട് സംസാരിക്കുകയും ചെയ്തിരുന്നു. അവർ വന്നിരിക്കുന്നു. നിനക്ക് അവരെ മാറ്റിനിർത്താൻ കഴിയില്ല; ആർക്കും കഴിയില്ല, ആർക്കുമാകില്ല. എങ്ങനെ ഒക്കെ ആയാലും അവർ വരുന്നു, എന്തുകൊണ്ടാണെന്നാൽ, ആ ചെറിയ പക്ഷികളെയും, ആടുകളെയും മാടുകളെയും നയിച്ചതുപോലെ, നീ അവരെ നയിക്കുന്നു. അങ്ങ് ദൈവമാകുന്നു! ആ മൃഗങ്ങൾക്ക് എന്തോ ഒരു സഹജവാസന ഉണ്ടായിട്ട്, അവിടെനിന്നും പുറത്തുകടക്കണമെന്ന് അവ അറിഞ്ഞിരുന്നു! ആ സഹജവാസനക്ക് ഒരു മൃഗത്തെ വരുവാൻ പോകുന്ന അപകടത്തിൽ നിന്നും ഓടി രക്ഷപ്പെടുന്നതിന് മുന്നറിപ്പ് നല്കാൻ കഴിയുമെങ്കിൽ, പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു എന്ന് അവകാശപ്പെടുന്ന ഒരു സഭക്ക് അത് എത്ര അധികം ആയിരിക്കണം!

348 ദൈവമെ, ഞങ്ങളോട് കരുണയുണ്ടാകണമെ. കർത്താവേ ഞങ്ങളുടെ കുറവുകളെ എല്ലാം, ഞങ്ങളോട് ക്ഷമിക്കേണമെ. ഈ പ്രസംഗപീഠത്തിൽ ഇവിടെ നിന്നുകൊണ്ട്, ഈ ഭിത്തിക്ക് ചുറ്റുമായി നില്ക്കുന്ന ജനങ്ങളെ അവരുടെ കാലുകൾ വേദനിക്കുന്നു അതിനുശേഷം ഇവിടെനിന്നും അവർ പോകുമ്പോൾ, "കൊള്ളാം അത് നന്നായിരുന്നു," എന്ന് പറഞ്ഞുകൊണ്ട് പോകുന്നതിന് ഞങ്ങൾ അർത്ഥമാക്കുന്നില്ല. കർത്താവേ, അതിനെക്കുറിച്ച് എന്തെങ്കിലും ഞങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു. നീ ഞങ്ങളുടെ ഹൃദയങ്ങളെ

തിരഞ്ഞറിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കർത്താവേ, എന്തെങ്കിലും തെറ്റായിട്ടുണ്ടെങ്കിൽ, ഇപ്പോൾ തന്നെ ഞങ്ങളെ അത് അറിയാനിടയാക്കണമെ. അങ്ങു ദൂരെയായി കാലം വൈകിപ്പോയ ഒരു നാഴികയിലേക്ക് ദയവായി ഞങ്ങളെ കടന്നു പോകാനിടയാക്കരുതെ. കർത്താവേ, എന്നെ ശോധന ചെയ്യേണമെ.

349 ജനങ്ങളോടു പറയുന്നതിനായി, ആ മുദ്രകൾ അങ്ങ് അകലെ തുറക്കപ്പെടുന്നതും, കടന്നു വരുന്നതും കണ്ടുകൊണ്ട്, ഇവിടെ, ദൈവത്തിന്റെ കൃപയാൽ ഞാൻ നില്ക്കുന്നു. ആഴ്ചകൾക്കു മുമ്പു തന്നെ, അത് ഈ വിധത്തിൽ സംഭവിക്കുമെന്നു, നീ മുൻകൂട്ടി പറഞ്ഞിരുന്നു. ഇപ്പോൾ, പിതാവെ, അത് ഇവിടെ, നേരെ ഞങ്ങളുടെ മുന്നിലായിരിക്കുന്നു.

350 ഇപ്പോൾ, കർത്താവെ, എന്നെ ശോധന കഴിക്കേണമെ. എന്റെ ഹൃദയത്തിൽ, എന്നെ പരിശോധിക്കേണമെ. കർത്താവെ, ഞങ്ങൾ ആഗ്രഹിക്കുന്നില്ല...ഞങ്ങൾ, ഞങ്ങളുടെ ജീവിതങ്ങളിലേയ്ക്ക് നീ തന്നെ നോക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവിടെ ശരിയല്ലാത്ത എന്തെങ്കിലും ഉണ്ടെങ്കിൽ, അതു ഇപ്പോൾ തന്നെ ഞങ്ങളോടു പറയേണമെ, കർത്താവെ. ഇപ്പോൾ തന്നെ, രക്തത്താൽ നിറഞ്ഞിരിക്കുന്ന ഒരു ഉറവ ഉള്ളപ്പോൾ, ഞങ്ങളുടെ അവിശ്വാസങ്ങളെയും ഞങ്ങളുടെ പാപങ്ങളെയും ശുദ്ധീകരിക്കാനുള്ള ബ്ലീച്ച് ഉള്ളപ്പോൾ തന്നെ, ഞങ്ങൾ അതിനെ നേരെയാക്കാൻ ആഗ്രഹിക്കുന്നു. അതിന്റെ കീഴിൽ ഞങ്ങളുടെ പ്രാണനുകളെ മുക്കാൻ ആഗ്രഹിക്കുന്നു. കർത്താവെ, ഞങ്ങളുടെ അവിശ്വാസത്തെ സഹായിക്കേണമെ; കർത്താവെ, അതു ഞങ്ങളിൽ നിന്നും എടുത്തു മാറ്റേണമെ.

351 മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടലിന്റെ കൃപ സ്വീകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സഭ എടുക്കപ്പെടാൻ വേണ്ടിയുള്ള, ആ നിഗൂഢമായ ഇടിമുഴക്കങ്ങൾ അങ്ങ് അകലെ ഉണ്ടാകുമ്പോൾ, അതിനെ സ്വീകരിക്കാൻ തക്കവണ്ണം തയ്യാറായിരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അത് അനുവദിക്കേണം, കർത്താവെ.

352 അവിടുത്തെ വചനത്താൽ, കർത്താവെ, ഞങ്ങളെ ശോധന ചെയ്യേണമെ. ഞങ്ങളെ അതിലേയ്ക്ക് നോക്കാൻ അനുവദിക്കേണമെ. ഞങ്ങൾ തോല്വിയടഞ്ഞിരിക്കുന്നു എന്നു ഞങ്ങൾ തന്നെ കാണുന്നെങ്കിൽ...വാസ്തവമായ സത്യ സ്നാനത്തെക്കുറിച്ച് ഒന്നുമറിയാതെ; സ്ഥാനപ്പേരുകളിൽ സ്നാനമേറ്റ്, ഇവിടെ ആയിരിക്കുന്നവരായിട്ട് ആരെങ്കിലും ഉണ്ടെങ്കിൽ കർത്താവെ. പൌലൊസ് വിശ്വസ്ഥനായിരുന്നതുപോലെ ഞാനും...

353 അവൻ എഫെസോസിന്റെ കടൽത്തീരത്തു കൂടെ കടന്നു പോകുമ്പോൾ, ശിഷ്യന്മാർ അലറിവിളിക്കുകയും, ആർപ്പിടുകയും ചെയ്തിട്ട്, അവർക്ക് ഒരു മഹത്തായ സമയമുണ്ടായിരുന്നതു കണ്ടു. അവൻ അവരോടു ചോദിച്ചു, “നിങ്ങൾ വിശ്വസിച്ചതു മുതൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുവോ?” അങ്ങനെ എന്തെങ്കിലും ഉണ്ടെന്നു പോലും അവർക്കറിയില്ലായിരുന്നു. അവൻ ചോദിച്ചു, “പിന്നെ നിങ്ങൾ എന്തിലേയ്ക്കായിരുന്നു സ്നാനമേറ്റത്?” അവർ ആ മഹാനും വിശുദ്ധനുമായിരുന്ന പ്രവാചകനാലാണ് സ്നാനമേറ്റിരുന്നത്, എന്നാൽ അവർ മാനസാന്തര സ്നാനമാണ് ഏറ്റിരുന്നത്. പിന്നെയും അവർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റു. കാരണം പൌലൊസ് അവരോടു വീണ്ടും സ്നാനമേൽക്കാൻ കല്പിച്ചിരുന്നു.

കർത്താവെ, നിന്റെ വചനത്തിന്റെ വെളിച്ചത്താൽ!

354 കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റിട്ടില്ലാത്ത, ഓരോ വ്യക്തയോടും, നിങ്ങൾക്ക് ഒരു സാദ്ധ്യതയുള്ളപ്പോൾ, പെട്ടെന്നു തന്നെ, വളരെ വേഗം വെള്ളത്തിലേയ്ക്ക്, പോകാനായി ഞാൻ കല്പിക്കുന്നു.

355 നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിട്ടില്ലെങ്കിൽ; നിങ്ങളുടെ മുട്ടുകളിന്മേൽ വീഴാനായി, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ കല്പിക്കുന്നു. പരിശുദ്ധാത്മാവ് സമ്പൂർണ്ണമായി ശുദ്ധീകരിച്ചിട്ട്, അവന്റെ സ്നേഹത്താലും നന്മയാലും നിറയപ്പെടുവോളം, അവിടെ നിന്നും എഴുന്നേല്ക്കരുത്; നിങ്ങളുടെ പ്രാണൻ ദൈവത്തിന്റെ സാന്നിദ്ധ്യം കൊണ്ടു തൃപ്തിയടയുവോളം, അതിനാൽ നിങ്ങളുടെ മുഴുവൻ ആഗ്രഹവും, ബാക്കിയുള്ള നിങ്ങളുടെ ജീവിതത്തിൽ, അവനോടു കൂടെ നടന്നു, അവനെ സേവിക്കുക എന്നതും, അവനുമായി പ്രവർത്തിക്കുവാനുമായിരിക്കും.

356 ഇത് അനുവദിക്കേണമെ. ഈ നിർദ്ദേശത്തെ, യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവം നിങ്ങൾക്ക് തരാനായി ഞാൻ പ്രാർത്ഥിക്കുന്നു.

ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ
സ്നേഹിക്കുന്നു,
എന്തെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു.

വാസ്തവമായും നിങ്ങൾ അവനെ സ്നേഹിക്കുന്നോ? നിങ്ങൾ നിങ്ങളുടെ കൈ ഉയർത്തിപ്പിടിച്ചാലും

എൻ രക്ഷയെ വിലയ്ക്കു വാങ്ങി
കാൽവരി മരത്തിന്മേൽ.

357 [ബ്രദർ ബ്രൺഹാം *ഞാൻ അവനെ സ്നേഹിക്കുന്നു* മൂളിപ്പാടാൻ തുടങ്ങുന്നു—Ed.] ഇരിക്കുന്ന ആരെങ്കിലും, ഇന്നു രാത്രിയിൽ അവരുടെ ആവശ്യമാണെന്നു തോന്നുന്നെങ്കിൽ, അവർ സ്നാനമേല്ക്കേണ്ടതുണ്ടെന്ന് തോന്നുന്നെങ്കിൽ, അതല്ല പരിശുദ്ധാത്മാഭിഷേകത്തിന്റെ ആവശ്യക്കാരാണെങ്കിൽ. നിങ്ങളുടെ ആവശ്യം നിങ്ങൾക്കറിയാം; അത് നിങ്ങൾക്ക് വെളിപ്പെട്ടുത്തിയിരിക്കുന്നു, നിങ്ങൾ പ്രാർത്ഥനയിൽ ഓർക്കപ്പെടാൻ ആഗ്രഹിക്കുന്നു. അത് ഞങ്ങളിൽ ആർക്കും തന്നെ തരാൻ കഴിയില്ല, പരിശുദ്ധാത്മാവിനെ ഞങ്ങൾക്ക് തരാൻ സാധിക്കില്ല. ദൈവത്തിന്, മാത്രമേ അത് ചെയ്യാനാകു. എന്നാൽ നിങ്ങളുടെ ആവശ്യം നിങ്ങളെ തൊട്ടുന്നു, അത് നിങ്ങൾക്ക് ആവശ്യമായിരിക്കുന്നു, എന്നു ദൈവം നിങ്ങളുടെ ഹൃദയത്തിൽ സംസാരിക്കുന്നു, മാത്രമല്ല നിങ്ങളെ ഞങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കാനായും നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾ ആരെല്ലാമാണെന്നു, ഞങ്ങൾക്ക് അറിയാനായി, നിങ്ങൾ ഒന്നു എഴുന്നേല്ക്കുമോ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഒരു ആവശ്യമോ? കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ.

358 ഏകദേശം നൂറ്റയമ്പതോളം പേർ, ഒരുപക്ഷേ, ഇവിടെ എഴുന്നേറ്റു നിൽക്കുന്നുണ്ടെന്നു ഞാൻ അനുമാനിക്കുന്നു. എനിക്ക് എല്ലാവരെയും കാണാൻ കഴിഞ്ഞാൽ, ഏകദേശം അത്രയുമായിരിക്കും. പുറത്തു ചുറ്റിലും, മുറികൾക്ക് അകത്തും, മറ്റുമായി എത്രപേരുടെ കൈകൾ ഉയർത്തിയിരിക്കുന്നു എന്ന് എനിക്കറിയില്ല. എന്നാൽ നിങ്ങൾക്ക് ഒരാവശ്യമുണ്ടായിരിക്കുന്നു.

ഇപ്പോൾ നമുക്ക് പ്രാർത്ഥിക്കാം.

359 ഇപ്പോൾ, നിങ്ങളുടെ അടുത്തായി നിൽക്കുന്നവരെ നിങ്ങൾ കാണുന്നു. അവർ ക്രിസ്തുവിനു മുമ്പാകെ, ഒരു സാക്ഷിയായിട്ടാണ് നിൽക്കുന്നത്, "എനിക്ക്—എനിക്ക്—എനിക്ക് നിന്നെ ആവശ്യമുണ്ട് കർത്താവെ. എനിക്ക് നിന്നെ ആവശ്യമുണ്ട്. ഞാൻ—ഞാൻ വിശ്വാസമർപ്പിക്കുന്നു, ലോകാരംഭം മുതല്ക്കേ, വിദൂരമായുള്ള ആ മുദ്രകളുടെ പുറകിലായി എന്റെ പേരും കണ്ടുപിടിക്കാൻ സാധിച്ചവരുടെ കൂട്ടത്തിൽ ഞാനും—ഞാനും ഉണ്ടാകും. എന്തെ ചിലത് എന്റെ ഹൃദയത്തിൽ വന്നുമുട്ടി, കർത്താവേ, ഞാൻ നില്ക്കുന്നു. അത് ഞാനാണോ? നീ എന്നെ വിളിക്കുകയാണോ? എന്റെ പേര് അവിടെയുണ്ടെന്ന്, നീ തന്നെ എനിക്ക് വെളിപ്പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവിനാൽ, എന്നെ നിറച്ച്, നിന്നിലേയ്ക്ക് എന്നെയും മുദ്രയിട്ടാലും." മുന്നമേ തന്നെ മുദ്രയിടപ്പെട്ട് അകത്തായിരിക്കുന്നവർ, നിങ്ങളുടെ ഇരിപ്പിടങ്ങളിൽ നിന്നും

എഴുന്നേല്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവരിലേയ്ക്ക് തിരിഞ്ഞ്, അവരുടെ മേൽ നിങ്ങളുടെ കൈകളെ വെച്ചുകൊണ്ട്, അവർക്കായി പ്രാർത്ഥിക്കുക. [ബ്രദർ ബ്രൺഹാം നിർത്തിയിരിക്കുന്നു.] ഇപ്പോൾ നിങ്ങൾ തികച്ചും ആത്മാർത്ഥത ഉള്ളവരായിരിക്കുക. [മുഴുവൻ കൂട്ടായ്മയും പ്രാർത്ഥിക്കാൻ തുടങ്ങുന്നു—Ed.]

360 സ്വർഗ്ഗീയ പിതാവെ, കർത്താവായ യേശുവിന്റെ നാമത്തിൽ, പരിശുദ്ധാത്മാവ് ശ്രോതാക്കളുടെ മേൽ, ഒരു ശക്തിയേറിയ കാറ്റായി സഞ്ചരിക്കാൻ ഇടയാക്കി, ഇവിടെയുള്ള ഓരോ ഹൃദയത്തെയും വിളിക്കേണമെ. ഈ ജനങ്ങളുടെ മേൽ, പരിശുദ്ധാത്മാവിന്റെ സ്നാനത്തെ അയയ്ക്കേണമെ.

അവിടെ വെള്ളം തയ്യാറാണ്.

361 "പത്രൊസ് ഈ വാക്കുകളെ പ്രസ്ഥാവിക്കുമ്പോൾ തന്നെ, വചനം കേട്ട എല്ലാവരുടെയും മേൽ പരിശുദ്ധാത്മാവ് വന്നു, അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു."

[പള്ളിയിൽ കൂടിയിരിക്കുന്നവർ എല്ലാവരും തുടർന്നും പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു—Ed.]

***രണ്ടാം മുദ്ര*** MAL63-0319

(The Second Seal)

ഏഴ് മുദ്രകളുടെ വെളിപ്പാടിന്റെ തുടർച്ച

അമേരിക്കയിൽ, ഇൻഡ്യാനെയിലെ, ജെഫെർസൺവില്ലെ, ബ്രൺഹാം കൂടാരത്തിൽ വെച്ച്, 1963 മാർച്ച മാസം 19-ാം തീയതി, ചെവ്വാഴ്ച വൈകിട്ട്, ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനെ, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ, കൃത്യമായി ഇംഗ്ലീഷിൽ പകർത്തിയിരിക്കുന്നു. ഈ മലയാളം പരിഭാഷ Voice Of God Recordings-ൽ നിന്നും പ്രിന്റ് ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2018 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org